

പ്രത്യേക റിപ്പോർട്ട് : വേതനം, സുരക്ഷ, അന്തസ്സ്, ആഹോയ് !

പേജ് - 12-17

» വാല്യം 1, ലക്കം 7

# ന്യൂ ഇന്ത്യ സമാചാർ

» ഒക്ടോബർ 1-15, 2020
സൗജന്യ വിതരണത്തിന്



പ്രത്യേക പതിപ്പ് : കാർഷിക, തൊഴിൽ പരിഷ്കാരങ്ങൾ

## സ്വയംപര്യാപ്തരായ കർഷകർ; സ്വയംപര്യാപ്ത ഇന്ത്യ

കിംവദന്തികളെയും പ്രതിഷേധങ്ങളെയും മറികടന്ന് ഗവൺമെന്റ് സ്വീകരിച്ച വിപ്ലവാത്മകമായ ചുവടുവെപ്പുകൾ കർഷകരെ ഇടനിലക്കാരുടെ പിടിയിൽ നിന്ന് സ്വതന്ത്രരാക്കും



# യാത്രാമൊഴി പ്രണബ് ദാ...

*മുൻ രാഷ്ട്രപതി ഭാരത് രത്ന പ്രണബ് മുഖർജി 2020 ഓഗസ്റ്റ് 31ന് വിടവാങ്ങി. പ്രധാനമന്ത്രി നരേന്ദ്ര മോദി എല്ലായ്പ്പോഴും അദ്ദേഹത്തോടൊപ്പം മികച്ച സഹകരണത്തിലാണ് പ്രവർത്തിച്ചത്. രാഷ്ട്രീയ ജീവിതത്തിൽ നിന്ന് വിരമിക്കുന്നതായുള്ള പ്രണബ് മുഖർജിയുടെ പ്രഖ്യാപന സമയത്ത് പ്രധാനമന്ത്രി വളരെ വൈകാരികമായി ഇങ്ങനെ കുറിച്ചു: ' "നിങ്ങൾ എല്ലായ്പ്പോഴും എനിക്ക് പിതൃതുല്യനും മാർഗദർശിയുമായിരുന്നു. നിങ്ങളുടെ അറിവും മാർഗനിർദേശവും വ്യക്തിപരമായ സൗഹൃദവും എനിക്ക് വലിയ അളവിൽ ആത്മവിശ്വാസവും ശക്തിയും നൽകിയിട്ടുണ്ട്."*

“ഭാരത് രത്ന പ്രണബ് മുഖർജിയുടെ വേർപാടിൽ ഇന്ത്യ അനുശോചനം രേഖപ്പെടുത്തുന്നു. നമ്മുടെ രാജ്യത്തിന്റെ വികസനത്തിൽ എക്കാലത്തേയ്ക്കും നിലനിൽക്കുന്ന സംഭാവനകളാണ് അദ്ദേഹം നൽകിയത്. മികച്ച പണ്ഡിതനും ഉന്നതനായ രാജ്യതന്ത്രജ്ഞനുമായ അദ്ദേഹത്തെ രാജ്യം മുഴുവൻ ആദരിച്ചിരുന്നു ”

**പ്രധാനമന്ത്രി നരേന്ദ്ര മോദി**

# ന്യൂ ഇന്ത്യ സമാചാർ

വാല്യം 1, ലക്കം 7 ഒക്ടോബർ 1-15, 2020



**എഡിറ്റർ**
കുൽദീപ് സിങ് ധത്വാലിയ,
പിഡിജി, പിഐബി, ന്യൂഡൽഹി

**കൺസൾട്ടിങ് എഡിറ്റർ**
വിനോദ് കുമാർ

**അസിസ്റ്റന്റ് കൺസൾട്ടിങ് എഡിറ്റർ**
ശരത് കുമാർ ശർമ

**ഡിസൈനർ**
രവീന്ദ്ര കുമാർ ശർമ


## ഉള്ളടക്കം


| | | |
|---|---|---|
| » 1 | **എഡിറ്റ്** | »Pg. 02 |
| » 2 | **ആരോഗ്യം:** പോഷകാഹാര മാസം | »Pg. 03 |
| » 3 | **വാർത്തകൾ ചുരുക്കത്തിൽ** | »Pg. 04-05 |
| » 4 | **മഹാത്മാഗാന്ധി ജന്മവാർഷികം** | »Pg. 06-07 |
| » 5 | **വസ്ത്രവ്യാപാര രംഗം:** ഖാദിയുടെ വളർച്ച | »Pg. 08-9 |
| » 6 | **രാഷ്ട്രം: ആഗോള നവീനതാ സൂചിക** | »Pg. 10-11 |
| » 7 | **പ്രത്യേക റിപ്പോർട്ട്: തൊഴിൽ പരിഷ്കരണങ്ങൾ** | »Pg. 12-17 |
| » 8 | **കവർ സ്റ്റോറി:** കാർഷിക പരിഷ്കരണങ്ങൾ | »Pg. 18-25 |
| » 9 | **ഉദ്യമം:** പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന | »Pg. 26-28 |
| » 10 | **സംസ്ഥാനം:** വികസന പദ്ധതികൾ | »Pg. 29 |
| » 11 | **സഹായ ഹസ്തം:** പി.എം സ്വാനിധി പദ്ധതി | »Pg. 30-31 |
| » 12 | **മിഷൻ കർമയോഗി:** സദ്ഭരണ ഉദ്യമങ്ങൾ | »Pg. 32-34 |
| » 13 | **സ്വയം പര്യാപ്തത:** എച്ച്എസ്ടിഡിവി ഉദ്ഘാടനം | »Pg. 35 |
| » 14 | **സുപ്രധാന പദ്ധതി: ശുചിത്വ ഭാരത ദൗത്യം** | »Pg. 36-38 |
| » 15 | **കൊറോണയ്ക്കെതിരായ പോരാട്ടം** | »Pg. 39 |
| » 16 | **പുരോഗമനാത്മക സമീപനം:** മാറുന്ന ഇന്ത്യ | »Pg. 40 |



**പ്രസിദ്ധീകരിച്ച് അച്ചടിച്ചത്**
സത്യേന്ദ്ര പ്രകാശ്,
ഡിജി, ബിഒസി
ബ്യൂറോ ഓഫ് ഔട്ട്റീച്ച് ആൻഡ്
കമ്യൂണിക്കേഷനുവേണ്ടി

**Printed at**
Infinity Advertising services Pvt. Ltd. FBD-One Corporate Park, 10th floor, New Delhi-Faridabad border, NH-1, Faridabad-121003

**പ്രസിദ്ധീകരിക്കുന്നത്**

ബ്യൂറോ ഓഫ് ഔട്ട്റീച്ച് ആൻഡ് കമ്യൂണിക്കേഷൻ, രണ്ടാം നില, സൂചന ഭവൻ, ന്യൂഡൽഹി 110003

ന്യൂ ഇന്ത്യ സമാചാർ

ആർഎൻഐ നമ്പർ:: DELMAL/2020/78826

response-nis@pib.gov.in

# എഡിറ്ററുടെ മേശയിൽ നിന്ന്

സാദരം നമസ്കാരം,

ന്യൂ ഇന്ത്യ സമാചാറിന്റെ ഏറ്റവും പുതിയ ലക്കം ഇപ്പോൾ നിങ്ങളുടെ കൈകളിലെത്തിയിരിക്കുകയാണ്. നിങ്ങളിപ്പോൾ ഇതിന് വേണ്ടി ആകാംക്ഷയോടെ കാത്തിരിക്കുകയാണ്.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കീഴിൽ കാര്യക്ഷമതയുള്ള ഒരു ഗവൺമെന്റ് പ്രവർത്തിക്കുകയാണ്.

എല്ലാ മേഖലകളിലും രാജ്യത്തെ മുന്നിലെത്തിക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്.

വായനക്കാർക്ക് ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും തീരുമാനങ്ങളെക്കുറിച്ചും പദ്ധതികളെക്കുറിച്ചും അറിയാൻ കഴിയും.

ഈ പ്രസിദ്ധീകരണം ഗവൺമെന്റിന്റെ മുഖപത്രമല്ല, മറിച്ച് ശരിയായ വിവരങ്ങൾ ജനങ്ങളിലെത്തിക്കാനുള്ള ഒരു വേദിയാണ്.

പ്രസിദ്ധീകരണം ഗ്രാമ പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, പഞ്ചായത്ത് സമിതികൾ, വായനശാലകൾ, എംഎൽഎമാർ, എംപിമാർ, മാധ്യമപ്രവർത്തകർ എന്നിവർക്കു ലഭ്യമാകും.

പ്രസിദ്ധീകരണത്തിന്റെ ഇ-ബുക്ക് നിലവിൽ അഞ്ച് കോടിയോളം പേർക്ക് ലഭിക്കുന്നു.

നിങ്ങളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും അറിയാൻ ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു.

ദയവായി നിങ്ങളുടെ പ്രതികരണം അറിയിക്കുക.:

**വിലാസം : ബ്യൂറോ ഓഫ് ഔട്ട്റീച്ച് ആൻഡ് കമ്യൂണിക്കേഷൻ, സെക്കൻഡ് ഫ്ളോർ, സൂചന ഭവൻ, ന്യൂഡൽഹി, 110003**

**ഇമെയിൽ** : response-nis@pib.gov.in

നിങ്ങളുടെ അനുഗ്രഹങ്ങളോടെ

**(കെ എസ് ദത്ത് വാലിയ)**



# പോഷൺ മാഹ്: ഒരു ജനകീയ മുന്നേറ്റം

സ്ത്രീകൾ, കുട്ടികൾ, പ്രായമായവർ എന്നിവർക്ക് ഗുണനിലവാരമുള്ള ഭക്ഷണം ലഭ്യമാക്കുന്നതിനുള്ള ക്യാംപെയ്ൻ ആണ് പോഷകാഹാര മാസം ലക്ഷ്യമിടുന്നത്.

രാജ്യവും പോഷകാഹാരവും വളരെയധികം ബന്ധപ്പെട്ടിരിക്കുന്നതിനാലും പോഷകാഹാരത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും ഗവൺമെന്റ് സെപ്റ്റംബർ മാസം 'രാഷ്ട്രീയ പോഷൺ മാഹ്' അഥവാ പോഷകാഹാര മാസം ആയി ആചരിക്കുന്നു. പ്രധാനമന്ത്രിയുടെ പോഷകാഹാര ലഭ്യതയ്ക്കായുള്ള സമഗ്ര പദ്ധതി (പോഷൺ) മാഹ് ചെറിയ കുട്ടികളിലും സ്ത്രീകളിലുമുള്ള പോഷകാഹാരക്കുറവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന ബഹുജന ക്യാംപെയ്നിൽ ജനപങ്കാളിത്തം ഉറപ്പുവരുത്താനും ഈ വിഭാഗത്തിൽ പെടുന്നവർക്ക് ഗുണനിലവാരമുള്ള പോഷകാഹാരം ലഭ്യമാക്കാനുമാണ് ലക്ഷ്യമിടുന്നത്.

അവസാനം നടത്തിയ മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു ''യഥാ അന്നം തഥാ മന്നം'' അതായത് മാനസിക-ബൗദ്ധിക വളർച്ച, കഴിക്കുന്ന ഗുണനിലവാരമുള്ള ഭക്ഷണവുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.

മികച്ച പോഷണം കുട്ടികളേയും വിദ്യാർത്ഥികളേയും അവരുടെ മികവിന്റെ പൂർണതയിലെത്തിക്കാനും കഴിവ് പുറത്തെടുക്കാനും സഹായിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. അതുപോലെ കുട്ടികൾക്ക് ശരിയായ പോഷണം ലഭിക്കണമെങ്കിൽ അവരുടെ മാതാവ് ഗുണനിലവാരമുള്ള പോഷകാഹാരം കഴിക്കേണ്ടതുണ്ട്.

ഗുജറാത്തിലെ സർദാർ വല്ലഭായ് പട്ടേൽ പ്രതിമയ്ക്ക് സമീപം സ്ഥാപിച്ച പോഷകാഹാര പാർക്കിനെക്കുറിച്ചും പ്രധാനമന്ത്രി പരാമർശിച്ചു. ''സമാനതകളില്ലാത്തതും അതുല്യവുമായ ഒരു പോഷകാഹാര പാർക്ക് അവിടെ സ്ഥാപിച്ചിരിക്കുന്നു. അവിടെ നിന്ന് വിനോദത്തിനും ഉല്ലാസത്തിനുമൊപ്പം പോഷകാഹാരവുമായി ബന്ധപ്പെട്ട വിവരങ്ങൾ നിങ്ങൾക്ക് ലഭിക്കും'', അദ്ദേഹം പറഞ്ഞു. ■

## ദേശീയ പോഷകാഹാര മിഷൻ

- കേന്ദ്ര മന്ത്രിസഭ 2017 ഡിസംബറിൽ മൂന്ന് വർഷത്തേക്കായി (2017–18 മുതൽ) 9,046.17 കോടി രൂപ മുതൽ മുടക്കിൽ ദേശീയ പോഷകാഹാര മിഷൻ (എൻഎൻഎം) സ്ഥാപിക്കുന്നതിന് അംഗീകാരം നൽകി
- പ്രധാനമന്ത്രി നരേന്ദ്ര മോദി 2018 മാർച്ച് എട്ടിന് രാജസ്ഥാനിലെ ജുജുനുവിൽ പോഷൺ അഭിയാൻ ഉദ്ഘാടനം ചെയ്തു
- 2022ഓടെ പോഷകാഹാരക്കുറവ് 25 ശതമാനമായി കുറയ്ക്കാൻ പദ്ധതി ലക്ഷ്യമിടുന്നു
- പദ്ധതി പോഷകാഹാരക്കുറവ്, വിളർച്ച (കുട്ടികൾ, സ്ത്രീകൾ, കൗമാരക്കാരികൾ എന്നിവർക്കിടയിൽ) എന്നിവ കുറയ്ക്കാനും നവജാത ശിശുക്കളിലെ തൂക്കക്കുറവ് ഉണ്ടാകുന്ന സംഭവങ്ങൾ കുറച്ചു കൊണ്ടുവരാനും ലക്ഷ്യമിടുന്നു
- 2021 മാർച്ച് 31 വരെയുള്ള പദ്ധതിയിൽ 10 കോടിയിലധികം പേർ ഗുണഭോക്താക്കളാകും
- പദ്ധതി സമഗ്രമായി നടപ്പിലാക്കുന്നതിന് എല്ലാ സംസ്ഥാനങ്ങളേയും കേന്ദ്രഭരണ പ്രദേശങ്ങളേയും പദ്ധതിയ്ക്ക് കീഴിൽ ഉൾപ്പെടുത്തി.

### പോഷകാഹാര വിലയിരുത്തലുകളും കാർഡുകളും

- ഭാരതീയ പോഷൺ കൃഷി കോഷ് ആരംഭിച്ചു. എല്ലാ ജില്ലകളിലും വളരുന്ന വിളകളെയും അവയുടെ പോഷകാഹാര ഗുണത്തേയും കുറിച്ചുള്ള പൂർണമായ വിവരങ്ങൾ ലഭിക്കും.
- പോഷാകാഹാരത്തെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കാനായി മത്സരങ്ങൾ നടത്തി സ്കൂളുകളേയും ഈ പരിപാടിയുടെ ഭാഗമാക്കിയിരിക്കുന്നു



- ക്ലാസ് ലീഡറുടെ മാതൃകയിൽ ക്ലാസുകളിൽ പോഷകാഹാര ലീഡർമാർ ഉണ്ടാകും
- പോഷകാഹാര കാർഡ് നടപ്പിലാക്കും



വാർത്തകൾ ചുരുക്കത്തിൽ

## വാരാണസി, പരിശുദ്ധിയും ശുചിത്വവും

ഗംഗാ നദിയെ വൃത്തിയാക്കാനുള്ള ജനങ്ങളുടെ ഇച്ഛാശക്തിയുടെ ഫലമായി വാരാണസി അതിന്റെ പൂർവ്വ പ്രതാപത്തിലേക്ക് തിരിച്ചെത്തിയിരിക്കുന്നു. സ്വച്ഛ് സർവ്വേക്ഷൻ 2020ൽ ഗംഗാ നദിക്കരയിലുള്ള വാരാണസി ശുചിത്വമുള്ള നഗരമായി മാറണമെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടു കൊണ്ടാണിത്. ആചാരങ്ങൾ അനുഷ്ഠിക്കാൻ ജനങ്ങൾ ഇപ്പോൾ വിമുഖത കാണിക്കാറില്ലെന്ന് വാരാണസിയിലെ പുരോഹിതന്മാരിൽ ഒരാൾ പറഞ്ഞു. 140 എംഎൽഡി ശേഷിയുള്ള അഴുക്കുചാൽ സംവിധാനം ഗംഗയെ മാലിന്യമുക്തമാക്കുന്നതിനു വളരെ ഫലപ്രദമാണെന്ന് തെളിഞ്ഞു. സ്വച്ഛ്ഭാരത് മിഷന് കീഴിൽ നദികൾ വൃത്തിയാക്കാനും മനോഹരമാക്കാനും 21 പ്രധാന നദീതടങ്ങൾ, 63 പൊതു നദീതടങ്ങൾ എന്നിങ്ങനെ തരംതിരിച്ചു. പ്രതിദിനം ശേഖരിക്കുന്ന 8.9 മെട്രിക് ടൺ മാലിന്യം വളം നിർമ്മിക്കാനായി മൂടിയ ബോട്ടുകളിൽ നീക്കം ചെയ്യുന്നു. വാരാണസി നഗരം ഇപ്പോൾ മറ്റുള്ളവർക്ക് പ്രചോദനമായി മാറിയിരിക്കുന്നു. ■

## ഇന്ത്യയും ജപ്പാനും, തന്ത്രപ്രധാന ആയുധ പങ്കാളികൾ

ഇന്ത്യൻ സായുധ സേനയും ജപ്പാൻ പ്രതിരോധ സേനയും പരസ്പരം ആയുധവും സേവനങ്ങളും കൈമാറുന്നതിനുള്ള കരാർ ഒപ്പുവച്ചതിനെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ജപ്പാൻ പ്രധാനമന്ത്രിയായിരുന്ന ഷിൻസോ ആബെയും സ്വാഗതം ചെയ്തു. വീഡിയോ കോൺഫറൻസ് വഴി സംസാരിക്കവേ ഇരുരാജ്യങ്ങളും തമ്മിലുള്ള പ്രതിരോധ മേഖലയിലെ സഹകരണം വർധിപ്പിക്കുമെന്നും ഇന്തോ-പസഫിക് മേഖലയിലെ സമാധാനവും സുരക്ഷിതത്വവും നിലനിർത്തുന്നതിന് സംഭാവന ചെയ്യുമെന്നും ഇരു നേതാക്കളും പ്രത്യാശ പ്രകടിപ്പിച്ചു. ഇന്ത്യാ-ജപ്പാൻ സ്പെഷൽ സ്ട്രാറ്റജിക് ആൻഡ് ഗ്ലോബൽ പാർട്ണർഷിപ്പിന് കീഴിലുള്ള മുംബൈ-അഹമ്മദാബാദ് അതിവേഗ റെയിൽ (എംഎഎച്ച്എസ്ആർ) പ്രൊജക്ട് അടക്കമുള്ള നിർമാണം പുരോഗമിക്കുന്ന പദ്ധതികളുടെ പുരോഗതി ഇരുരാജ്യങ്ങളിലേയും നേതാക്കൾ വിലയിരുത്തി. ഇരുരാജ്യങ്ങളും തമ്മിലുള്ള ശക്തവും സുദീർഘവുമായ സഹകരണം കോവിഡാനന്തര ലോകത്ത് ആഗോള സമൂഹത്തിന്റെ പുരോഗതിയ്ക്കായി നിർണായക പങ്ക് വഹിക്കുന്നതിന് കാരണമാകുമെന്ന് നേതാക്കൾ വിലയിരുത്തി. ■

## ആരോഗ്യ സേതു ആപ്പിൽ നിങ്ങളുടെ തൽസമയ ആരോഗ്യ സ്ഥിതി അറിയൂ




ലോകത്ത് ഏറ്റവും കൂടുതൽ ആളുകൾ ഡൗൺലോഡ് ചെയ്ത സമ്പർക്കം കണ്ടെത്തുന്നതിനുള്ള ആപ്പായ ആരോഗ്യ സേതു ഇന്ത്യയിൽ രജിസ്റ്റർ ചെയ്ത അമ്പതോ അതിലധികമോ തൊഴിലാളികളുള്ള സ്ഥാപനങ്ങൾക്കോ വ്യവസായ സംരംഭങ്ങൾക്കോ ഉപയോഗിക്കാനാകുന്ന 'ഓപ്പൺ എപിഐ സർവീസ്' എന്ന പുതിയ സവിശേഷത കൂട്ടിച്ചേർത്തു. ഓപ്പൺ എപിഐ സേവനം ഉപയോഗിക്കുന്നതിലൂടെ സ്ഥാപനങ്ങൾക്ക് തങ്ങളുടെ ജീവനക്കാരുടെയോ സ്ഥാപനവുമായി വിവരം പങ്ക് വയ്ക്കാൻ അനുമതി നൽകിയിട്ടുള്ള മറ്റ് ആരോഗ്യ സേതു ഉപഭോക്താക്കളുടെയോ തൽസമയ ആരോഗ്യസ്ഥിതി അറിയാനാകും. ഓപ്പൺ എപിഐ സേവനം ആരോഗ്യ സേതു ഉപഭോക്താവിന്റെ ആരോഗ്യ സ്ഥിതി, പേര് എന്നിവ മാത്രമേ ലഭ്യമാക്കുകയുള്ളൂ. മറ്റു വ്യക്തിപരമായ വിവരങ്ങൾ എപിഐ വഴി പങ്കു വയ്ക്കുകയില്ല. 15 കോടി ഉപഭോക്താക്കളുള്ള ആരോഗ്യ സേതു ആപ്പ് നിലവിൽ ഏറ്റവും കൂടുതൽ പേർ ഡൗൺലോഡ് ചെയ്ത സമ്പർക്കം കണ്ടെത്തുന്നതിനുള്ള ആപ്പായി മാറിയിരിക്കുന്നു. കോവിഡ് 19നെതിരെയുള്ള പോരാട്ടത്തിൽ ഗവൺമെന്റുകളെയും ആരോഗ്യ പ്രവർത്തകരേയും സഹായിക്കുന്നതിന് ജനങ്ങളുടെ നിസീമമായ പിന്തുണ നിർണായകമായി. ■

## ജൻ ഔഷധി കേന്ദ്രങ്ങളിൽ ലോക്ക് ഡൗണിനിടയിലും മികച്ച വിറ്റുവരവ്




നീതി നിർവ്വഹിക്കുക എന്നതാണ് ലക്ഷ്യം-സേവ ഭി, റോസ്ഗാർ ഭി- പ്രധാനമന്ത്രി ജൻ ഔഷധി യോജന (പിഎംജെഎവൈ) കുറഞ്ഞ നിരക്കിൽ മരുന്നുകൾ വിതരണം ചെയ്യുന്നു. ജൻ ഔഷധി കേന്ദ്രങ്ങളിൽ മരുന്നുകൾക്ക് വിപണി വിലയേക്കാൾ 50 മുതൽ 90 ശതമാനം വരെ കുറവാണ്. വിപണിയിൽ 6500 രൂപയ്ക്ക് വിൽക്കുന്ന ക്യാൻസറിനുള്ള മരുന്ന് ഇവിടെ വെറും 800 രൂപയ്ക്ക് ലഭ്യമാണ്! കോവിഡ് 19 കാലത്ത് ജൻ ഔഷധി കേന്ദ്രങ്ങളിൽ 150 കോടി രൂപയുടെ മരുന്നാണ് വിറ്റഴിച്ചത്. അതായത് സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് വിൽപ്പന ഇരട്ടിയായി. 2020 സെപ്റ്റംബർ 15 വരെയുള്ള വിൽപന 256 കോടി രൂപയിലധികമായി ഉയർന്നു. ജൻ ഔഷധി കേന്ദ്രങ്ങളിൽ നിന്ന് മരുന്ന് വാങ്ങുക വഴി ഉപഭോക്താക്കൾക്ക് മൊത്തം 1250 കോടി രൂപയുടെ ലാഭമുണ്ടായി. രാജ്യത്താകെയുള്ള 6,600 ജൻ ഔഷധി കേന്ദ്രങ്ങളിൽ 1250 തരത്തിലുള്ള മരുന്നുകളും ഔഷധങ്ങളും കൂടാതെ 250 തരത്തിലുള്ള ശസ്ത്രക്രിയ ഉപകരണങ്ങളും വിൽക്കുന്നു. ജൻ ഔഷധി കേന്ദ്രങ്ങൾ മുഖേന ലോക്ക്ഡൗൺ കാലത്ത് 15 ലക്ഷം മുഖാവരണങ്ങൾ, 80 ലക്ഷം ഹൈഡ്രോക്സിക്ലോറോകിൻ ഗുളികകൾ, ഒരു കോടി പാരസെറ്റമോൾ ഗുളികകൾ എന്നിവ വിൽപ്പന നടത്തി. ഒരു രൂപ നിരക്കിൽ അഞ്ച് കോടി സാനിറ്ററി നാപ്കിനുകളും ഈ കേന്ദ്രങ്ങൾ വഴി വിറ്റു. ■

## ഇന്ത്യയിലെ പുതിയ വിസ്മയം: കൊൽക്കത്തയിലെ ജലാന്തർ മെട്രോ ലിങ്ക്



കൊൽക്കത്തയിലെ സാൾട്ട് ലേക്ക് സെക്ടർ അഞ്ച് മുതൽ സാൾട്ട് ലെയ്ക്ക് സ്റ്റേഡിയം വരെയുള്ള 16.5 കിലോമീറ്റർ ജലാന്തർ മെട്രോയുടെ ആദ്യഘട്ട നിർമാണം പൂർത്തിയായി. ഇന്ത്യൻ റെയിൽവേയുടെഎൻജിനീയറിംഗ് വിസ്മയമായ മെട്രോ ഏറ്റവും നവീനമായ സാങ്കേതിക വിദ്യയും സുരക്ഷാ സംവിധാനങ്ങളും ഉപയോഗപ്പെടുത്തിയാണ് നിർമിക്കുന്നത്. 2021 ഡിസംബറോടെ പദ്ധതി പൂർത്തിയാകും. 8600 കോടി രൂപ ചെലവഴിച്ച് നിർമാണം പൂർത്തിയാക്കുന്ന മെട്രോ ഭാവിയിൽ ഏറ്റവുമധികം പേർ യാത്രയ്ക്ക് ഉപയോഗിക്കുന്ന സംവിധാനമാകുമെന്ന് കണക്കുകൂട്ടുന്നു. കൊൽക്കത്ത-ഹൗറ ഇരട്ടനഗരങ്ങളെയാണ് ജലാന്തർ മെട്രോ ബന്ധിപ്പിക്കുന്നത്. ■

## സ്പോർട്സ് ക്വാട്ട വഴിയുള്ള നിയമനങ്ങളുടെ പരിധി വർധിപ്പിക്കുന്നു

സ്പോർട്സ് ക്വാട്ടയിൽ ഉൾപ്പെടുത്തി ജോലി നൽകാൻ 20 കായിക ഇനങ്ങളെക്കൂടി ഉൾപ്പെടുത്തിയ കായിക മന്ത്രാലയത്തിന്റെ ശുപാർശ ഡിപ്പാർട്ടുമെന്റ് ഓഫ് പഴ്സണൽ ആൻഡ് ട്രെയിനിംഗ് (ഡിഒപിടി) അംഗീകരിച്ചു. 2020 സെപ്റ്റംബർ ഒന്നാം തീയതി എടുത്ത തീരുമാന പ്രകാരം സ്പോർട്സ് ക്വാട്ടയിൽ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നതിനുള്ള കായിക ഇനങ്ങളുടെ എണ്ണം 43ൽ നിന്ന് 63 ആയി വർധിപ്പിച്ചു. മല്ലഖാമ്പ്, വടംവലി, സെപാക്ക് തക്രോ, റോൾ ബോൾ തുടങ്ങിയ നാടൻ കായിക ഇനങ്ങൾ പുതുതായി ചേർക്കപ്പെട്ട പട്ടികയിൽ ഉൾപ്പെടുന്നു. തീരുമാനത്തെക്കുറിച്ച് വിശദീകരിക്കവേ യുവജനകാര്യ-കായിക സഹമന്ത്രി കിരൺ റിജിജു പറഞ്ഞു, ‘‘നമ്മുടെ കായിക താരങ്ങളുടെ സമഗ്രമായ ക്ഷേമം ഉറപ്പ് വരുത്തുക എന്നതാണ് സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യങ്ങളിലൊന്ന്. പുതുതായി കായിക ഇനങ്ങളെ ഉൾപ്പെടുത്തിയത് ഈ ദിശയിലുള്ള ഡിഒപിടിയുടെ ഒരു ചുവടുവയ്പാണ്’’. ■





# എന്തുകൊണ്ട് ഇന്ത്യക്കും ലോകത്തിനും ഗാന്ധിജിയെ ആവശ്യം

***എല്ലാവർക്കും അന്തസ്സും സമൃദ്ധിയും ഉണ്ടാകുന്ന ഒരു ലോകമാണ് മഹാനായ നേതാവ് വിഭാവനം ചെയ്തത്***

## നരേന്ദ്രമോദി

1959-ൽ ഇന്ത്യയിലെത്തിയ ഡോ. മാർട്ടിൻ ലൂഥർ കിംഗ് ജൂനിയർ പറഞ്ഞു, ''മറ്റ് രാജ്യങ്ങളിലേക്ക് എനിക്കൊരു വിനോദ സഞ്ചാരിയായി പോകാൻ കഴിഞ്ഞേക്കാം. എന്നാൽ ഇന്ത്യയിലേക്ക് ഞാൻ വന്നിരിക്കുന്നത് ഒരു തീർത്ഥാടകനായാണ്''. അദ്ദേഹം കൂട്ടിച്ചേർക്കുന്നു, ''ഒരുപക്ഷെ, ഇതിനെല്ലാം ഉപരിയായി എന്റെ ജനങ്ങൾ മോണ്ട്ഗോമെറി, അലബാമ എന്നിവിടങ്ങളിൽ കൂടാതെ തെക്കേ അമേരിക്കയിലുടനീളം പ്രയോഗത്തിൽ വരുത്തിയ അക്രമരഹിതമായ സാമൂഹ്യമാറ്റം എന്ന സമരരീതി പിറവിയെടുത്ത മണ്ണാണ് ഇന്ത്യ. ആ സമരരീതി ഫലപ്രദവും നിലനിൽക്കുന്നതുമാണെന്ന് ഞങ്ങൾക്ക് മനസിലായി- അത് പ്രയോഗത്തിൽ വരുന്നുണ്ട്!''

ഡോ. കിംഗിന് ലഭിച്ച ഈ പ്രചോദനത്തിന് പിന്നിൽ മോഹൻദാസ് കരംചന്ദ് ഗാന്ധി എന്ന നമ്മുടെ മഹാത്മാ ഗാന്ധി ആയിരുന്നു. ഗാന്ധിജി എന്ന ബാപ്പു ഇന്നും ലോകത്താകമാനം കോടിക്കണക്കിനാളുകൾക്ക് പ്രചോദനമാകുന്നു.

ഗാന്ധിയൻ മാർഗത്തിലുള്ള പ്രതിരോധം നിരവധി ആഫ്രിക്കൻ രാജ്യങ്ങൾക്ക് പ്രതീക്ഷയുടെ നാളം പകർന്നതായി മാർട്ടിൻ ലൂഥർ കിംഗ് പറഞ്ഞു. ''ഞാൻ പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യമായ ഘാന സന്ദർശിച്ചപ്പോൾ പ്രസിഡന്റ് എൻക്രുമ എന്നോട് അദ്ദേഹം ഗാന്ധിജിയെക്കുറിച്ച് വായിച്ചറിഞ്ഞതായും നിസ്സഹകരണ സമരം അവിടെയും നടത്താൻ ആഗ്രഹിക്കുന്നതായും പറഞ്ഞു. ദക്ഷിണാഫ്രിക്കയിൽ നടന്ന ബസ് ബഹിഷ്കരണ സമരത്തെക്കുറിച്ചും ഞങ്ങൾ സംസാരിച്ചു.'' നെൽസൺ മണ്ടേല ഗാന്ധിയെ ''വിശുദ്ധ പോരാളി'' എന്നാണ് വിശേഷിപ്പിച്ചത്. അദ്ദേഹം പറയുന്നു, ''നിസ്സഹകരണം എന്ന ഗാന്ധിയുടെ സമരതന്ത്രം, നമ്മെ അടിച്ചമർത്തിയവരോട് സഹകരിച്ച് സമരം നടത്തിയാലേ വിജയിക്കാനാകൂവെന്ന അദ്ദേഹത്തിന്റെ ആശയം, അദ്ദേഹത്തിന്റെ അക്രമരഹിത പ്രതിരോധം എന്നിവ കോളനിവാഴ്ചയ്ക്കും വംശീയതയ്ക്കുമെതിരായ പോരാട്ടത്തെ ഈ നൂറ്റാണ്ടിൽ ആഗോളതലത്തിൽ തന്നെ പ്രചോദിപ്പിച്ചു.''

മണ്ടേലയെ സംബന്ധിച്ച് ഗാന്ധിജി ഇന്ത്യക്കാരനും ദക്ഷിണാഫ്രിക്കക്കാരനുമായിരുന്നു. ഗാന്ധിജിയും ഇത് അംഗീകരിച്ചേനെ. മനുഷ്യ സമൂഹത്തിൽ നിലനിന്നിരുന്ന പ്രധാനപ്പെട്ട പല വിരുദ്ധ അഭിപ്രായങ്ങൾക്കിടെ ഒരു പാലമായി നില കൊള്ളാനുള്ള അതുല്യമായ കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു.

1925 -ൽ ഗാന്ധിജി 'യംഗ് ഇന്ത്യ'യിൽ എഴുതി: ''ദേശീയവാദിയാകാതെ ഒരാൾക്ക് വിശ്വപൗരനാകാൻ കഴിയില്ല. ദേശീയവാദം ഒരു യാഥാർത്ഥ്യമാകുമ്പോഴേ അന്തർദേശീയത സാധ്യമാകൂ, അതായത്, വിവിധ രാജ്യങ്ങളിലെ ജനങ്ങൾ സ്വയം സംഘടിച്ച് ഒരു വ്യക്തിയായി പ്രവർത്തിക്കാൻ കഴിയുമ്പോൾ.''

ഇന്ത്യൻ ദേശീയത എന്നത് ഇടുങ്ങിയതോ എല്ലാവരെയും ഉൾക്കൊള്ളാത്തതോ അല്ല, മറിച്ച് അത് മാനവികതയ്ക്കായി സേവനം ചെയ്യുന്ന ഒന്നാണെന്ന് അദ്ദേഹം വിഭാവനംചെയ്തു.

മഹാത്മഗാന്ധി സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലും പ്രതീക്ഷ അർപ്പിച്ചിരുന്നു. 1917-ൽ ഗുജറാത്തിലെ അഹമ്മദാബാദ് വലിയൊരു ടെക്സ്റ്റൈൽസ് സമരത്തിന് സാക്ഷ്യം വഹിച്ചു. മില്ലുടമകളും തൊഴിലാളികളും തമ്മിലുള്ള തർക്കം പരിഹരിക്കാനാകാത്ത നിലയിലെത്തിയപ്പോൾ ഗാന്ധിജി ഇടപെട്ട് പ്രശ്നത്തിന് പരിഹാരം കണ്ടെത്തുകയുണ്ടായി.

തൊഴിലാളികളുടെ അവകാശത്തിനായി ഗാന്ധി മജൂർ മഹാജൻ സംഘ് എന്ന പേരിൽ ഒരു സംഘടന സ്ഥാപിച്ചു. ഒറ്റ നോട്ടത്തിൽ അതിന് മറ്റൊരു സംഘടനയുമായി സാമ്യം തോന്നിയെങ്കിലും ചെറിയ പ്രവൃത്തികൾ വലിയ ഫലമുണ്ടാക്കിയതായി സംഘടന കാണിച്ചുതന്നു. അക്കാലത്ത് മഹാജൻ എന്ന വാക്ക് സമൂഹത്തിലെ ഉന്നതരെ പരാമർശിക്കാനാണ് ഉപയോഗിച്ചിരുന്നത്. ഗാന്ധി മഹാജൻ എന്ന വാക്കിനെ മജൂർ അഥവാ തൊഴിലാളി എന്ന വാക്കിനോട് ചേർത്ത് വെച്ച് പുതിയൊരു സാമൂഹ്യക്രമത്തിന് തുടക്കം കുറിച്ചു. അത്തരമൊരു ഭാഷാ പ്രയോഗത്തിലൂടെ അദ്ദേഹം തൊഴിലാളികളുടെ അഭിമാനം ഉയർത്തിപ്പിടിച്ചു. സാധാരണ വസ്തുക്കളെ ബഹുജന രാഷ്ട്രീയവുമായി അദ്ദേഹം കോർത്തിണക്കി. മറ്റാർക്കാണ് ചർക്ക, തുന്നൽ യന്ത്രം, ഖാദി, ഇന്ത്യൻ നിർമ്മിത വസ്ത്രം എന്നിവയെ സാമ്പത്തിക സ്വയം പര്യാപ്തതയ്ക്കും ഒരു രാജ്യത്തിന്റെ ശാക്തീകരണത്തിനുമായി ഉപയോഗിക്കാൻ കഴിഞ്ഞത്? മറ്റാർക്കാണ് ഇന്ത്യൻ നിർമ്മിത ഉപ്പിന് മുകളിൽ നികുതി ചുമത്തിയത് ജനങ്ങൾക്ക് ഒരു ഭാരമായി മാറിയപ്പോൾ ഒരു കൊളോണിയൽ ഭരണകാലത്ത് ഒരു പിടി ഉപ്പ് കൊണ്ട് ഒരു ബഹുജന സമരത്തിന് നാന്ദി കുറിയ്ക്കാനായത്? 1930-ലെ ദണ്ഡി മാർച്ചിലൂടെ ഗാന്ധിജി ഉപ്പിന് മുകളിൽ ചുമത്തിയ നികുതിയെ വെല്ലുവിളിച്ചു. അറബിക്കടലിന്റെ തീരത്ത് നിന്ന് അദ്ദേഹം വാരിയെടുത്ത ഒരു നുള്ള് ഉപ്പ് ചരിത്രപരമായ നിസ്സഹകരണ സമരങ്ങൾക്ക് തുടക്കം കുറിച്ചു.

ലോകമാകെ നിരവധി ബഹുജന പ്രക്ഷോഭങ്ങൾ നടന്നിട്ടുണ്ട്. അവയിൽ പലതും സ്വാതന്ത്ര്യത്തിനു വേണ്ടിയായിരുന്നു. ഇന്ത്യയിൽ പോലും അത്തരം സമരങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ ഗാന്ധിയൻ മാതൃകയിലുള്ള സമരങ്ങളെ വ്യത്യസ്തമാക്കുന്നത് അവയിലെ വൻ ജനപങ്കാളിത്തമാണ്. അദ്ദേഹം ഒരിക്കലും ഒരു പദവിയും വഹിച്ചിട്ടില്ല. അദ്ദേഹത്തിന് ഒരിക്കലും അധികാരത്തോട് മോഹമില്ലായിരുന്നു.

ഗാന്ധിയെ സംബന്ധിച്ച് സ്വാതന്ത്ര്യം എന്നത് ബാഹ്യ ശക്തികളുടെ ഭരണം ഇല്ലാതാക്കൽ മാത്രമായിരുന്നില്ല. രാഷ്ട്രീയ സ്വാതന്ത്ര്യവും വ്യക്തി ശാക്തീകരണവും തമ്മിൽ അദ്ദേഹം ആഴത്തിലുള്ള ബന്ധം കണ്ടെത്തി. എല്ലാവർക്കും അന്തസും സമൃദ്ധിയുമുള്ള ഒരു ലോകമാണ് അദ്ദേഹം വിഭാവനം ചെയ്തത്. ലോകം അവകാശങ്ങളെക്കുറിച്ച് സംസാരിച്ചപ്പോൾ ഗാന്ധിജി കടമകളെക്കുറിച്ച് വാചാലനായി. അദ്ദേഹം 'യംഗ് ഇന്ത്യ'യിൽ എഴുതി: ''അവകാശത്തിന്റെ ശരിയായ ഉറവിടം കടമയാണ്. നമ്മൾ എല്ലാവരും കടമ നിർവഹിച്ചാൽ അവകാശങ്ങളെക്കുറിച്ച് ആശങ്കപ്പെടേണ്ടി വരില്ല.'' 'ഹരിജൻ' പ്രസിദ്ധീകരണത്തിൽ അദ്ദേഹം എഴുതി, ''കടമകൾ നിർവഹിക്കുന്ന ഒരാളെ സ്വാഭാവികമായി അവകാശങ്ങൾ തേടി വരും.'' ഗാന്ധിജി നമുക്ക് ഏറ്റെടുത്ത് നടത്തൽ എന്ന സിദ്ധാന്തം നൽകി. അത് പാവപ്പെട്ടവരുടെ സാമൂഹ്യ-സാമ്പത്തിക ക്ഷേമത്തിന് ഊന്നൽ നൽകി. അതിൽ നിന്ന് ഊർജം ഉൾക്കൊണ്ട് നമ്മൾ ഉടമസ്ഥതയുടെ ഊർജ്ജത്തെക്കുറിച്ച് ചിന്തിക്കണം. ഭൂമി അവകാശമായി ലഭിച്ച നമുക്ക് അതിന്റെ ക്ഷേമത്തെക്കുറിച്ചും ഇവിടുത്തെ ഓരോ സസ്യ-ജന്തു ജീവജാലങ്ങളെക്കുറിച്ചും ഉത്തരവാദിത്വമുണ്ടാകണം. ഗാന്ധിയിൽ നമ്മെ നയിക്കാനാകുന്ന നല്ലൊരു അധ്യാപകനുണ്ട്. മാനവികതയിൽ വിശ്വസിക്കുന്ന, സുസ്ഥിര വികസനത്തിലും സാമ്പത്തിക സ്വയം പര്യാപ്തത ഉറപ്പുവരുത്തുന്നതിലും വിശ്വസിക്കുന്ന എല്ലാവരുടേയും എല്ലാ പ്രശ്നങ്ങൾക്കും ഗാന്ധിജിയുടെ അടുത്ത് പരിഹാരമുണ്ട്. ഇന്ത്യയിൽ നമുക്ക് സാധ്യമാകുന്ന ശ്രമങ്ങൾ നടത്തുന്നു. ദാരിദ്ര്യ നിർമാർജ്ജനത്തിൽ ഇന്ത്യ വളരെ വേഗത്തിലാണ് പ്രവർത്തിക്കുന്നത്. നമ്മുടെ ശുചിത്വവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ലോകശ്രദ്ധ നേടുന്നുണ്ട്. അന്താരാഷ്ട്ര സോളാർ സഹകരണം പോലുള്ള പ്രവർത്തനങ്ങൾ വഴി ഇന്ത്യ പുനരുപയോഗിക്കാൻ കഴിയുന്ന ഊർജ്ജസ്രോതസുകൾ ഉപയോഗിക്കുന്നതിൽ മുൻപന്തിയിലാണ്. ആഗോള തലത്തിലുള്ള ഊർജ സഹകരണം വഴി സുസ്ഥിരമായ ഭാവിയ്ക്കായി നിരവധി രാജ്യങ്ങൾക്ക് സോളാർ ഊർജ്ജം ഉപയോഗിക്കാൻ കഴിയും. നമുക്ക് മറ്റ് രാജ്യങ്ങളുമായി സഹകരിച്ച് ലോകത്തിനായി ഇതിലും കൂടുതലായി പ്രവർത്തിക്കേണ്ടതുണ്ട്.

ഗാന്ധിജിയോടുള്ള ആദരസൂചകമായി ഞാൻ ഐൻസ്റ്റീൻ ചലഞ്ച് എന്നറിയപ്പെടുന്ന പ്രവൃത്തി ചെയ്യാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. ഗാന്ധിജിയെക്കുറിച്ച് ആൽബർട്ട് ഐൻസ്റ്റീൻ പറഞ്ഞ വാക്കുകൾ നമുക്ക് പരിചിതമാണല്ലോ: ''മജ്ജയും മാംസവുമുള്ള ഇങ്ങനെയൊരാൾ ഭൂമിയിൽ ജീവിച്ചിരുന്നതായി വരും തലമുറകൾക്ക് ഒരുപക്ഷേ വിശ്വസിക്കാൻ കഴിഞ്ഞേക്കില്ല.''

ഗാന്ധിജിയുടെ ആശയങ്ങൾ വരും തലമുറകൾക്ക് ഉപകാരപ്പെടുന്നുവെന്ന് നമുക്ക് എങ്ങനെ ഉറപ്പുവരുത്താനാകും? സംരംഭകരേയും സാങ്കേതിക വിദ്യയിലെ അഗ്രഗണ്യരെയും നേതാക്കളേയും നവീന മാർഗങ്ങൾ ഉപയോഗപ്പെടുത്തി ഗാന്ധിജിയുടെ ആശയങ്ങൾ പ്രചരിപ്പിക്കാൻ മുന്നോട്ട് വരാൻ ഞാൻ ക്ഷണിക്കുന്നു. ലോകം സമൃദ്ധിയുള്ളതും വെറുപ്പ്, കലാപം, ദുരിതം എന്നിവയിൽ നിന്ന് മോചനം നേടിയതുമായിരിക്കാൻ നമുക്ക് തോളോട് തോൾ ചേർന്ന് പ്രവർത്തിക്കാം. അതുവഴി നമുക്ക് അദ്ദേഹം തന്റെ പ്രിയപ്പെട്ട വരികളിലൂടെ പറയുന്ന 'വൈഷ്ണവ ജനതോ' അഥവാ ഒരു യഥാർത്ഥ മനുഷ്യൻ എന്നത് മറ്റുള്ളവരുടെ വേദന മനസിലാക്കുന്നവനും ദുരിതം ഇല്ലാതാക്കുന്നവനും ഒരിക്കലും കോപപ്പെടുന്നവനായി കാണാത്തവനുമാണെന്ന സ്വപ്നം പ്രാവർത്തികമാക്കാൻ ശ്രമിക്കാം. ■

**ലോകം താങ്കളെ ആദരവോടെ നമിക്കുന്നു, പ്രിയപ്പെട്ട ബാപ്പു!**

*(ഗാന്ധിജിയുടെ 150-ാം ജന്മവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി എഴുതിയ ലേഖനം)*



"മഹാത്മാഗാന്ധിയെക്കുറിച്ച് ചിന്തിക്കുമ്പോഴെല്ലാം സ്വാഭാവികമായും ഖാദിയെ നാം ഓർമ്മിക്കുന്നു. തൂവാല, അല്ലെങ്കിൽ ബാത്ത് ടവൽ, ബെഡ് ഷീറ്റ്, തലയിണ കവർ, കർട്ടൻ അല്ലെങ്കിൽ അത്തരത്തിലുള്ള ഏതെങ്കിലും ഒരു ഖാദി ഉൽപ്പന്നമെങ്കിലും ഉപയോഗിക്കാൻ ഞാൻ നിഷ്‌കർഷിക്കുന്നു. നിങ്ങൾക്കു താൽപ്പര്യമുണ്ടെങ്കിൽ നിങ്ങളുടെ കുടുംബത്തിന് എല്ലാ തുണിത്തരങ്ങൾക്കും വസ്ത്രങ്ങൾക്കും നിങ്ങൾക്ക് സ്ഥിരമായി ഖാദി ഉൽപ്പന്നങ്ങൾ വാങ്ങാം. നിങ്ങൾ ഖാദി ഉൽപ്പന്നങ്ങൾ വാങ്ങുമ്പോൾ എനിക്കിതു പറയാനാകും; ദീപാവലിയിൽ വിളക്കുകൾ കത്തിക്കാൻ ഇത് പാവങ്ങളെ സഹായിക്കുന്നു എന്ന് "

# ഖാദിക്ക് ഒരുത്തേജനം

**ഉൽപ്പാദനം ആധുനികവൽക്കരിക്കാനും ഖാദി ഉൽപ്പന്നങ്ങൾ ആവശ്യാനുസൃതമാക്കാനും 2014 പകുതി മുതൽ കേന്ദ്രഗവൺമെന്റ് നടത്തിയ ശ്രമങ്ങൾ ഈ മേഖലയ്ക്ക് നേട്ടമുണ്ടാക്കി. ഇന്ന് വിൽപ്പനയിൽ 389 ശതമാനം വർധനവുണ്ടായി; അതു തൊഴിലവസരങ്ങളും വർധിപ്പിച്ചു. ഖാദി വ്യവസായം ഗവൺമെന്റുകളുടെ തിളക്കമാർന്ന ഉദാഹരണമായി നിലകൊള്ളുന്നു. #ആത്മനിർഭർഭാരത്**

കഴിഞ്ഞ ആറ് വർഷത്തിനിടെ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ഖാദി എന്ന ബ്രാൻഡ് വ്യാപക സ്വീകാര്യത നേടി. കെവിഐസിയുടെ ഏറ്റവും വലിയ വിജയഗാഥയ്ക്ക് രാജ്യം സാക്ഷ്യം വഹിച്ചു. 2015-16 മുതലുള്ള അഞ്ചുവർഷങ്ങളിൽ ഖാദിയുടെ ഉൽപ്പാദനം ഇരട്ടിയിലധികമായി.ഇതേ കാലയളവിൽ വിൽപ്പനയും ഏകദേശം മൂന്ന് മടങ്ങ് വർധിച്ചു. 2019-20ൽ കെവി

## മോദി മാജിക് ഫലം കണ്ടു, ജനങ്ങൾ ഖാദിയിലേയ്ക്കു മാറുന്നു

**ഒക്ടോബർ 4, 2014:** ഡൽഹിയിലെ മധു വിഹാർ പ്രദേശത്തെ ഒരു കെവിഐസി സ്റ്റോറിൽ ഒരാൾ എത്തി. അഞ്ച് ബെഡ് ഷീറ്റുകളും ടവ്വലുകളും വാങ്ങി. ബില്ലിംഗ് കൗണ്ടറിലേക്ക് നീങ്ങുമ്പോൾ, സ്റ്റോർ ജീവനക്കാരുമായി സംസാരിച്ച അദ്ദേഹത്തിന്റെ വാക്കുകളിൽ ആവേശം പ്രകടമായിരുന്നു.''ഞാൻ ഒരു ഷോറൂം സന്ദർശിച്ചു, പക്ഷേ മോദിജി പറഞ്ഞത് കേട്ട ശേഷം ഖാദിയേക്കാൾ മികച്ച മറ്റൊന്നില്ല എന്നാണ് എനിക്ക് തോന്നുന്നത്''.

**ഒക്ടോബർ 9, 2014:** ഝാർഖണ്ഡിലെ ഛത്രയിൽ നിന്നുള്ള ലോക്‌സഭാ എംപി സുനിൽ കുമാർ സിങ്ങിന് ഗവൺമെന്റ് ബംഗ്ലാവ് അനുവദിച്ചു. കർട്ടനുകൾക്കായി തുണിത്തരങ്ങൾ തെരഞ്ഞെടുക്കാൻ സിപിഡബ്ല്യുഡി ഉദ്യോഗസ്ഥർ 200 സാമ്പിളുകൾ കൊണ്ടുവന്നു. ഖാദി അല്ലെങ്കിൽ കൈത്തറി കർട്ടനുകൾ ഉണ്ടോ എന്ന് എംപി എക്‌സിക്യൂട്ടീവ് എഞ്ചിനീയറോട് ചോദിച്ചു. ''ഞങ്ങൾക്ക് ധാരാളം കാര്യങ്ങൾ ആവശ്യമായിരുന്നു, ആവശ്യം നിറവേറ്റാൻ കെവിഐസിക്ക് കഴിഞ്ഞില്ല'' എന്ന് ഉദ്യോഗസ്ഥർ പറഞ്ഞു. സിപിഡബ്ല്യുഡി ഉദ്യോഗസ്ഥരോട് എംപി പറഞ്ഞതിങ്ങനെയാണ്: ''ആവശ്യം സംബന്ധിച്ച് നിങ്ങൾ കെവിഐസിയെ മുൻകൂട്ടി അറിയിക്കേണ്ടതായിരുന്നു, അതിലൂടെ അത് നിറവേറ്റാനാകും.'' പിന്നീട്, എംപിക്ക് ആവശ്യാനുസരണമുള്ള സാമ്പിളുകൾ ഉദ്യോഗസ്ഥർ എത്തിച്ചു.



### ഉൽപ്പാദനത്തിലെ പുതിയ നാഴികക്കല്ല്

- 1956 മുതൽ 2013-14 വരെ 17.80 ലക്ഷം ചതുരശ്ര മീറ്ററായിരുന്നു ഖാദി തുണിത്തരങ്ങളുടെ വാർഷിക ഉൽപ്പാദനം.
- 2014 മുതൽ 2019-20 വരെ വെറും 6 വർഷത്തിനുള്ളിൽ വാർഷിക ശരാശരി ഉൽപ്പാദനം 1.58 കോടി ചതുരശ്ര മീറ്ററായി ഉയർന്നു.

ഐസിയുടെ മൊത്തം വിറ്റുവരവ് 88,887 കോടി രൂപയിലെത്തി, ഇതൊരു എഫ്എംസിജി കമ്പനിക്കുപോലും നേടാൻ കഴിയില്ല. ഇപ്പോഴത്തെ ഗവൺമെന്റിൽ ഖാദി ഉൽപ്പന്നങ്ങളുടെ ഉപയോഗത്തിൽ അഭൂതപൂർവമായ വളർച്ചയുണ്ടായി. 2015-16 മുതൽ പ്രതിവർഷം ശരാശരി 19.45 ശതമാനം വളർച്ച കൈവരിച്ചുവെന്നു കണക്കാക്കാം. ഇത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 6.25 ശതമാനമായിരുന്നു, അതായത് 2004 മുതൽ 2014 വരെ. ഖാദി ഉൽപ്പന്നങ്ങളുടെ വിൽപ്പന നിലവിലെ ഗവൺമെന്റിന്റെ ഭരണകാലത്ത് 27.6 ശതമാനം വാർഷിക നിരക്കിൽ ഗണ്യമായി വർധിച്ചു. 2004 മുതൽ 2014 വരെ ഇത് 6.65 ശതമാനം എന്ന കുറഞ്ഞ നിലയിലായിരുന്നു. 2015-16ൽ ഖാദി ഇനങ്ങളുടെ ഉൽപ്പാദനം 1,066 കോടി രൂപയ്ക്കായിരുന്നത് 2019-20 ആയപ്പോഴേയ്ക്കും 2,292.44 കോടി രൂപയായി ഉയർന്നു; 115 ശതമാനത്തിലധികം വർധന. ഖാദി തുണിത്തരങ്ങളുടെ വിൽപ്പന 2015-16 ലെ 1,510 കോടിയിൽ നിന്ന് 79 ശതമാനം ഉയർന്ന് 2019-20ൽ 4,211.26 കോടി രൂപയായി.

**പുതുതലമുറയ്ക്കും പ്രിയങ്കരം**

യുവാക്കൾക്കിടയിൽ ഖാദി ജനപ്രിയമാക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി 2014-ൽ പദ്ധതിയിട്ടിരുന്നു. അദ്ദേഹത്തിന്റെ പദ്ധതി പിന്തുടർന്ന്, കെവിഐസിയും മറ്റേതൊരു സ്വകാര്യ ബ്രാൻഡിനെയും പോലെ ഉൽപ്പന്നങ്ങൾ മാർക്കറ്റ് ചെയ്യാൻ തുടങ്ങി. ഇപ്പോൾ ഇത് ഇന്തോ-വെസ്റ്റേൺ വസ്ത്രങ്ങൾ പോലും ഉറപ്പുനൽകുന്നു. വസ്ത്രങ്ങൾ കൂടാതെ, സൗന്ദര്യവർധകവസ്തുക്കൾ, സോപ്പ്, ഷാംപൂ, ആയുർവേദ മരുന്നുകൾ, തേൻ, എണ്ണകൾ, ചായ, അച്ചാറുകൾ, പപ്പടം, തുകൽ വസ്തുക്കൾ എന്നിവ രാജ്യത്തുടനീളം മാത്രമല്ല, വിദേശത്തെയും ഉപഭോക്താക്കളെ ആകർഷിക്കുന്നു. ഇത് അഞ്ച് വർഷത്തിനുള്ളിൽ ഗ്രാമ വ്യവസായ ഉൽപന്നങ്ങളുടെ ഉൽപ്പാദനവും വിൽപ്പനയും ഇരട്ടിയാക്കി. പ്രധാനമന്ത്രിയുടെ നിരന്തര പരിശ്രമങ്ങളാണ് ഖാദിയുടെ അസാധാരണമായ വളർച്ചയെന്ന് കെവിഐസി ചെയർമാൻ വിനയ് കുമാർ സക്സേന പറഞ്ഞു.. ■

## പ്രധാനമന്ത്രിയുടെ അഭ്യർത്ഥന ഖാദിക്കു സമ്മാനിച്ചത് മികച്ച നൂലിഴകൾ

### ഉൽപ്പാദനവും വിൽപ്പനയും പുതിയ ഉയരത്തിലെത്തി

| മേഖല | 2013-14 | | 2019-20 | |
|---|---|---|---|---|
| | ഉൽപ്പാദനം | വിൽപ്പന | ഉൽപ്പാദനം | വിൽപ്പന |
| ഖാദി | ₹811.08 | ₹1,081.04 | ₹2,292.44 | ₹ 4,211.26 |
| ഗ്രാമ വ്യവസായം | ₹25,298 | ₹26,689 | ₹65,393.40 | ₹84,675.39 |

ഉൽപ്പാദനവും വിൽപ്പനയും കോടിക്കണക്കിൽ

**തൊഴിൽ**
**2014-20**
**ഹണി മിഷൻ**
**13,657**
**ഖാദി**
**ഏകദേശം 3 ലക്ഷം**
**ഖാദി ഗ്രാമ വ്യവസായം**
**ഏകദേശം 30 ലക്ഷം**



# സമൃദ്ധമായ നൂതനാശയങ്ങൾ

**സ്റ്റാർട്ട് അപ് ഇന്ത്യ, അടൽ ഇന്നൊവേഷൻ മിഷൻ, മേക്ക് ഇൻ ഇന്ത്യ തുടങ്ങിയ കേന്ദ്ര ഗവൺമെന്റ് പദ്ധതികൾ, ആഗോള നൂതനാശയ സൂചികയിൽ ആദ്യ 50 രാജ്യങ്ങളുടെ പട്ടികയിൽ ഇടം നേടാൻ ഇന്ത്യയെ സഹായിച്ചു.**

ഏതൊരു സമൂഹത്തിനും അല്ലെങ്കിൽ രാജ്യത്തിനും വളരുന്നതിനും മത്സര ക്ഷമമാകുന്നതിനും മാറ്റങ്ങളും നൂതനാശയങ്ങളും അനിവാര്യമാണ്. 'പഠനവും നൂതനാശയങ്ങളും ഒരുമിച്ചു പോകണം. നിങ്ങൾ ഇന്നലെ ചെയ്തത്, നാളത്തേയ്ക്ക് പര്യാപ്തമാകുമെന്ന ചിന്തയാണ് വിജയത്തിന്റെ ഗർവ്വം' എന്ന് വിഖ്യാത ഇംഗ്ലീഷ് സാഹിത്യകാരൻ വില്യം പൊളാർഡിന്റെ പ്രശസ്ത വാചകം ഇവിടെ വളരെ അനുയോജ്യമാണ്.

ഗവൺമെന്റിന്റെ നടപടികളും, നൂതനാശയങ്ങൾ ഗവേഷണം, വികസനം എന്നിവയിൽ ചെലുത്തുന്ന ശ്രദ്ധയും, ഫലങ്ങൾ നൽകുന്നു. വേൾഡ് ഇന്റലക്ചൽ പ്രോപ്പർട്ടി ഓർഗനൈസേഷൻ (WIPO) ന്റെ ആഗോള നൂതനാശയ സൂചിക (GII) 2020 ൽ റാങ്ക് പട്ടികയിൽ, ഇന്ത്യ ആദ്യ 50 രാജ്യങ്ങളുടെ പട്ടികയിലേയ്ക്ക് മുന്നേറിയിരിക്കുന്നു. സ്റ്റാർട്ട് അപ് ഇന്ത്യ, അടൽ ഇന്നൊവേഷൻ മിഷൻ, മേക്ക് ഇൻ ഇന്ത്യ, അടൽ ടിങ്കറിങ് ലാബ്, ഹാക്കത്തൺ എന്നിവ നൂതനാശയങ്ങളിൽ സഹായിക്കുന്ന പദ്ധതികളാണ്.



2020 സൂചികയിൽ ഇന്ത്യ നാല് പടവുകളാണ് മുന്നേറിയത്. 2020 റാങ്ക് പട്ടികയിൽ ഇന്ത്യയ്ക്ക് 48-ാം സ്ഥാനമാണുള്ളത്. രാജ്യത്തിന്റെ ശക്തമായ ഗവേഷണ വികസന പരിസ്ഥിതിയുടെ നേർസാക്ഷ്യമായ ഇത്, കോവിഡ് 19 പ്രതിസന്ധികൾക്കിടയിലെയും നല്ല വാർത്തയായിരുന്നു.

2019 ൽ 52-ാമത് സ്ഥാനത്തായിരുന്ന ഇന്ത്യ, 2015 ൽ 81-ാം സ്ഥാനത്തായിരുന്നു. നൂതനാശയ വികസിതരായ രാജ്യങ്ങളുടെ പട്ടികയിൽ ഉൾപ്പെടുക എന്നത് വലിയ നേട്ടമാണ് 2019 ലെ നൂതനാശയ രംഗത്ത്, മധ്യ, ദക്ഷിണേഷ്യൻ മേഖലയിലെ രാജ്യങ്ങളിൽ ഇന്ത്യ മുന്നിട്ട് നിൽക്കുന്നതായി, വിപോ (WIPO) വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്.

രാജ്യത്തെ പൊതു സ്വകാര്യ ഗവേഷണ സ്ഥാപനങ്ങൾ നടത്തുന്ന മികച്ച പ്രവർത്തനങ്ങൾക്കൊപ്പം, സമ്പന്നമായ വൈജ്ഞാനിക മൂലധനം, ഊർജ്ജസ്വലമായ സ്റ്റാർട്ട് അപ്പ് പരിസ്ഥിതി എന്നിവയ്ക്കും ആഗോള നൂതനാശയ സൂചികയിലെ സ്ഥിരമായ മുന്നേറ്റത്തിന് സഹായകമായിട്ടുണ്ട്.

ഇത് കൂടാതെ, 2020 ലെ ദേശീയ വിദ്യാഭ്യാസ നയം രാജ്യത്തെ യുവാക്കളുടെയും കുട്ടികളുടെയും നൂതനാശയങ്ങളോടുള്ള ഉത്സാഹം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പടവാണ്. നിതി ആയോഗ്, കഴിഞ്ഞ വർഷം പ്രസിദ്ധീകരിച്ച ഇന്ത്യ നൂതനാശയ സൂചിക, വിവിധ സംസ്ഥാനങ്ങളിലേയ്ക്കുള്ള നൂതനാശയ വികേന്ദ്രീകരണത്തിനുള്ള പ്രധാന നടപടിയായി പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ആഗോള സൂചികയിൽ, ആദ്യ 25 രാജ്യങ്ങളുടെ പട്ടികയിൽ ഇടം പിടിക്കുന്നതിനായി, പരിശ്രമങ്ങൾ ഇരട്ടിയാക്കാനുള്ള തയ്യാറെടുപ്പിലാണ് ഇന്ത്യ. കഴിഞ്ഞ ആറ് വർഷമായി ഈ രംഗത്ത്, വിജയകരമായ യാത്രയായിരുന്നു. 2020 ജി.ഐ.ഐ. റിപ്പോർട്ട് പ്രകാരം, 50,000 സ്റ്റാർട്ട് അപ്പുകളുള്ള ഇന്ത്യ, യു.എസിനും യുകെ.യ്ക്കും പിന്നിൽ സ്റ്റാർട്ട് അപ്പ് സമ്പദ് വ്യവസ്ഥയിൽ മൂന്നാം സ്ഥാനത്താണ്.

റിപ്പോർട്ട് പ്രകാരം 2018 ലെ 57-ാമത് റാങ്കിൽ നിന്നും ഉയർന്ന് 2019 ൽ 52-ാം സ്ഥാനത്തെത്തി. സൂറിച്ച് ആസ്ഥാനമായ ആഗോള സ്റ്റാർട്ട് അപ്പ് ഗവേഷണ കേന്ദ്രമായ സ്റ്റാർട്ട് അപ്പ് ബ്ലിങ്കിന്റെ പഠനപ്രകാരം 2019 ൽ ശക്തിമത്തായ സ്റ്റാർട്ട് അപ്പ് പരിതസ്ഥിതിയുള്ള 100 രാജ്യങ്ങളിൽ, ഇന്ത്യയ്ക്ക് 17-ാം സ്ഥാനമാണുള്ളത്. 2018 ലെ 37-ാം റാങ്കിൽ നിന്നും 20 പടവുകൾ മുന്നേറിയാണ് 17-ാം സ്ഥാനത്തെത്തിയത്. ഏകദേശം 80 സൂചകങ്ങൾ അടിസ്ഥാനമാക്കിയാണ് ആഗോള നൂതനാശയ സൂചിക പ്രസിദ്ധീകരിക്കുന്നത്. ■

## ഗവൺമെന്റ് 118 ആപ്പുകൾ നിരോധിച്ചു




രാജ്യത്തിന്റെ അഖണ്ഡതയ്ക്കും പരമാധികാരത്തിനും ഹാനികരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന 118 മൊബൈൽ ആപ്ലിക്കേഷനുകളെ കേന്ദ്ര ഇലക്ട്രോണിക്സ് & ഐ.ടി. മന്ത്രാലയം നിരോധിച്ചു. ഐ ഒ സ്, ആൻഡ്രോയ്ഡ് പ്ലാറ്റ്ഫോമുകളിലുള്ള ആപ്പുകൾ പലതും അനധികൃത മാർഗങ്ങളിലൂടെ ഉപയോക്താക്കളുടെ ഡാറ്റ മോഷ്ടിക്കുകയും അതുവഴി അവരെ വഞ്ചിക്കുകയും ചെയ്തായി പല സ്രോതസുകളിൽ നിന്നും പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് മന്ത്രാലയത്തിന്റെ നടപടി ഉപയോക്താക്കളുടെ ഡേറ്റ, ഇന്ത്യക്കു പുറത്തുള്ള സെർവറുകളിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടുന്നതായും മന്ത്രാലയത്തിന് പരാതികൾ ലഭിച്ചിരുന്നു.

പിയുഎസ്എൻ ലോഞ്ചർ പ്രോ തീം, ലൈവ് വാൾ പേപ്പറുകൾ, സ്മാർട്ട്, എപിയുസ് ലോഞ്ചർ തീം, കാൾ ഷോ, വാൾപേപ്പർ, ഹൈഡ് ആപ്, ബെയ്ഡു, ഫേസ് യു ഇൻസ്പൈർ യുവർ ബ്യൂട്ടി, ഷവോമിയുടെ ഷെയർസേവ്, ലേറ്റസ്റ്റ് ഗാഡ്ജെറ്റ്, അമേസിങ് ഡീൽ, ക്യാം കാർഡ് - ബിസിനസ് കാർഡ് റീഡർ, വി ചാറ്റ് റീഡിങ്, സൈബർ ഹണ്ടർ, ലുഡോ വേൾഡ്, ലൂഡോ സൂപ്പർ സ്റ്റാർ, ഡാങ്ക് ടാങ്ക്സ്, പബ്ജി മൊബൈൽ നോർഡിക് മാപ്, ലി വിക്, പബ്ജി മൊബൈൽ ലൈറ്റ് എന്നിവയാണ് നിരോധിച്ച ചില മൊബൈൽ ആപ്ലിക്കേഷനുകൾ



# തൊഴിലാളികളെ ശാക്തീകരിക്കുന്നതിനുള്ള തൊഴിൽ നിയമ സംഹിതകൾ

## സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ വിപുലീകരണം മെച്ചപ്പെട്ട വേതനം, സൗജന്യ ആരോഗ്യ സുരക്ഷ, ഔഷധങ്ങൾ, ജോലി സ്ഥലത്ത് സുരക്ഷ ലഭ്യമാക്കുകയും സുരക്ഷ വർധിപ്പിക്കുകയും ചെയ്യുക എന്നിവയാണ് നാല് തൊഴിൽ നിയമ സംഹിതകളുടെ പ്രധാന ശ്രദ്ധാ മേഖലകൾ

സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി, 50 കോടിയോളം തൊഴിലാളികൾക്ക് സങ്കീർണമായ തൊഴിൽ നിയമങ്ങളിൽ നിന്നും മോചനം നൽകിക്കൊണ്ട്, അവരെ സാമൂഹ്യ സുരക്ഷാ പരിധിയിൽ ഉൾപ്പെടുത്താനുള്ള ആശ്വാസ നടപടികൾക്ക് ഈ ഗവൺമെന്റ് തുടക്കം കുറിച്ചു.

തൊഴിൽ പരിഷ്ക്കരണ നടപടികളുടെ ഭാഗമായി വേതനം, വ്യാവസായിക ബന്ധം, സാമൂഹ്യ സുരക്ഷ, ആരോഗ്യ പരവും സുരക്ഷിതവുമായ തൊഴിൽ സാഹചര്യം എന്നീ മേഖലകളിലുള്ള നിരവധി തൊഴിൽ നിയമങ്ങളെ സംയോജിപ്പിച്ചുകൊണ്ട് നാല് നിയമ സംഹിതകൾ രൂപീകരിക്കും.

രാജ്യത്തെ തൊഴിലാളികൾക്ക് അന്തസുള്ള ജീവിതവും അവർക്ക് സാമൂഹ്യസുരക്ഷാ നേട്ടങ്ങളും ഉറപ്പുവരുത്തുകയാണ് നിയമത്തിലൂടെ ലക്ഷ്യമിടുന്നത്. അസംഘടിത മേഖലിൽ പണിയെടുക്കുന്ന രാജ്യത്തെ തൊഴിൽ ശക്തിയുടെ 93% ത്തിന്റെയും താൽപ്പര്യങ്ങളെ സംരക്ഷിക്കാനുതകുന്ന ഒരു നിയമവും നിലവിലില്ല എന്ന ദുരിതാവസ്ഥയിൽ നിന്നും അവരെ രക്ഷിക്കാനാണ് ഉദ്ദേശ്യം. സംഘടിത മേഖലയിൽ വെറും 70% തൊഴിലാളികളാണ് ജോലിയെടുക്കുന്നത്. തൊഴിൽ നിയമ പരിഷ്ക്കരണങ്ങൾക്ക് ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്.

2014 ഒക്ടോബർ 16 ന് 'ശ്രമേവ ജയതേ', ഉദ്ഘാടനം ചെയ്ത പ്രധാനമന്ത്രി, തൊഴിലാളികളെ രാഷ്ട്ര ശിൽപ്പികൾ എന്നാണ് അഭിസംബോധന ചെയ്തത്.

ശ്രമേവ ജയതേയുടെ കീഴിൽ അഞ്ച് വലിയ പദ്ധതികൾക്കാണ് ഗവൺമെന്റ് തുടക്കം കുറിച്ചത്. ആദായ നികുതി റിട്ടേൺ ഉൾപ്പെടെ 16 തൊഴിൽ നിയമങ്ങളുടെ നിർവ്വഹണം, ഒരൊറ്റ ഓൺലൈൻ ഫോമിലൂടെ സാധ്യമാകുന്ന വിധം ലളിതവൽക്കരിക്കുന്ന പദ്ധതിയായ 'ശ്രം സുവിധ പോർട്ടൽ' ആണ് ഇവയിൽ പ്രധാനപ്പെട്ടത്. പരിശോധനാ യൂണറ്റുകളെ ക്രമരഹിതമായി തിരഞ്ഞെടുക്കുന്ന സുതാര്യ പദ്ധതിയാണ്, മറ്റൊരു പരിഷ്കരണ നടപടി. അനാവശ്യമായ 'ഇൻസ്പെക്ടർ രാജ്' ഉപദ്രവം ഒഴിവാക്കി, മികച്ച നിർവ്വഹണത്തിന് ഇത് സഹായിക്കും.

സംഘടിത മേഖലയിലെ ഇ.പി.എഫ് വരിക്കാർക്കായി യൂണിവേഴ്സൽ അക്കൗണ്ട് നമ്പർ (UAN) വഴി പോർട്ടബിലിറ്റി സംവിധാനം ആദ്യമായി ഏർപ്പെടുത്തി. ഇതിലൂടെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷന്റെ പക്കൽ തീർപ്പാക്കപ്പെടാതിരുന്ന 27,000 കോടി രൂപയുടെ നഷ്ടപരിഹാരം നൽകുന്ന നടപടികൾ സുഗമമായി.

അസംഘടിത മേഖലയിലെ വൃദ്ധരായ തൊഴിലാളികളെ സാമൂഹ്യ സുരക്ഷാ പരിധിയിൽ ഉൾപ്പെടുത്തി 60 വയസ് തികഞ്ഞ, തൊഴിലാളികൾക്ക് പ്രതിമാസം 3000 രൂപ നിരക്കിൽ പെൻഷൻ നൽകുന്നതിന് പ്രധാനമന്ത്രി ശ്രംയോഗി മാൻധൻ പദ്ധതി ആരംഭിച്ചു.

ഈ പദ്ധതികളെയെല്ലാം ഉൾപ്പെടുത്തി നിലവിലുള്ള തൊഴിൽ നിയമങ്ങളെ നാല് നിയമ സംഹിതയാക്കി സംയോജിപ്പിക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. ഒരു നിയമസംഹിത, വേതനത്തെപ്പറ്റി പരിഗണിക്കുമ്പോൾ മറ്റൊന്ന് തൊഴിലിടങ്ങളിലെ സുരക്ഷയും ആരോഗ്യപരമായ സാഹചര്യവും ഉറപ്പുവരുത്തും. സാമൂഹ്യ സുരക്ഷയ്ക്ക് ഒരു സംഹിതയും മറ്റൊന്ന് വ്യവസായ ബന്ധവുമായി ബന്ധപ്പെട്ടുള്ളതുമായിരിക്കും. വേതന നിയമസംഹിത പാർലമെന്റ് ഇതിനോടകം പാസാക്കി കഴിഞ്ഞു. മറ്റുള്ള മൂന്ന് നിയമസംഹിതയും മന്ത്രിസഭ, അംഗീകരിച്ചു കഴിഞ്ഞു.

### നിയമങ്ങളുടെ സങ്കീർണതകളിൽ നിന്ന് സ്വാതന്ത്ര്യം

ബ്രിട്ടീഷ് ഭരണകാലത്തുള്ളതാണ് പല തൊഴിൽ നിയമങ്ങളും. കാലം, കഴിഞ്ഞിട്ടും ഇവയിൽ പലതിലും മാറ്റം വരുത്താതെ, അനാവശ്യമായിത്തീർന്നിട്ടുണ്ട്. തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുപകരം അവ, തടസ്സങ്ങൾ സൃഷ്ടിക്കുന്നു. ഒരു കാര്യത്തിന് പല ഫോമുകൾ പൂരിപ്പിക്കേണ്ടി വരുന്ന വിധത്തിൽ നൂലാമാലകൾ നിറഞ്ഞതാണ് നിയമങ്ങൾ. ഈ സാഹചര്യത്തിലാണ്, ഗവൺമെന്റ് അവയെ നാല് സംഹിതകളിലുൾപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നത്.

**കുടിയേറ്റ തൊഴിലാളികൾക്കുവേണ്ടിയുള്ള ജാഗ്രത**

കോവിഡ് 19 ലോക്ക്ഡൗൺ വേളയിൽ, കുടിയേറ്റ തൊഴിലാളികളുടെ സുരക്ഷയിൽ പ്രധാനമന്ത്രി ജാഗ്രത പുലർത്തുകയും പ്രതിസന്ധി അവരെ ബാധിക്കാതിരിക്കാൻ എല്ലാ നടപടികളും സ്വീകരിക്കുകയും ചെയ്തു. സൗജന്യ റേഷൻ നൽകിയതു മുതൽ, അവരുടെ ആശ്വാസത്തിനായി ഗവൺമെന്റ് പല പദ്ധതികളും നടപ്പാക്കി.

കുടിയേറ്റ തൊഴിലാളികളുടെ അവസ്ഥയിൽ പ്രധാനമന്ത്രി ദുഃഖിതനായിരുന്നു. അതേസമയം, തൊഴിലാളികൾക്ക് മികച്ച ഭാവി സുരക്ഷിതമാക്കുന്നതിനുള്ള നിയമങ്ങൾ പുതിയ മൂന്ന് സംഹിതകളിൽ ഉൾച്ചേർക്കുന്നതിനുള്ള നിരന്തര ശ്രമങ്ങളും നടത്തിവരുന്നുണ്ടായിരുന്നു. ഇപ്പോൾ, കുടിയേറ്റ തൊഴിലാളികൾക്കായി ദേശീയ ഡാറ്റാബേസ് തയ്യാറാക്കുന്നുണ്ട്. ഇതിലൂടെ അവർ ഒരു സംസ്ഥാനത്തു നിന്നും മറ്റൊരിടത്തേയ്ക്കു പോയാലും, അവർ ഒരേ നിയമ സംഹിതയ്ക്ക് കീഴിൽ ഉൾപ്പെടും.

# സാമൂഹികം

## ഇ.എസ്.ഐ.സി.യുടെ പദ്ധതി വിപുലപ്പെടുത്തൽ

### ഇ.എസ്.ഐ.സി.യുടെ നേട്ടങ്ങൾ 50 ആക്കി വിപുലപ്പെടുത്തി

- അസംഘടിത മേഖലയിൽ സാമൂഹ്യ സുരക്ഷാ ഫണ്ട്
- തൊഴിലാളികളിൽ നിന്ന് ചെറിയൊരു വിഹിതം വാങ്ങിക്കൊണ്ട്, ഇ.എസ്.ഐ. കോർപ്പറേഷൻ, തൊഴിലാളികൾക്ക് സൗജന്യ ആരോഗ്യ സുരക്ഷയും ഔഷധങ്ങളും ലഭ്യമാക്കും
- അസംഘടിത മേഖലയിലെ തൊഴിലാളിക്കൾക്കുവേണ്ടിയും ഇ.എസ്.ഐ. കോർപ്പറേഷന്റെ വാതിലുകൾ തുറന്നിട്ടിരിക്കുന്നു.
- ഇ.എസ്.ഐ. കോർപ്പറേഷന്റെ ആശുപത്രികൾ, ഡിസ്പെൻസറികൾ, ശാഖകൾ എന്നിവ ജില്ലാതലങ്ങളിലേക്ക് വ്യാപിപ്പിച്ചു.



## വേതന നിയമം

**സംഘടിത മേഖലയിലെയും അസംഘടിത മേഖലയിലെയും 50 കോടി തൊഴിലാളികൾക്ക് കുറഞ്ഞ വേതനം ഉറപ്പുവരുത്തും**

- എല്ലാ തൊഴിലാളികൾക്കും കുറഞ്ഞ വേതനം ഉറപ്പുവരുത്തും.
- എല്ലാ തൊഴിലാളികൾക്കും യഥാസമയം വേതനം ഉറപ്പാക്കും
- വേതനത്തിൽ, ലിംഗ വിവേചനം അനുവദിക്കില്ല
- പ്രാദേശിക വ്യത്യാസമില്ലാതെ കുറഞ്ഞ വേതനം ലഭിക്കാൻ അവസരം

## തൊഴിൽ സുരക്ഷയും ആരോഗ്യവും (OSH) നിയമ സംഹിത

- തൊഴിൽ നഷ്ടമുായാൽ മൂന്ന് മാസത്തെ ശമ്പളത്തിന്റെ പകുതി നൽകണം
- തൊഴിൽ നഷ്ടപ്പെട്ടതിനുശേഷം, മറ്റൊരു പുതിയ തൊഴിൽ പഠിക്കുന്നതിന് പുനർ നൈപുണ്യ പ്രവർത്തനത്തിന് 15 ദിവസത്തെ ശമ്പളം
- എല്ലാ തൊഴിലാളികൾക്കും അപ്പോയിന്റ്മെന്റ് ലെറ്റർ
- വർഷത്തിൽ ഒരിക്കൽ, നാട്ടിൽ പോകുന്നതിന് കുടിയേറ്റ തൊഴിലാളികൾക്ക് യാത്രാബത്ത
- കുടിയേറ്റ തൊഴിലാളികൾക്ക് നിലവിലെ തൊഴിൽ സ്ഥലത്ത് റേഷൻ കാർഡ് പോർട്ടബിലിറ്റി സംവിധാനം
- തൊഴിൽ സ്ഥലത്തുാകുന്ന ദുരന്തത്തിൽ, തൊഴിലാളിക്ക് അംഗഭംഗം സംഭവിച്ചാൽ, നഷ്ടപരിഹാരത്തിനൊപ്പം, തൊഴിലുടമയ്ക്ക് ലഭിക്കുന്ന നഷ്ടപരിഹാരത്തിന്റെ പകുതിയും നൽകണം
- തൊഴിലാളികൾക്ക് വാർഷിക ആരോഗ്യ പരിശോധന
- ഏത് മേഖലയിലും തൊഴിൽ നോക്കാൻ വനിതാ ജീവനക്കാർക്ക് അനുവാദം
- രാത്രി ഷിഫ്റ്റിൽ ജോലി ചെയ്യുന്ന വനിതാ ജീവനക്കാർക്ക് സുരക്ഷയും വാഹന സൗകര്യവും
- നിർമാണ മേഖലയിലെ തൊഴിലാളികൾക്ക്, അവർക്കായി രൂപീകരിച്ചിരിക്കുന്ന ഫണ്ടിൽ നിന്നും ധനസഹായം

# സുരക്ഷാ നിയമം

## (ആരോഗ്യവും & ഇൻഷുറൻസും)

**ആധുനിക സാങ്കേതികവിദ്യ സൗകര്യങ്ങളായ യൂബർ, ഓല, ഫ്ളിപ്കാർട്ട്, ആമസോൺ തുടങ്ങിയവ ലക്ഷക്കണക്കിന് തൊഴിലാളികൾ ഉപയോഗിക്കുന്നു**

- അപകടകരമായ തൊഴിൽ യൂണിറ്റിൽ ജോലി നോക്കുന്ന ഓരോ തൊഴിലാളിക്കും ഇ.എസ്.ഐ.സി നേട്ടങ്ങൾ
- തോട്ടം തൊഴിലാളികൾക്കും ഇ.എസ്.ഐ.സി പ്രയോജനം
- 10 തൊഴിലാളികളിൽ താഴെയുള്ള യൂണിറ്റുകളിലുള്ളവർക്കും സ്വമേധയാ, ഇ.എസ്.ഐ.സി.യിൽ ചേരാൻ അവസരം



- ഓരോ തൊഴിലാളിക്കും സമയ ബന്ധിതമായി വേതനം ഉറപ്പ്
- വേതനത്തിന്റെ കാര്യത്തിൽ ലിംഗ വേർതിരിവില്ല
- പ്രാദേശികമായ വ്യത്യാസങ്ങൾ അകറ്റാൻ മിനിമം ഫ്ളോർ വേജ്

## ഇ.പി.എഫ്.ഒ. വിപുലീകരണം (പെൻഷൻ)

- സംഘടിത, അസംഘടിത, സ്വയംതൊഴിൽ മേഖലകളിലെ എല്ലാ തൊഴിലാളികൾക്കും പെൻഷൻ ആനുകൂല്യം
- സ്വയംതൊഴിൽ വിഭാഗത്തിൽപ്പെട്ട തൊഴിലാളികളെയും മറ്റു വിഭാഗങ്ങളിൽപ്പെട്ടവരെയും ഇ.പി.എഫ്.ഒ. യുടെ കീഴിൽ ഉൾപ്പെടുത്തും.
- അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി സാമൂഹ്യസുരക്ഷാ ഫണ്ട്
- കുറഞ്ഞ സർവീസ് കാലാവധി കരാർ ഇല്ലാത്ത, നിശ്ചിത കാലത്തേയ്ക്ക് മാത്രം തൊഴിൽ ചെയ്യുന്നവർക്ക് ഗ്രാറ്റുവിറ്റി
- റഗുലർ ജീവനക്കാരനുള്ള, സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങൾ, നിശ്ചിത കാലത്തേയ്ക്ക് മാത്രം തൊഴിൽ ചെയ്യുന്നവർക്കും
- അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ദേശീയ ഡാറ്റാബേസ് തയ്യാറാക്കുന്നതിന് പോർട്ടൽ വഴി രജിസ്ട്രേഷൻ
- ഇപ്പോൾ ഇരുപതിൽ അധികം തൊഴിലാളികളുള്ള സ്ഥാപനങ്ങൾ ഒഴിവുകൾ ഓൺലൈനായി റിപ്പോർട്ട് ചെയ്യണം.



## വ്യാവസായിക ബന്ധങ്ങളുടെ (IR) സംഹിത

- ട്രൈബ്യൂണലുകളിൽ നിന്നും തൊഴിലാളികൾക്ക് നീതി വേഗത്തിൽ ലഭ്യമാക്കൽ
- ട്രൈബ്യൂണലുകളിലുള്ള തൊഴിലാളികളുടെ പരാതികൾ ഒരു വർഷത്തിനുള്ളിൽ പരിഹരിക്കൽ
- പരാതിപരിഹാരത്തിനായി ട്രൈബ്യൂണലിലെ രണ്ട് അംഗങ്ങൾക്ക് പ്രത്യേക ചുമതല
- 51% വോട്ട് നേടിയ ട്രേഡ് യൂണിയനുകൾക്ക് അംഗീകാരം, പരാതിപരിഹാര ഉടമ്പടിക്ക് അംഗീകൃത യൂണിയനുകളുടെ സഹായം.
- മറ്റിടങ്ങളിൽ എല്ലാ യൂണിയനിൽ നിന്നും അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് പ്രത്യേക സമിതി.
- ജോലി നഷ്ടപ്പെടുന്ന ഏതൊരു തൊഴിലാളിക്കും അടൽ ബിമിത് വ്യക്തി കല്യാൺ യോജനയുടെ മാനദണ്ഡങ്ങൾ അനുസരിച്ച് വേതനം നൽകണം
- ജോലി നഷ്ടമായ ശേഷം ഒരു പുതിയ തൊഴിൽ പഠിക്കുന്നതിന് 15 ദിവസത്തെ ശമ്പളം നൽകണം
- ട്രേഡ് യൂണിയനുകൾക്ക് കേന്ദ്ര, സംസ്ഥാന തലങ്ങളിൽ അംഗീകാരം നൽകണം.ഇതാദ്യമായാണ് ഇത്തരത്തിൽ അംഗീകാരം നൽകുന്നത്.



## കൊറോണക്കാലത്ത് തൊഴിലാളികൾക്ക് സഹായം

**80** കോടി പേർക്ക് 8 മാസത്തേയ്ക്ക് സൗജന്യ റേഷൻ

- തൊഴിലാളികൾക്ക് നാട്ടിലേയ്ക്ക് മടങ്ങാൻ ട്രെയിൻ, ബസ് സൗകര്യം
- മടങ്ങിയെത്തുന്ന കുടിയേറ്റ തൊഴിലാളികൾക്ക് വീടിനു സമീപം തൊഴിൽ നൽകുന്നതിന് പി.എം. ഗരീബ് കല്യാൺ റോസ് ഗർ അഭിയാൻ
- 116 ജില്ലകളിലെ 23,000 ത്തോളം തൊഴിലാളികൾ പദ്ധതി വഴി ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു.

ഇതുവരെ, കരാറുകാരുടെ കീഴിൽ തൊഴിൽ നോക്കുന്ന കുടിയേറ്റക്കാർക്ക് മാത്രമേ നിയമ പരിരക്ഷ ലഭ്യമായിരുന്നുള്ളൂ. പുതിയ തൊഴിൽ നിയമസംഹിതയനുസരിച്ച്, വർഷത്തിലൊരിക്കൽ, തൊഴിലാളികൾക്ക് നാട്ടിലേയ്ക്ക് മടങ്ങാൻ, തൊഴിലുടമ യാത്രാബത്ത നൽകണം.

**തൊഴിലാളി – തൊഴിലുടമ ബന്ധം**

നാല് നിയമസംഹിതയും, തൊഴിലാളികളുടെയും തൊഴിലുടമകളുടെയും അവകാശങ്ങളിൽ ഒരു സന്തുലനം സൃഷ്ടിക്കുന്നു. ഇന്ത്യൻ ലേബർ കോൺഫറൻസിന്റെ 46-ാമത് സെഷനെ അഭിസംബോധന ചെയ്ത് കൊണ്ട്, 2015 ജൂലൈ 20 ന് പ്രധാനമന്ത്രി പ്രകടിപ്പിച്ച ചിന്തകളെ അടിസ്ഥാനപ്പെടുത്തിയാണ് ഇത് തീരുമാനിച്ചത്. രാഷ്ട്ര നിർമാണത്തിൽ തൊഴിലാളികൾ, കർഷകർ, ജോലിക്കാർ എന്നിവർക്ക് പ്രധാന പങ്ക് വഹിക്കാനാകുമെന്ന് പ്രധാനമന്ത്രി വിശ്വസിക്കുന്നു. തൊഴിലാളി അസന്തുഷ്ടനാണെങ്കിൽ, രാജ്യത്തിന് സന്തുഷ്ടിയുണ്ടാവില്ല. 'സമൂഹമെന്ന നിലയിൽ, തൊഴിൽ മാന്യതയെ നാം ബഹുമാനിക്കണം' അദ്ദേഹം പറഞ്ഞു. തൊഴിലുടമയും തൊഴിലാളിയും തമ്മിൽ ഒരു ബന്ധം ഉണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു. സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പിന് ഇരുകൂട്ടർക്കും പരസ്പര ബഹുമാനം വേണം. തൊഴിലുടമയ്ക്ക് തൊഴിലാളിയോടും, തിരിച്ചും കരുണ ഉണ്ടാകണം.

> **നാല് നിയമസംഹിതകളും തൊഴിലാളികളുടെയും തൊഴിൽ ഉടമകളുടെയും അവകാശങ്ങൾ തമ്മിൽ ഒരു സന്തുലനം സൃഷ്ടിക്കും. 2015 ജൂലൈ 20 ന് പ്രധാനമന്ത്രി തന്റെ പ്രസംഗത്തിൽ പരാമർശിച്ച ചിന്തയിൽ നിന്നാണ് ഈ തീരുമാനം.**

**തൊഴിലാളികൾക്ക് നിയമം മനസിലാക്കാനും, അവകാശങ്ങൾ നേടിയെടുക്കാനും കഴിയും**

തൊഴിൽ നിയമപരിഷ്ക്കരണങ്ങളിൽ, ഗവൺമെന്റിന്റെ ഉദ്ദേശ്യവും പദ്ധതിയും ആദ്യ കാലയളവിൽത്തന്നെ വ്യക്തമായിരുന്നു. സമഗ്രമായ കാഴ്ചപ്പാടോടെ, തൊ

## സംഘടിത, അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സംരക്ഷണം

50 കോടി തൊഴിലാളികളുള്ള രാജ്യമാണ് ഇന്ത്യ. ഇതിൽ 93% വും അസംഘടിത മേഖലയിലുള്ളവരാണ്. കർശന തൊഴിൽ നിയമങ്ങൾ കാരണം ഈ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. തൊഴിൽ സംഘടനകളുടെ കണക്ക് പ്രകാരം, സംഘടിത മേഖലയിലെ 7% തൊഴിലാളികളിൽ പകുതിയിലേറെപ്പേരും കരാർ അടിസ്ഥാനത്തിലോ, പുറം കരാർ വ്യവസ്ഥയിലോ ആണ് ജോലി നോക്കുന്നത്. അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന്, ഗവൺമെന്റിന് കഴിയുമായിരുന്നില്ല.

ഈ പ്രശ്നം പരിഹരിക്കുന്നതിന്, 2002 ൽ രണ്ടാം ലേബർ കമ്മീഷൻ, റിപ്പോർട്ടിൽ തൊഴിൽ നിയമങ്ങളെ, തൊഴിൽ നിയമ സംഹിതകളാക്കി മാറ്റണമെന്ന് ശുപാർശ നൽകി. എന്നാൽ 2004 മുതൽ 2014 വരെ, ഇതിൽ പുരോഗതി ഉണ്ടായിട്ടില്ല. 2014 ൽ ഡൽഹിയിൽ പ്രധാനമന്ത്രി അധികാരമേറ്റയുടൻ, തൊഴിൽ നിയമസംഹിതയ്ക്കായി സുപ്രധാന നടപടികൾ സ്വീകരിച്ചു.

# അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷാ ആനുകൂല്യം.

അസംഘടിത മേഖലയിലെ മുഴുവൻ തൊഴിലാളികളെയും, സാമൂഹ്യ സുരക്ഷാ പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഗവൺമെന്റ് ചരിത്ര നടപടിക്ക് തുടക്കം കുറിച്ചു. 2011 - 12 കാലയളവിലാണ് സാമൂഹ്യ സുരക്ഷാ നിയമത്തിനുള്ള ആവശ്യം ഉന്നയിക്കപ്പെട്ടത്. എങ്കിലും, ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം നിരവധി ബോധവൽക്കരണ പരിപാടികളിലൂടെയാണ് ഇതിന്റെ വേഗത്തിലുള്ള നിർവഹണം സാധ്യമായത്. നേരത്തെ, ഇത്തരമൊരു പരിഷ്ക്കാരം സാധ്യമല്ല എന്നാണ് വിശ്വസിച്ചിരുന്നത്. സംസ്ഥാന ഗവൺമെന്റുകളിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള സാധ്യത വർധിപ്പിച്ചത് ജി.എസ്.ടി.യാണ്. വരിയിലെ അവസാന ആളിന്റെ ആവശ്യവും ഗവൺമെന്റ് നിറവേറ്റുന്നു. സാധാരണക്കാരന്റെ ഭാഷയിൽ പറഞ്ഞാൽ, സാമൂഹ്യ സുരക്ഷാ സംഹിതയിലൂടെ വൻ വ്യവസായിക്കും പഴയ കടലാസ് ശേഖരിച്ച് വിൽക്കുന്നവനും പെൻഷനും ആരോഗ്യ സുരക്ഷയും



ലഭ്യമാക്കി ഒരേതരം സാമൂഹ്യ സുരക്ഷ ഉറപ്പാക്കി. പാവപ്പെട്ടവരിൽ പാവപ്പെട്ടവർ പോലും, ഈ അടിസ്ഥാന അവകാശങ്ങളിൽ നിന്നും പുറത്താക്കപ്പെടുന്നില്ല. നിലവിൽ സംസ്ഥാനങ്ങൾക്കും, കേന്ദ്രത്തിനും നിരവധി പദ്ധതികളുണ്ട്. ഇവയെല്ലാം സംയോജിപ്പിക്കാനാണ് നീക്കം. ഈ നിയമസംഹിതകളിൽ മൂന്ന് തരത്തിലുള്ള പൗരന്മാരുണ്ടാകും. ഒന്ന് - ഉയർന്ന വർഗം - അവർക്ക് സ്വയം സുരക്ഷ നൽകാനാവും. രണ്ട് - തൊഴിലുടമയിൽ നിന്ന് ഈ സൗകര്യം ലഭ്യമാകുന്ന തൊഴിലാളികൾ. മൂന്ന് - ആരോഗ്യ സുരക്ഷയും പെൻഷനുമായി പണം നൽകാൻ കഴിയാത്ത പാവപ്പെട്ടവർ. സാമൂഹ്യ സാമ്പത്തിക സെൻസസ് പ്രകാരം, മൂന്നാം വിഭാഗത്തിൽ 23% പേരാണുള്ളത്. ഇവരുടെ ചെലവ് ഗവൺമെന്റ് വഹിക്കും. ഇ.പി.എഫ്. ഇ.എസ്.ഐ. നിക്ഷേപത്തിനുള്ള തുക ഗവൺമെന്റ് നൽകും. പി.എഫ്. പിൻവലിക്കാനുള്ള നടപടികൾക്ക് മാറ്റം ഉണ്ടാകില്ല. ഘടന ശരിയായാൽ, ഒരു ദേശീയ ബോർഡ് സ്ഥാപിക്കും.

**രാഷ്ട്ര നിർമാണത്തിൽ തൊഴിലാളികൾ, കർഷകർ, ജോലിക്കാർ എന്നിവർക്ക് പ്രധാനപങ്കുണ്ടെന്ന് പ്രധാനമന്ത്രി വിശ്വസിക്കുന്നു. ഒരു തൊഴിലാളി അസന്തുഷ്ടനാണെങ്കിൽ, രാജ്യത്തിന് സന്തോഷമുണ്ടാകില്ല.**

ഴിൽ പരിഷ്ക്കരണങ്ങൾ വരുത്താൻ കേന്ദ്ര ധനമന്ത്രിയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിക്ക് പ്രധാനമന്ത്രി രൂപം നൽകി. നിലവിലെ നിയമങ്ങൾ, യഥാർത്ഥത്തിൽ തൊഴിലാളികൾക്ക് നേട്ടങ്ങൾ നൽകുന്നുണ്ടോ, അതല്ലെങ്കിൽ ക്ഷേമ നടപടികൾക്ക് അവ തടസ്സമാണോ എന്നതായിരുന്നു പ്രധാനമന്ത്രിയുടെ പ്രധാന ആശങ്ക. കോടതി വ്യവഹാരങ്ങളിൽ, അഭിഭാഷകരുടെ ഉയർന്ന ചെലവ് താങ്ങാനാവാത്തതിനാൽ പലപ്പോഴും തൊഴിലാളികൾ ദുരിതമനുഭവിക്കുന്നതായി നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റിന്റെ ഈ നടപടി.

ഇന്ത്യയെ പുതു ഉയരത്തിൽ എത്തിക്കാനുള്ള ചരിത്രനടപടികളാണ് ഈ നാല് നിയമസംഹിതകളും. തൊഴിലാളികളോടുള്ള ജനങ്ങളുടെ ചിന്തയ്ക്കും ഇത് വിപ്ലവകരമായ മാറ്റം വരുത്തും. എല്ലാവരുടെയും ക്ഷേമം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ, സുരക്ഷിതവും ആരോഗ്യകരവും അന്തസുള്ളതുമായ ജീവിതശൈലി, രാജ്യത്തെ 50 കോടിയോളം തൊഴിലാളികൾക്ക് ലഭ്യമാക്കാനുള്ള പരിശ്രമത്തിലാണ് ഗവൺമെന്റ്. ■



# കർഷകരെ സംരംഭകരാക്കി മാറ്റുന്നു

കൃഷി ഒരു വ്യവസായമായി പുനർനിർമ്മിക്കപ്പെടുകയാണ്; കർഷകർ ഇടനിലക്കാരുടെ പിടിയിൽ നിന്ന് മോചിതരായി, സമൃദ്ധിയുടെയും സ്വയംപര്യാപ്തതയുടെയും പാതയിലേക്ക് നീങ്ങുകയാണ്; ഇത് സ്വയംപര്യാപ്ത ഇന്ത്യക്ക് അനിവാര്യമാണ്. 2022 ഓടെ കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നതിന് ഉൽപ്പാദനച്ചെലവിന്റെ ഒന്നര ഇരട്ടിയിലധികം കുറഞ്ഞ താങ്ങുവില (മിനിമം സപ്പോർട്ട് പ്രൈസ്) ഏർപ്പെടുത്തുന്നതു പോലുള്ള നടപടികളിലൂടെ കർഷകരുടെ ദുരവസ്ഥ മാറ്റിയെടുക്കുക മാത്രമല്ല, 7 ലക്ഷം കോടി രൂപ നേരിട്ട് ഏകദേശം 10 കോടി കർഷകരുടെ അക്കൗണ്ടിലേയ്ക്കു മാറ്റപ്പെടും. 'ഒരു രാജ്യം ഒറ്റ നികുതി', 'ഒരു രാജ്യം ഒരു റേഷൻ കാർഡ്', ഗവൺമെന്റ് ജോലികൾക്കായി 'ഒരു രാജ്യം ഒരു പരീക്ഷ' എന്നിവയ്ക്ക് ശേഷം കാർഷിക മേഖലയ്ക്കുവേണ്ടി 'ഒരു രാജ്യം ഒരു കമ്പോളം' അവതരിപ്പിച്ചുകൊണ്ട് പരിഷ്കാരങ്ങളിലുള്ള തീവ്രമായ പ്രതിബദ്ധത ഗവൺമെന്റ് പ്രകടിപ്പിച്ചു.

**കാർഷികോൽപ്പന്നങ്ങളുടെ വ്യാപാരം, വാണിജ്യം (പ്രോത്സാഹനവും സംവിധാനമൊരുക്കലും) ബിൽ 2020, വിലസ്ഥിരതയും കൃഷി സേവനങ്ങളും സംബന്ധിച്ച കർഷകരുടെ കരാറുകൾ (ശാക്തീകരണവും സംരക്ഷണവും) ബിൽ 2020 എന്നിവ രാജ്യത്തെ ഇതുവരെയുള്ള ഏറ്റവും വലിയ കാർഷിക പരിഷ്കാരങ്ങളാണ്.**

കർഷകർക്കോ പാവപ്പെട്ടവർക്കോ സാമ്പത്തിക ആനുകൂല്യം നൽകുമ്പോൾ, സാമ്പത്തിക വിദഗ്ധരെന്നു നടിക്കുന്ന ചിലർ ഇതിനെ ഒരു 'സബ്സിഡി' എന്നുവിളിച്ച് അപമാനിക്കുന്നു. എന്നാൽ, വ്യവസായ-വാണിജ്യങ്ങൾക്ക് സമാനമായ ഒരു ആനുകൂല്യം നൽകിയാൽ, അത് ഒരു 'പ്രോത്സാഹനം' അല്ലെങ്കിൽ 'ഇളവ്' എന്ന് വിശേഷിപ്പിക്കുന്നു. ഭാഷയിലെ ഈ വ്യത്യാസം മനോഭാവത്തെയും പ്രതിഫലിപ്പിക്കുന്നുണ്ടോ? 2016 ജനുവരി 30 -ന് ഒരു മാധ്യമ സ്ഥാപനത്തിന്റെ പരിപാടിയിലും അടുത്ത ദിവസം കർഷകരുടെ ഒരു പ്രതിനിധി സംഘത്തോടും പ്രധാനമന്ത്രി ഈ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു. ഇത് കർഷകരോടുള്ള അദ്ദേഹത്തിന്റെ സകാരാത്മക സമീപനം പ്രതിഫലിപ്പിക്കുന്നു.

കർഷക സമൂഹത്തിന് വേണ്ടി പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വീക്ഷണം പിന്തുടർന്ന്, ഗവൺമെന്റ് പാർലമെന്റിൽ രണ്ട് ബില്ലുകൾ പാസ്സാക്കി. തെറ്റായ വിവരങ്ങളും അസത്യപ്രചാരണവും തള്ളിക്കളഞ്ഞിരിക്കുകയാണ് ഇവ. ഈ ബില്ലുകൾ ഒറ്റയടിക്ക് കമ്പോളവും ഇടനിലക്കാരും തമ്മിലുള്ള അവിശുദ്ധ ബന്ധം തകർക്കുകയും ഇടനിലക്കാരുടെ കെട്ടുപാടുകളിൽ നിന്നു കർഷകർക്ക് യഥാർത്ഥ സ്വാതന്ത്ര്യം നൽകുകയും ചെയ്യും.

2016 ൽ ചെങ്കോട്ടയുടെ കൊത്തളങ്ങളിൽ നിന്ന് പ്രധാനമന്ത്രി ഒരു രാജ്യം ഒരു കമ്പോളം എന്ന ആശയം പ്രഖ്യാപിച്ചതിന് ശേഷം, ഇത് കേവലം ഒരു പ്രഖ്യാപനമായി അവശേഷിക്കുന്നില്ലെന്നും ഉടൻ തന്നെ യാഥാർത്ഥ്യമാകുമെന്നും ഉറപ്പുവരുത്തി.

സർദാർ പട്ടേൽ തന്റെ ഏകീകരണ ഉദ്യമത്തിലൂടെ സ്വപ്നം കണ്ട ഏക് ഭാരത് ശ്രേഷ്ഠ് ഭാരത് നിർമ്മിക്കാനുള്ള ആശയം സാക്ഷാത്കരിക്കപ്പെട്ടതായി പ്രധാനമന്ത്രി തന്റെ പ്രസംഗത്തിൽ പറഞ്ഞു. എന്നാൽ ഇന്ത്യ ഇതുവരെ ഒരു ഏകീകൃത വിപണിയായി മാറിയിട്ടില്ല. ഘട്ടം ഘട്ടമായി സർക്കാർ ഈ ദിശയിലേയ്ക്കു പോകുകയാണ്. 2016 ഏപ്രിൽ 14-നാണ് ഇ-നാം പ്ലാറ്റ്ഫോം ആരംഭിച്ചതെങ്കിലും, ബിൽ ഇപ്പോൾ പാർലമെന്റിൽ പാസാക്കിയതോടെ, കാർഷിക മേഖലയ്ക്കു വ്യവസായരംഗത്ത് വികസനപാത വെട്ടിത്തുറക്കുമെന്നു മാത്രമല്ല, കർഷകർക്ക് അവരുടെ ഉൽപ്പന്നം ലാഭകരമായി യഥാർത്ഥ ഉടമയെപ്പോലെ എവിടെയും വിൽക്കാൻ സ്വാതന്ത്ര്യമുണ്ടാകുമെന്നും സർക്കാർ കാഴ്ചപ്പാട് വ്യക്തമാക്കുന്നു. 'ഒരു കമ്പോളം ഒരു ലൈസൻസ്' ഭരണകൂടത്തിന്റെ ചട്ടക്കൂടിൽപെട്ടു തങ്ങളുടെ ഉൽപ്പന്നങ്ങൾ ഒരു പ്രത്യേക കാർഷിക വിപണിയിൽ വിൽക്കാൻ നിർബന്ധിതരായതിനാൽ ഇതുവരെ കർഷകർക്ക് ഈ സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. ഇത് ഇടനിലക്കാർക്കു നേട്ടമുണ്ടാക്കുന്ന തരത്തിലാണ് പ്രവർത്തിച്ചിരുന്നത്. കാരണം ഇടനിലക്കാരൻ ലാഭംപോലും ലഭിക്കാത്ത തുക ഉൽപ്പന്നങ്ങൾക്കായി പറഞ്ഞാൽ പോലും കർഷകർക്ക് അവരുടെ സാധനങ്ങൾ തന്റെ ഗ്രാമത്തിലേക്ക് തിരികെ കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയായിരുന്നു.


**എംഎസ്പി: ചെലവിന്റെ ഒന്നര ഇരട്ടി**


ഈ നിയമങ്ങൾ പ്രാബല്യത്തിൽ വന്നതിനുശേഷം കുറഞ്ഞ താങ്ങുവില (എം.എസ്.പി) റദ്ദാക്കുമെന്ന തരത്തിൽ ആശയക്കുഴപ്പം സൃഷ്ടിക്കപ്പെട്ടു .എന്നാൽ, കർഷകരുടെ വരുമാനം ഇരട്ടിയാക്കാനുള്ള ശ്രമത്തിൽ സർക്കാർ തുടർച്ചയായി എം.എസ്.പി ഉയർത്തുന്നു എന്നതാണ് സത്യം. ഇത് ഇപ്പോൾ കർഷകരുടെ ചെലവിന്റെ ഒന്നര ഇരട്ടിയാണ്. 2014 നും 2019 നും ഇടയിൽ സർക്കാർ 1,870 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചു. 4.34 ലക്ഷം കോടി രൂപ അതിനായി നൽകി. 2009 നും 2014 നും ഇടയിൽ സംഭരിച്ച 1,670 ലക്ഷം മെട്രിക് ടണ്ണിന് 2.88 ലക്ഷം കോടി രൂപ നൽകിയ സ്ഥാനത്താണിത്. എംഎസ്പി തീരുമാനിക്കുന്നതിൽ എം. എസ് സ്വാമിനാഥൻ കമ്മീഷന്റെ ശുപാർശകൾ നിലവിലുള്ള സർക്കാർ നടപ്പാക്കിയിട്ടുണ്ട്.

**കൃഷിക്കാർക്ക് ഭൂമിയുടെ അവകാശം നഷ്ടപ്പെടില്ല**

വൻകിട കോർപ്പറേറ്റുകൾ കർഷകരുടെ ഭൂമി പിടിച്ചെടുക്കും എന്നതാണ് മറ്റൊരു തെറ്റായ ദുഷ്പ്രചാരണം. എന്നാൽ, കർഷകരുമായുള്ള കോർപ്പറേറ്റുകളുടെ ഇടപാടിന് ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഒരു നിബന്ധനയും ഉണ്ടാകില്ലെന്ന് ബില്ലുകൾ വ്യവസ്ഥ ചെയ്യുന്നു. വാസ്തവത്തിൽ, കൃഷിസ്ഥലങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നിക്ഷേപിക്കാൻ പണമില്ലാത്ത 86 ശതമാനം ചെറുകിട കർഷകർക്ക് ഈ ബില്ലുകൾ പ്രയോജനം ചെയ്യും. 7,000 കോടി രൂപ മുതൽമുടക്കിൽ 10,000 കാർഷിക ഉൽപ്പാദന സംഘടനകൾക്കു (എഫ്.പി.ഒ) ഗവൺമെന്റ് കരുത്തേകുകയാണ്. കോർപ്പറേറ്റുകളുമായി കരാറിൽ ഏർപ്പെടുന്നതിന് സംഘങ്ങൾ രൂപവൽക്കരിക്കുന്നതിന് ചെറുകിട, പാർശ്വവൽകൃത കർഷകരെ ഈ എഫ്.പി.ഒകൾ സഹായിക്കും. കൃഷിക്കാരെ ആരും ചൂഷണം ചെയ്യുന്നില്ല എന്ന് ഉറപ്പുവരുത്താൻ, കർഷകരുടെ ഭൂമി വിൽക്കുന്നതും പാട്ടത്തിന് നൽകുകയോ പണയംവയ്ക്കുകയോ ചെയ്യുന്നതും പൂർണമായും നിരോധിച്ചിരിക്കുന്നു, കൂടാതെ കുടിശ്ശികകളിൽ നിന്ന് കർഷകരുടെ ഭൂമി സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു. മാത്രമല്ല, കരാർ സ്വകാര്യ സ്ഥാപനവുമായി ബന്ധപ്പെടുമ്പോൾ, അത് കർഷകരെ ബാധിക്കുകയുമില്ല. കൃഷിക്കാരൻ മുൻകൂർ പണംവാങ്ങുകയോ മറ്റോ ചെയ്തിട്ടില്ലെങ്കിൽ, ഒപ്പിട്ടതിനുശേഷവും പിഴയില്ലാതെ എപ്പോൾ വേണമെങ്കിലും കർഷകന് കരാർ റദ്ദാക്കാം. കൃഷിക്കാരൻ എന്തെങ്കിലും മുൻകൂർ തുക സ്വീകരിച്ചിട്ടുണ്ടെങ്കിൽ, പലിശ നൽകാതെ തുക മടക്കിനൽകിക്കൊണ്ട് എപ്പോൾ വേണമെങ്കിലും കരാർ അവസാനിപ്പിക്കാം. എന്നാൽ സ്വകാര്യ മേഖലക്ക് ഏകപക്ഷീയമായി കരാർ റദ്ദാക്കാൻ കഴിയില്ല; മാത്രമല്ല കരാറിൽ അദ്ദേഹം സമ്മതിച്ച പണം അടയ്ക്കുകയും വേണം. അതുകൊണ്ടുതന്നെ, എല്ലാ പ്രതിബന്ധങ്ങളിൽ നിന്നും കർഷകനെ സംരക്ഷിച്ചിരിക്കുകയാണിവിടെ. കർഷകരെകൂടുതൽ ശാക്തീകരിക്കുന്നതിനായി, പരിഹാരത്തിനുള്ള വ്യക്തമായ സമയപരിധി നിർദേശിച്ച് ഫലപ്രദമായ തർക്കപരിഹാര സംവിധാനവും ഒരുക്കിയിട്ടുണ്ട്.

കർഷകരെ കൂടുതൽ ശാക്തീകരിക്കാൻ, കൃത്യമായ സമയക്രമത്തോടെ കാര്യക്ഷമമായ പരാതിപരിഹാര സം






വിധാനം സ്ഥാപിച്ചു. ഇത് കർഷകർക്ക് നീതി ഉറപ്പാക്കുകയും കാലതാമസമില്ലാതെ ലഭ്യമാക്കുകയും ചെയ്യും. എല്ലാ പരാതികളും 30 ദിവസങ്ങൾക്കുള്ളിൽ പരിഹരിക്കണമെന്നത് നിർബന്ധമാക്കി. ഇതിന്റെ ഫലമായി വിളകളുടെ വില കരാറുകൾക്ക് ശേഷം ഉയരും; അധികനേട്ടം കർഷകരിലേക്ക് കൈമാറ്റം ചെയ്യും.

**മണ്ഡി നികുതിയിൽ നിന്നും മോചനം**

കർഷകർ 2 മുതൽ 8.5% വരെ വിവിധതരത്തിലുള്ള മണ്ഡി നികുതികൾ നൽകണമായിരുന്നു, പഞ്ചാബിലായിരുന്നു അത് ഏറ്റവും കൂടുതലും. ഇപ്പോൾ കർഷകരെ അവരുടെ വിളകളെ മണ്ഡികൾക്ക് പുറത്ത് വിൽക്കാൻ അനുവദിക്കും. അവരെ നികുതിഭാരത്തിൽ നിന്നും ഒഴിവാക്കുകയും അതുകൂടി  അവരുടെ വരുമാനത്തിൽ കൂടിച്ചേരുകയും ചെയ്യും.

**കർഷകർക്ക് നികുതിപരിച**

സ്വാതന്ത്ര്യം മുതൽ നിരന്തരം ചൂഷണത്തിന് വിധേയരായിരുന്ന കർഷകരെ ആ വിലങ്ങുകളിൽ നിന്ന് ആദ്യമായി മോചിതരാക്കി. പുതിയ നിയമങ്ങളുടെ കീഴിൽ കർഷകർക്ക് അവരുടെ വിളകൾ വിൽക്കുന്നതിന് നിരവധി സാദ്ധ്യതകളുണ്ട്.

നിലവിലെ സ്ഥിതികൾക്ക് മാറ്റമുണ്ടാക്കുന്ന സാഹചര്യമാണ് ഈ നിയമങ്ങൾ പാർലമെന്റിൽ പാസാക്കിയതിലൂടെയുണ്ടായതെന്ന് പ്രധാനമന്ത്രി വിശദീകരിച്ചു. ” പതിറ്റാണ്ടുകളായി  രാജ്യം ഭരിച്ചിരുന്ന ചില ആളുകൾ ഈ വിഷയത്തിൽ കർഷകരെ തെറ്റിദ്ധരിപ്പിക്കുകയാണ്.

**“ പുതിയ കാർഷിക പരിഷ്ക്കരണങ്ങൾ രാജ്യത്തെ ഓരോ കർഷകർക്കും അവരുടെ വിളകൾ, പഴങ്ങൾ, പച്ചക്കറികൾ എല്ലാം ആർക്കുവേണമെങ്കിലും എവിടെ വേണമെങ്കിലും വിൽക്കാനുള്ള സ്വാതന്ത്ര്യം നൽകുന്നു. ഇപ്പോൾ കർഷകന് അയാളുടെ പ്രദേശത്തെ മണ്ഡിക്ക് പുറമെ അയാൾക്ക് ഇഷ്ടമുള്ള മാർഗ്ഗം തെരഞ്ഞെടുക്കാനുള്ള നിരവധി അവസരങ്ങളുണ്ട്. ഇപ്പോൾ അയാൾക്ക് കൂടുതൽ ലാഭം മണ്ഡികളിൽ ലഭിക്കുമെങ്കിൽ അയാൾ അവിടെ പോകുകയും തന്റെ വിളകൾ വിൽക്കുകയും ചെയ്യും. അയാൾക്ക് കുടുതൽ പണം മറ്റെവിടെയെങ്കിലുമാണ് ലഭിക്കുന്നതെങ്കിൽ അപ്പോൾ അയാൾ അവിടെ പോകുകയും അവിടെ വിൽക്കുകയും ചെയ്യും. ഇപ്പോൾ എല്ലാതരത്തിലുള്ള സമ്മർദ്ദങ്ങളിൽ നിന്നും അയാൾ മോചിതനാണ്.**

പ്രധാനമന്ത്രി നരേന്ദ്രമോദി ”

ഇടത്തരക്കാരെയും കർഷകരുടെ സമ്പാദ്യത്തെ കൊള്ളയടിക്കുന്നവരെയുമാണ് അവർ പിന്തുണയ്ക്കുന്നത്. കർഷകർക്ക് ഇനി മേൽ താങ്ങുവില ലഭിക്കില്ലെന്ന കള്ളത്തരമാണ് പ്രചരിപ്പിക്കുന്നത്. കർഷകർക്ക് താങ്ങുവിലയിലൂടെ ന്യായമായ വില ലഭ്യമാക്കുന്നതിന് ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്, ഗവൺമെന്റ് സംഭരണം മുമ്പുള്ളതുപോലെ തുടരുകയും ചെയ്യും.” പ്രധാനമന്ത്രി പറഞ്ഞു.

പുതിയ വ്യവസ്ഥകൾ നിലവിൽ വരുന്നതോടെ, കർഷകർക്ക് അവരുടെ വിളകൾ അവർക്ക് താൽപര്യമുള്ള വിലയ്ക്ക് രാജ്യത്തെ ഏത് വിപണിയിലും വിൽക്കാം; ഇത് ചരിത്രപരമായ നീക്കമാണ്.” അദ്ദേഹം കൂട്ടിച്ചേർത്തു. ഇതിലൂടെ ഗവൺമെന്റിന്റെ ഉദ്ദേശ്യം വ്യക്തമാണ്, 21-ാം നൂറ്റാണ്ടിൽ രാജ്യത്തിലെ കർഷകർ കാർഷികപ്രവർത്തനങ്ങളിലെ  നിയന്ത്രണങ്ങൾ, വിളകളുടെ നീക്കം, വിൽപ്പന എന്നിവയിലെ നിയന്ത്രണങ്ങളിൽ നിന്നും സ്വതന്ത്രമായിരിക്കണം. ” പതിറ്റാണ്ടുകളായി, ഇടത്തട്ടുകാരുടെ ഭീഷണിമൂലം ഇന്ത്യയുടെ കർഷകർ പലതരത്തിലുള്ള സമ്മർദ്ദത്തിലായിരുന്നു. പാർലമെന്റ് പാസാക്കിയ ബില്ലുകൾ കർഷകരെ അത്തരം സമ്മർദ്ദങ്ങളിൽ നിന്നും മോചിതരാക്കും. കർഷകരുടെ വരുമാനം ഇരട്ടിയാക്കുകയും അവർക്ക് വലിയ അഭിവൃദ്ധിയുണ്ടാക്കുകയും ചെയ്യുകയെന്ന പരിശ്രമങ്ങൾക്ക് ഇത് പ്രചോദനം വർദ്ധിപ്പിക്കും.” പ്രധാനമന്ത്രി പറഞ്ഞു.

കർഷകരുടെ ജീവിതം മാറ്റിമറിക്കുന്നതിനുള്ള ഒരു നൂതന കാൽവയ്പ്പായിരുന്നു കിസാൻ സമ്മാൻ നിധി. ഈ പദ്ധതിയുടെ കീഴിൽ മൂന്ന് തുല്യതവണകളായി കർഷകർക്ക് ഒരു വർഷം 6,000 കോടി രൂപ കൈമാറും, അതുകൊണ്ട് അവർ വായ്പകൾ എടുക്കാൻ നിർബന്ധിതരാവില്ല. കർഷകരുടെ 72,000 കോടി രൂപയുടെ വായ്പകൾ എഴുതള്ളുന്നുവെന്ന് 2008ൽ പറഞ്ഞെങ്കിലും യഥാർത്ഥത്തിൽ എഴുതിതള്ളിയത് വെറും 52,000 കോടി രൂപയുടേത് മാത്രമായിരുന്നു. എന്നാൽ കർഷകരെ പണം കടം കൊടുക്കുന്നവരുടെ പിടിയിൽ നിന്നു സ്വതന്ത്രമാക്കുന്നതിനായി ഈ ഗവൺമെന്റ് ഒന്നരവർഷത്തിനുള്ളിൽ 94,000 കോടി രൂപയാണ് കൈമാറിയത്.

# കാർഷികോത്പന്നങ്ങൾക്കുള്ള താങ്ങുവില മാറ്റമില്ലാതെ തുടരും; നിങ്ങളുടെ ഉത്പന്നങ്ങൾ വിറ്റഴിക്കുക

**താങ്ങുവില തുടരുമെന്ന് ഉറപ്പ് നൽകുന്നു:** താങ്ങുവില വില നൽകി ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നത് തുടരുമെന്ന് കേന്ദ്ര കൃഷി മന്ത്രി നരേന്ദ്ര സിംഗ് തോമർ പറഞ്ഞു. ഇത് സംബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി തനിക്ക് ഉറപ്പ് നൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. 2014 നും 2020 നും ഇടയിൽ വിവിധ ഉത്പന്നങ്ങളുടെ താങ്ങുവില ഗണ്യമായി ഉയർത്തിയിട്ടുണ്ട്. വരാനിരിക്കുന്ന റാബി സീസണിലെ പുതുക്കിയ താങ്ങുവിലകൾ ഇതിനോടകം പ്രഖ്യാപിച്ചു കഴിഞ്ഞു. കാർഷിക ബില്ലുകൾ കർഷകരുടെ സമ്പൂർണ്ണ സംരക്ഷണം ഉറപ്പാക്കിയിട്ടുണ്ടെന്നും കേന്ദ്ര കൃഷി മന്ത്രി പറഞ്ഞു.



## കാർഷികോത്പന്നങ്ങളുടെ വ്യാപാരം, വാണിജ്യം (പ്രോത്സാഹനവും സംവിധാനമൊരുക്കലും) ബിൽ -2020

### പ്രധാന വ്യവസ്ഥകൾ

- കൃഷിക്കാർക്കും വ്യാപാരികൾക്കും തങ്ങളുടെ ഉത്പന്നങ്ങൾ വിൽക്കാനും വാങ്ങാനും സമ്പൂർണ്ണ സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്ന അന്തരീക്ഷം ഇതുവഴി സൃഷ്ടിക്കപ്പെടും
- സംസ്ഥാനങ്ങൾ വിജ്ഞാപനം ചെയ്ത കമ്പോളങ്ങൾ ഒഴികെയുള്ള സ്ഥലങ്ങളിൽ സംസ്ഥാനത്തിനുള്ളിലും സംസ്ഥാനന്തരമായും തടസ്സരഹിത വ്യാപാരം ഉറപ്പാക്കും
- കാർഷികോത്പന്നങ്ങൾ വിൽക്കുന്നതിന് കർഷകരിൽ നിന്ന് ഒരു തരത്തിലുമുള്ള സെസോ ലെവിയോ ഈടാക്കില്ല. ഗതാഗത ചെലവ് കർഷകർ വഹിക്കേണ്ടതില്ല
- ഇലക്ട്രോണിക് വ്യാപാരം ഉറപ്പാക്കുന്ന വ്യാപാര നിർവ്വഹണ പ്ലാറ്റ്ഫോം വഴിയുള്ള ഇലക്ട്രോണിക് ട്രേഡിംഗും ബിൽ നിർദ്ദേശിക്കുന്നു
- ഗ്രാമച്ചന്തകൾ കൂടാതെ, സ്വന്തം കൃഷിയിടങ്ങൾ, ശീതീകരിച്ച് സൂക്ഷിക്കുന്ന ഇടങ്ങൾ, സംഭരണശാലകൾ, സംസ്ക്കരണ യൂണിറ്റുകൾ എന്നിവിടങ്ങളിൽ വച്ചും കർഷകർക്ക് കാർഷികോത്പന്നങ്ങളുടെ വ്യാപാരം നടത്താം
- ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് നേരിട്ട് വ്യാപാരം നടത്താൻ കഴിയും. ഇടനിലക്കാരെ ഒഴിവാക്കി ഉത്പന്നങ്ങൾ യഥാർത്ഥ വിലയിൽ വിൽക്കാൻ സാധിക്കും.

### സംശയങ്ങൾ

- കാർഷികോത്പന്നങ്ങളുടെ താങ്ങുവില നൽകിയുള്ള സംഭരണം നിർത്തലാക്കും
- കാർഷികോത്പന്നങ്ങൾ ഗ്രാമച്ചന്തകൾക്ക് പുറത്തും വിൽക്കാൻ സൗകര്യമുള്ളതിനാൽ ഇത്തരത്തിലുള്ള ചന്തകളുടെ പ്രവർത്തനം നിർത്തേണ്ടി വരും
- സർക്കാരിന്റെ ഇ-നാം (eNAM) പോലുള്ള ഇലക്ട്രോണിക് ട്രേഡിംഗ് പോർട്ടലിന്റെ ഭാവി എന്താകും?

### വിശദീകരണം

- താങ്ങുവില നൽകിയുള്ള സംഭരണം തുടരും; കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾ താങ്ങുവിലയ്ക്ക് വിൽക്കാൻ കഴിയും; റാബി സീസണിലെ താങ്ങുവിലകൾ ഇതിനോടകം പ്രഖ്യാപിച്ചു
- ഗ്രാമച്ചന്തകൾ പ്രവർത്തനം നിർത്തുകയില്ല. വ്യാപാരം മുമ്പത്തെപ്പോലെ തുടരും. പുതിയ സമ്പ്രദായത്തിൽ, കൃഷിക്കാർക്ക് ഗ്രാമച്ചന്തകൾക്ക് പുറമെ മറ്റ് സ്ഥലങ്ങളിലും ഉത്പന്നങ്ങൾ വിൽക്കാൻ അവസരമുണ്ട്
- ഗ്രാമച്ചന്തകളിൽ ഇ-നാം വ്യാപാരസമ്പ്രദായവും തുടരും
- ഇലക്ട്രോണിക് പ്ലാറ്റ്ഫോമുകൾ വഴിയുള്ള കാർഷിക ഉത്പന്നങ്ങളുടെ വ്യാപാരം വർദ്ധിക്കും. ഇത് കൂടുതൽ സുതാര്യതയ്ക്കും സമയലാഭത്തിനും ഇടയാക്കും

# എവിടെ നിങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നുവോ, അവിടെ നിങ്ങളുടെ ഉത്പന്നങ്ങൾ വിറ്റഴിക്കുക.

## വിലസ്ഥിരതയും കാർഷിക സേവനങ്ങളും സംബന്ധിച്ച കർഷകരുടെ കരാറുകൾ (ശാക്തീകരണവും സംരക്ഷണവും) ബിൽ-2020



### പ്രധാന വ്യവസ്ഥകൾ

- ഭക്ഷ്യ സംസ്ക്കരണ സ്ഥാപനങ്ങൾ, മൊത്തക്കച്ചവടക്കാർ, വലിയ ചില്ലറ വ്യാപാരികൾ, കയറ്റുമതിക്കാർ എന്നിവരുമായി ഇടപഴകുന്നതിനും വിലപേശലിനും കർഷകരെ പ്രാപ്തരാക്കും. വിളകൾ വിതയ്ക്കുന്നതിന് മുമ്പുതന്നെ കർഷകർക്ക് ന്യായവില ഉറപ്പാക്കും. കമ്പോള വില താങ്ങുവിലയ്ക്കും മുകളിലാണെങ്കിൽ, കർഷകർക്ക് താങ്ങുവിലയ്ക്ക് പുറമെ കമ്പോള വിലയും ലഭിക്കും
- വിപണികളിലെ പ്രവചനാതീതമായ അസ്ഥിരത കർഷകരിൽ നിന്ന് സ്പോൺസറിലേക്ക് മാറും. മുൻകൂട്ടിയുള്ള വിലനിർണ്ണയം, വിപണി വിലയിലെ വ്യതിയാനങ്ങളിൽ നിന്നും കർഷകരെ സംരക്ഷിക്കും
- ആധുനിക സാങ്കേതികവിദ്യ, മികച്ച വിത്തിനങ്ങൾ, കൃഷിക്ക് അവശ്യമായ മറ്റ് വസ്തുക്കൾ എന്നിവ കർഷകർക്ക് ലഭ്യമാകും
- ഇത് വിപണനച്ചെലവ് കുറയ്ക്കുകയും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യും
- സമയബന്ധിതവും ഫലപ്രദവുമായ തർക്ക പരിഹാര സംവിധാനം ഉറപ്പു വരുത്തുന്നു
- കാർഷിക മേഖലയിലെ ഗവേഷണത്തിനും ആധുനിക സാങ്കേതികവിദ്യയ്ക്കും പ്രോത്സാഹനം

### സംശയങ്ങൾ

- കരാർ കൃഷിയിൽ കർഷകർ സമ്മർദ്ദമനുഭവിക്കേണ്ടി വരും. വില നിർണ്ണയിക്കാൻ അധികാരമുണ്ടാകില്ല
- കരാർ കൃഷിയിൽ ചെറുകിട കർഷകർക്ക് എങ്ങനെ പ്രവേശിക്കാൻ സാധിക്കും; സ്പോൺസർമാർ അവരെ പരിഗണിക്കാതെ ഒഴിഞ്ഞുമാറും
- പുതിയ സംവിധാനത്തിൽ കർഷകർ പ്രശ്നങ്ങൾ നേരിടേണ്ടി വരും
- തർക്കമുണ്ടായാൽ, വൻകിട കമ്പനികൾക്കായിരിക്കും കൂടുതൽ നേട്ടം



### വിശദീകരണം

- തന്റെ ഉത്പന്നങ്ങളുടെ വിൽപന വില നിശ്ചയിക്കുന്നതിനുള്ള കരാറിൽ കർഷകന് പൂർണ്ണ അധികാരമുണ്ടായിരിക്കും. പരമാവധി 3 ദിവസത്തിനുള്ളിൽ അവർക്ക് പണം ലഭിക്കും
- രാജ്യത്തുടനീളം 10,000 കാർഷിക ഉത്പാദക സംഘങ്ങൾ രൂപീകരിക്കും. ഈ സംഘങ്ങൾ ചെറുകിട കർഷകരെ ഒരുമിപ്പിക്കും. കാർഷിക ഉത്പന്നങ്ങൾക്ക് അർഹമായ വില ഉറപ്പാക്കുന്നതിനു വേണ്ട പ്രവർത്തനം ഏകോപിപ്പിക്കാൻ സാധിക്കും
- കരാർ ഒപ്പിട്ട ശേഷം, ഉപഭോക്താവിന് കൃഷിയിടത്തിൽ നിന്ന് ഉത്പന്നങ്ങൾ നേരിട്ട് കൊണ്ട് പോകാം
- പ്രാദേശിക തർക്ക പരിഹാര സംവിധാനത്തിനുള്ള വ്യവസ്ഥകൾ

# കർഷകരുടെ ശാക്തീകരണം

ഗവൺമെന്റ് കാർഷിക മേഖലയ്ക്ക് നൽകുന്ന ഊന്നൽ മനസ്സിലാക്കുന്നതിനായി കർഷകരുടെ താത്പര്യംസംരക്ഷിക്കുന്നതിന് ഗവൺമെന്റ് സ്വീകരിച്ച ഘട്ടം ഘട്ടമായ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ മതിയാകും. കാർഷികോത്പാദനം വർധിപ്പിക്കുക, കർഷകരെ സംരക്ഷിക്കുക, വരുമാനം വർധിപ്പിക്കുക, കർഷകരുടെ മൊത്തത്തിലുള്ള ക്ഷേമം വർധിപ്പിക്കുക എന്നിവയ്ക്ക് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വളങ്ങളുടെ സുഗമമായ ലഭ്യത, വായ്പാ സൗകര്യം, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, വിള ഇൻഷുറൻസ് പദ്ധതി, ശാസ്ത്രീയ പിന്തുണയ്ക്കുള്ള അവസരം, വിളകൾക്ക് മികച്ച വില നൽകൽ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഗവൺമെന്റ് കൃഷിക്കാർക്ക് നേട്ടമുണ്ടാക്കുന്നു.

## വിതയ്ക്കുന്നതിന് മുമ്പ്

ശരിയായ തെരഞ്ഞെടുപ്പ് നടത്തുന്നതിന് സോയിൽ **ഹെൽത്ത് കാർഡ്** കർഷകരെ പ്രാപ്തരാക്കുന്നു. 22.39 കോടി സോയിൽ ഹെൽത്ത് കാർഡുകൾ ഗവൺമെന്റ് വിതരണം ചെയ്തു.

**വളങ്ങൾ:** വളത്തിനുവേണ്ടിയുള്ള നീണ്ട വരി പഴങ്കഥയായി മാറിയിരിക്കുന്നു. കർഷകർക്ക് ആവശ്യമായ വളങ്ങൾ എളുപ്പത്തിൽ ലഭിക്കുന്നുണ്ടെന്ന് ഗവൺമെന്റ് ഉറപ്പുവരുത്തിയിരിക്കുന്നു. വളത്തിന്റെ വിലയും ഗണ്യമായി കുറഞ്ഞിട്ടുണ്ട്. 100% വേപ്പ് പൊതിഞ്ഞ യൂറിയ ഇപ്പോൾ രാജ്യത്ത് ലഭ്യമാണ്. ഇത് യൂറിയ വളത്തിന്റെ ഉപഭോഗം കുറച്ചിട്ടുണ്ട്.

**ധനസഹായം:** കാർഷിക മേഖലയിലെ ഫണ്ടിന്റെ അപര്യാപ്തത കർഷകരെ ബുദ്ധിമുട്ടിച്ചിരുന്നു. ഇപ്പോൾ, കുറഞ്ഞ പലിശയ്ക്ക്, കർഷകർക്ക്, എളുപ്പത്തിൽ വായ്പ ലഭിക്കുന്നു.

അടുത്ത 10 വർഷത്തേക്ക് മാന്യമായ ജീവിതം നയിക്കാൻ പണം ഉപകാരപ്പെടും. ഏഴ് ലക്ഷം കോടി രൂപ അവരുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് കൈമാറ്റം ചെയ്യപ്പെടും.

**സ്വയംപര്യാപ്ത പദ്ധതി**

2020 ഓടെ രാജ്യത്തെ കർഷകരുടെ വരുമാനം ഇരട്ടിയാക്കാനാണ് ഗവൺമെന്റ് ശ്രമിച്ചുവരുന്നത്. കോവിഡ് 19 പ്രതിസന്ധിയെ അവസരമാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിന് ഒരു ലക്ഷം കോടി രൂപ, ഭക്ഷ്യസംസ്കരണത്തിന് 10,000 കോടി രൂപ, തേനീച്ച വളർത്തലിന് 500 കോടി രൂപ എന്ന നിരക്കിൽ ഗവൺമെന്റ് ധനസഹായം വകയിരുത്തിയിട്ടുണ്ട്. 2020 ജൂലൈ 8 ന് കാർഷികാടിസ്ഥാന സൗകര്യ വികസന ഫണ്ടിന് കേന്ദ്ര സർക്കാർ അനുമതി നൽകുകയും 2020 ഓഗസ്റ്റ് 9 ന് ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. നാല് വർഷം കൊണ്ട് ഒരു ലക്ഷം കോടി രൂപ, പദ്ധതി വഴി ചെലവാക്കാനാണ് ഉദ്ദേശിക്കുന്നത്. 2020 - 21 വർഷത്തിൽ 10,000 കോടി രൂപയും തുടർന്നുള്ള മൂന്ന് സാമ്പത്തിക വർഷങ്ങളിൽ 30,000 കോടി രൂപ വീതവും ചെലവഴിക്കാനാണ് പദ്ധതി. 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് രണ്ട് ശതമാനം റിബേറ്റ് നൽകുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം നൽകിക്കഴിഞ്ഞു.

കാർഷികാടിസ്ഥാന സൗകര്യങ്ങൾ, പ്രാഥമിക കാർഷിക വായ്പ സൊസൈറ്റികൾ, എഫ് പിഒകൾ, കാർഷിക സംരംഭക പ്രവർത്തനങ്ങൾ, കർഷകർക്ക് വിളവെടുപ്പിനുശേഷമുള്ള സഹായം എന്നിവയും നൽകും.

**കർഷകരുടെ വരുമാനം ഇരട്ടിയാക്കുന്നതിന്**

2016 ഫെബ്രുവരി 28 ന് ബറേലിയിൽ കർഷക റാലിയെ അഭിസംബോധന ചെയ്യവേ കർഷകരുടെ വരുമാനം ഇരട്ടിയാക്കാനുള്ള ചില ആശയങ്ങൾ തന്റെ മനസിലുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞിരുന്നു. 'രാജ്യം 75-ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന 2022 ൽ കർഷകരുടെ വരുമാനം ഇരട്ടിയാക്കിയിരിക്കും' അദ്ദേഹം ദൃഢനിശ്ചയത്തോടെ പറഞ്ഞു.

അന്ന് മുതൽ, രാജ്യത്തെ കാർഷിക മേഖലയുടെ സ്ഥിരതയാർന്ന പുരോഗതിക്ക് ഗവൺമെന്റ് പരിശ്രമിച്ച് വരികയാണ്. രണ്ട് പുതിയ കാർഷിക ബില്ലുകളും ഈ ദിശയിലുള്ള വലിയ പരിഷ്ക്കരണങ്ങളാണ്. ആറ് വർഷമായുള്ള ഗവൺമെന്റിന്റെ തുടർച്ചയായ പരിശ്രമങ്ങൾ, ഇപ്പോൾ കർഷകരുടെ സമൃദ്ധിക്ക് വഴിതെളിച്ചിരിക്കുന്നു. സാമ്പത്തിക കാര്യങ്ങൾക്കുള്ള മന്ത്രിസഭാ സമിതി എടുത്ത തീരുമാനം കർഷകർക്കുള്ള ശുഭ സൂചനയാണ്.

കുറഞ്ഞ താങ്ങുവില വർധിപ്പിക്കാൻ, ഗവൺമെന്റ് ഒരിക്കൽ കൂടി അനുമതി നൽകിക്കഴിഞ്ഞു. കേന്ദ്ര കൃഷി വകുപ്പ് മന്ത്രി നരേന്ദ്രസിങ് തോമറിന്റെ കണക്കുകൾ പ്രകാരം, ഗോതമ്പിന്റെ താങ്ങുവില 50 രൂപയും പയറുവർഗത്തിന്റേത് 225 രൂപയും ബാർലിക്ക് 75 രൂപയും മസൂർ പരിപ്പിന്റേത് 300 രൂപയും ക്വിന്റലിന് വർധിപ്പിച്ചിട്ടുണ്ട്.

# ഘട്ടം ഘട്ടമായി




## വിതയ്ക്കുന്ന സമയത്ത്

- ജലസേചന സൗകര്യം ഉറപ്പുവരുത്തുന്നു
- കൃഷിക്കാർക്ക് മാർഗനിർദേശവും പിന്തുണയും
- എസ്എംഎസുകളായും കോളുകളായും കോടിക്കണക്കിന് കർഷകർക്ക് ശാസ്ത്രീയ ഉപദേശം

## വിതച്ചതിനുശേഷം

**പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതി:** കൃഷിക്കാർക്ക് കുറഞ്ഞ പ്രീമിയം നിരക്കിൽ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാണ്. ഈ പദ്ധതി പ്രകാരം, ഒരു വിളയ്ക്ക് ഒരു നിരക്ക് ആയിരിക്കും. ഉദാഹരണമായി ഖാരിഫ് വിളയ്ക്ക് 2% വും റാബി വിളയ്ക്ക് 1.5 % വും. പ്രീമിയം നിരക്കിൽ വർധനയോ, ഇൻഷുറൻസ് തുകയിൽ കുറവോ വരുന്നില്ല. പദ്ധതി ഉദ്ഘാടനം ചെയ്യുന്നതിന്, മുമ്പുവരെ, സ്വാതന്ത്ര്യാനന്തരമുള്ള കാലയളവിൽ വെറും 20% കർഷകർക്ക് മാത്രമേ വിളകൾക്ക് ഇൻഷുറൻസ് ആനുകൂല്യം ലഭിച്ചിരുന്നുള്ളൂ.

**ഇ–നാം:** സംയോജിത ഓൺലൈൻ വിപണിയായ ഇ-നാം, വിൽപനക്കാരും, വാങ്ങുന്നവരും തമ്മിൽ വിവരങ്ങളെപ്പറ്റിയുള്ള വ്യത്യസ്ത അഭിപ്രായം ഒഴിവാക്കുന്നു. യഥാസമയം വിവരങ്ങൾ നൽകുന്നതോടൊപ്പം ലേല നടപടികൾ സുതാര്യമാക്കാനും ഇത് സഹായിക്കുന്നു.




### ഗവൺമെന്റിന് കർഷകരുടെ സംഘടനകളുടെ പിന്തുണ

വിവിധ പ്രദേശങ്ങളിലുള്ള കർഷകർ, കാർഷിക പരിഷ്ക്കരണ ബില്ലുകൾക്ക് ഗവൺമെന്റിനെ നന്ദി അറിയിച്ചു. മഹാരാഷ്ട്രയിൽ നിന്നുള്ള മുതിർന്ന കാർഷിക നേതാവായ രാജുഷെട്ടി (സ്വാഭിമാനി ഷെത്കരി സംഘടന), അനിൽ ഘൻവത് (ഷെത്കരി സംഘടന) എന്നിവരെ കൂടാതെ കാൺപൂർ, മൊറാദാബാദ്, ഗോരഖ്പൂർ, ധൂലെ, കത്വ, ജബൽപൂർ എന്നിവിടങ്ങളിൽ നിന്നുള്ള കർഷകരും വിപണി സമ്പ്രദായവും കുറഞ്ഞ താങ്ങുവിലയും നിലനിൽക്കുമെന്ന് പറഞ്ഞു. പുതിയ ബില്ലുകൾ, ഈ വിഷയങ്ങളിൽ മാറ്റം വരുത്തില്ല. നിരവധി വർത്തമാന പത്രങ്ങളും, അവരുടെ എഡിറ്റോറിയൽ ലേഖനങ്ങളിൽ, പുതിയ കാർഷിക പരിഷ്ക്കരണ ബില്ലുകൾ, കർഷകരുടെ താൽപ്പര്യം ലക്ഷ്യം വച്ചുള്ളതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ■

### കർഷക ക്ഷേമ നടപടികൾ

**കിസാൻ റെയിൽ** - ദേശീയ ശീതീകരണ വിതരണ ശൃംഖല രൂപീകരിക്കുന്നതിന് പ്രധാന പങ്ക് വഹിക്കുന്ന പ്രഥമ കിസാൻ റെയിലിന് ഗവൺമെന്റ് തുടക്കം കുറിച്ചു. കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് ശരിയായ വില ലഭിക്കുന്നുണ്ടെന്ന് ഇത് ഉറപ്പുവരുത്തുന്നു.

**സമ്മാൻ നിധി :** നേരിട്ടുള്ള ആനുകൂല്യ കൈമാറ്റം വഴി, എല്ലാ കർഷക കുടുംബങ്ങൾക്കും പ്രതിവർഷം 6000 രൂപ ലഭിക്കും. 10 കോടിയിലധികം കർഷകർക്കായി 94000 കോടി രൂപ കൈമാറിക്കഴിഞ്ഞു.

**ഉത്പാദനം:** പഴം, പച്ചക്കറി ഉത്പാദനം 52% വർദ്ധിച്ചു. ഖാരിഫ് വിളകളുടെ വിതയിൽ 13.92% വർധന. നെൽകൃഷിയിൽ 19.04% വും ജൈവോൽപന്നങ്ങളുടെ കയറ്റുമതിയിൽ 2020 ജൂലൈ വരെ 78% വും വർധന രേഖപ്പെടുത്തി.

**വരുമാനം:** കർഷകരുടെ വരുമാനം 20% ത്തിൽ നിന്നും 68% ആയി ഉയർന്നു.

**സ്റ്റാർട്ട് അപ്പ്:** യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും കൃഷിയുമായി ബന്ധപ്പെട്ട 346 സ്റ്റാർട്ട് അപ്പുകൾക്ക് 3,671.75 ലക്ഷം രൂപയുടെ ധനസഹായം.

**ഹോർട്ടികൾച്ചർ:** കഴിഞ്ഞ 5 വർഷമായി, 10,500 കോടി രൂപ ഹോർട്ടികൾച്ചർ മേഖലയിൽ നിക്ഷേപിച്ചു. നൂതന സാങ്കേതികവിദ്യയിൽ 8.83 ലക്ഷം കൃഷിക്കാർക്ക് പരിശീലനം.

**ജലസേചനം:** ചെറുകിട ജലസേചന മാർഗങ്ങളിലൂടെ ജല ഉപയോഗം വർധിപ്പിച്ചു. ജലസേചനത്തിനുവേണ്ടിവരുന്ന ചെലവ് 50% കുറച്ചു. വളങ്ങളുടെ ഉപയോഗം 42% കുറഞ്ഞു. രാസവളങ്ങൾക്കുപകരം, വേപ്പ് മിശ്രിതം ചേർന്ന വളം ഉപയോഗിക്കാൻ തുടങ്ങി.



# ബൃഹത് നീല വിപ്ലവം





20,000 കോടി രൂപ മുതൽമുടക്കിൽ മത്സ്യകൃഷി വികസിപ്പി ക്കാനുള്ള സ്വപ്ന പദ്ധതി, കയറ്റുമതിക്ക് വലിയ സാധ്യതയുള്ള മേഖലയെ ആധുനികവൽക്കരിക്കാനും വിളവെടുപ്പിനു ശേഷമുള്ള നഷ്ടം കുറയ്ക്കാനും 21 സംസ്ഥാനങ്ങളിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സഹായിക്കും.

വലിപ്പത്തിൽ ലോകത്തിലെ പ്രധാന സമ്പദ് വ്യവസ്ഥകളിലൊന്നാണ് ഇന്ത്യ. ലോകത്തിലെ നാലാമത്തെ വലിയ മത്സ്യ കയറ്റുമതിക്കാരായിരിക്കെ, മത്സ്യബന്ധന മേഖലയിലെ വളർച്ച കൂടുതൽ ത്വരിതപ്പെടുത്താനാണ് ഗവണ്മെന്റ് പദ്ധതിയിടുന്നത്. ഇപ്പോൾ, ഈ മേഖലയിലെ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനായി പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണ്. ആവശ്യം മനസ്സിലാക്കി ഗവൺമെന്റ് അതിനായി പ്രവർത്തിക്കുന്നു. അതിനാൽ, 2020 സെപ്റ്റംബർ 10 ന് വീഡിയോ കോൺഫറൻസിംഗിലൂടെ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (പിഎംഎംഎസ്‌വൈ), ഇ-ഗോപാല ആപ്പ്, ഫിഷറീസ്, ഡയറി, മൃഗസംരക്ഷണം,

## അഞ്ച് സ്തംഭങ്ങൾ

1. മത്സ്യത്തൊഴിലാളികളുടെയും കർഷകരുടെയും വരുമാനം ഇരട്ടിയാക്കുക
2. നിലവിലുള്ള 150 ലക്ഷം ടണ്ണിൽ നിന്ന് അടുത്ത 5 വർഷത്തിനുള്ളിൽ മത്സ്യ ഉൽപാദനം പ്രതിവർഷം 220 ലക്ഷം ടണ്ണായി ഉയർത്തുക.
3. നിലവിലെ വരുമാനം 46,600 കോടി രൂപയിൽ നിന്ന് ഒരു ലക്ഷം കോടി രൂപയായി ഉയർത്തുക
4. വിളവെടുപ്പിനു ശേഷമുള്ള നഷ്ടം 20 - 25 ശതമാനത്തിൽ നിന്ന് 10 ശതമാനമായി കുറയ്ക്കുക
5. ഈ മേഖലയിൽ 55 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക



# മത്സ്യമേഖല, സുസ്ഥിരമായിത്തീരണം

- പുതിയ പദ്ധതി മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പ് നൽകുന്നു. ബോട്ടുകൾ, യാനങ്ങൾ, ജൈവ ശുചിമുറി, സമുദ്രജലത്തിലും ക്ഷാരഗുണ പ്രദേശത്തും അക്വാകൾച്ചർ, സമുദ്രമിത്ര, ന്യൂക്ലിയസ് ബ്രീഡിങ് കേന്ദ്രങ്ങൾ, ഫിഷറീസ്, അക്വാകൾച്ചർ മേഖലയിലെ സ്റ്റാർട്ട് അപ് ആപ്ലിക്കേഷനുകൾ, സംയോജിത അക്വാപാർക്ക്, സംയോജിത തീരദേശ മത്സ്യഗ്രാമ വികസനം, അക്വാറ്റിക് ലബോറട്ടറികളുടെയും അനുബന്ധ സൗകര്യങ്ങളുടെയും ശൃംഖല, ഇ – വ്യാപാരം, വിപണനം എന്നിവയ്ക്കെല്ലാം സാമ്പത്തിക സഹായവും പദ്ധതി വിഭാവനം ചെയ്യുന്നു.
- 1720 കോടി രൂപയുടെ പദ്ധതി ആദ്യ ഘട്ടമായി 21 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നടപ്പാക്കി വരുന്നു. ഉൽപ്പാദനം, ഗുണമേന്മ നിർണയം, വിളവെടുപ്പിന് ശേഷമുള്ള സംസ്ക്കരണത്തിനായുള്ള അടിസ്ഥാന സൗകര്യം എന്നിവയിലെ അപര്യാപ്തത പരിഹരിക്കാനാണ് പി.എം.എം.എസ്.വൈ. പദ്ധതിയിടുന്നത്. മത്സ്യത്തൊഴിലാളിയുടെ ക്ഷേമത്തിനും ശക്തമായ മത്സ്യ പരിപാലന ചട്ടക്കൂടിനും പദ്ധതി ലക്ഷ്യം വയ്ക്കുന്നു.
- മേഖലയ്ക്കായി ഒരു സുസ്ഥിര വികസന നയം ആസൂത്രണം ചെയ്യുന്നു. ആത്മനിർഭർ ഭാരത് പദ്ധതിയിലുൾപ്പെടുത്തി, അടുത്ത 5 വർഷം കൊണ്ട് 20,050 കോടി രൂപ നിക്ഷേപത്തിലാണ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. ഇതിൽ 12,340 കോടി രൂപ സമുദ്ര, മത്സ്യ, അക്വാകൾച്ചർ മേഖലയുടെ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കും.

കൃഷി എന്നിവയിലെ പഠനങ്ങളും ഗവേഷണങ്ങളുമായി ബന്ധപ്പെട്ട നിരവധി സംരംഭങ്ങൾ മുതലായവയ്ക്ക് തുടക്കം കുറിച്ചു.

20,000 കോടി രൂപ നിക്ഷേപത്തിൽ 21 സംസ്ഥാനങ്ങളിൽ ആരംഭിച്ച പി.എം.എം.എസ്.വൈ. പദ്ധതി അടുത്ത 4 – 5 വർഷം കൊണ്ട് നടപ്പാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇതിൽ, 1700 കോടിരൂപയുടെ പദ്ധതി 2020 സെപ്തംബർ 10 ന് ഉദ്ഘാടനംചെയ്തു. 'ഗ്രാമങ്ങളെ ശാക്തീകരിച്ചുകൊണ്ട് 21–ാം നൂറ്റാണ്ടിൽ ഇന്ത്യയെ സ്വയം പര്യാപ്തമാക്കാനാണ് ഈ പദ്ധതികളുടെയെല്ലാം ലക്ഷ്യം' ചടങ്ങിൽ സംസാരിക്കവെ

## അലകൾ സൃഷ്ടിക്കുന്നു

- 2014 ൽ കേന്ദ്ര ഗവൺമെന്റ് 'നീല വിപ്ലവം' പ്രഖ്യാപിച്ചു. ആദ്യഘട്ടത്തിൽ, മത്സ്യമേഖലയിൽ 2600 കോടി രൂപ നിക്ഷേപിച്ചു. ഈ മേഖലയിൽ 1947 മുതൽ കഴിഞ്ഞ 67 വർഷത്തെ ആകെ നിക്ഷേപം 3,682 കോടി രൂപ മാത്രമായിരുന്നു.
- 2014 മുതൽ മേഖലയിൽ പുതുമാറ്റത്തിന് തുടക്കം കുറിച്ചു. മതിപ്പുളവാക്കുന്ന പ്രകടനം കാഴ്ചവയ്ക്കുകയും വർധിക്കുകയും, വാർഷിക വളർച്ച 5.2 ശതമാനത്തിൽ നിന്ന് ഇരട്ടിയായി 11 ശതമാനമായി ഉയരുകയും ചെയ്തു.



- 2014 മുതലുള്ള അഞ്ച് വർഷക്കാലയളവിൽ മത്സ്യ ഉല്പാദനരംഗത്ത് വളർച്ച 7.53 ശതമാനമായി വർധിച്ചു.
- 46,662 കോടി രൂപയുടെ മത്സ്യ കയറ്റുമതി. 2014 – 15 ൽ നിന്നും 2018 – 19 ആയപ്പോഴേയ്ക്ക് 9.71% വർധന രേഖപ്പെടുത്തി.

പ്രധാനമന്ത്രി പറഞ്ഞു

മത്സ്യ ഉൽപ്പാദകർക്ക്, പുതിയ അടിസ്ഥാന സൗകര്യം, ആധുനിക ഉപകരണങ്ങൾ, പുതിയ വിപണി ലഭ്യത, മത്സ്യബന്ധനത്തിന് കൂടുതൽ അവസരങ്ങൾ എന്നിവയും പദ്ധതിയിലൂടെ ലഭ്യമാകുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. സ്വാതന്ത്ര്യാനന്തരം, മത്സ്യമേഖലയ്ക്കായി ഇത്തരമൊരു ബൃഹത്പദ്ധതി ഇതാദ്യമായാണ് ആരംഭിക്കുന്നതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഈ മേഖലയിൽ 2014-നു മുമ്പുള്ള ഗവൺമെന്റുകളുടെ നിക്ഷേപം 3,682 കോടി രൂപയായിരുന്നു. എന്നാൽ 2014 നു ശേഷം ഇതുവരെ 2,600 കോടി രൂപ നിക്ഷേപിക്കുകയും, 20,000 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിക്കുകയും ചെയ്തു.

അടുത്ത 3-4 വർഷംകൊണ്ട് മത്സ്യ കയറ്റുമതി ഇരട്ടിയാക്കാനും, അതുവഴി മത്സ്യമേഖലയിൽ മാത്രം, ദശലക്ഷക്കണക്കിന് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. മേഖലയിൽ നിലനിൽക്കുന്ന ഗുരുതര പോരായ്മകൾ പരിഹരിക്കുക, നൂതന സാങ്കേതികവിദ്യയുടെ പ്രയോജനം ലഭ്യമാക്കുക, മൂല്യ ശൃംഖല ശക്തിപ്പെടുത്തുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് പദ്ധതികൊണ്ടുള്ള പ്രയോജനങ്ങൾ. മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ടുള്ളവരുടെ ക്ഷേമം വർധിപ്പിക്കാനും പദ്ധതി ലക്ഷ്യമിടുന്നു.

സ്വാതന്ത്ര്യാനന്തരം മത്സ്യമേഖലയിലെ ഏറ്റവും വലിയ നിക്ഷേപമെന്ന് അഭിപ്രായപ്പെട്ട പ്രധാനമന്ത്രി വരും വർഷങ്ങളിൽ, മത്സ്യകയറ്റുമതി ഇരട്ടിയാകും എന്ന ലക്ഷ്യത്തോടെയാണ് ഇതാരംഭിച്ചതെന്ന് വ്യക്തമാക്കി. മത്സ്യമേഖലയുടെ വിവേക പൂർണമായ വിനിയോഗത്തിന് പുതിയ മന്ത്രാലയത്തിന് രൂപം നൽകിയതായി പറഞ്ഞ പ്രധാനമന്ത്രി ക്ലീൻ ഗംഗ, മിഷൻ ഡോൾഫിൻ എന്നീ പദ്ധതികളുടെ പ്രയോജനവും മത്സ്യ മേഖലയ്ക്ക് ലഭിക്കുമെന്ന് പറഞ്ഞു. 'കൃഷിയിലൂടെയും മറ്റ് മാർഗങ്ങളിലൂടെയും ഇത് വരുമാന സാധ്യത വർധിപ്പിക്കും' അദ്ദേഹം കൂട്ടിച്ചേർത്തു. മത്സ്യം, പാൽ, തേൻ ഉൽപ്പാദനം എന്നിവ വർധിപ്പിച്ച് നീല വിപ്ലവത്തിന് പദ്ധതി അടിത്തറ പാകും. ■

## കന്നുകാലികളുടെ വിപണനം വിർച്വൽ ആയി സാധ്യമാക്കുന്നതിന് 'ഇ-ഗോപാല' മൊബൈൽ ആപ്പ്

കന്നുകാലികളുടെ വിപണനം ഓൺലൈൻ വഴി ആക്കുന്നതിന് സഹായിക്കുന്ന ആപ്ലിക്കേഷനാണ് ഇ-ഗോപാല. ഈ പദ്ധതിയിൻ കീഴിൽ ബീഹാറിലെ പട്ന, പൂർണിയ, സീതാമാർഹി, മാധേപുര, കിഷൻഗഞ്ച്, സമസ്തിപൂർ ജില്ലകളിൽ പല സൗകര്യങ്ങളും ആരംഭിച്ചു. ബീഹാറിലെ ജനസംഖ്യയുടെ 89% വും ഗ്രാമങ്ങളിൽ താമസിക്കുന്നവരും അവരിൽ 76% വും കൃഷി, കന്നുകാലി വളർത്തൽ എന്നിവയിലൂടെ ഉപജീവനം നടത്തുന്നവരുമായതിനാൽ, ഈ പദ്ധതി, ബീഹാറിന് ഏറെ പ്രധാനപ്പെട്ടതാണ്. കന്നുകാലി വളർത്തുന്നവർക്ക്, മേഖലയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ഇ-ഗോപാല ആപ്പിലൂടെ ലഭിക്കും. കന്നുകാലികളെ വാങ്ങാനും വിൽക്കാനും ഇതിലൂടെ സാധിക്കും. ഗുണമേന്മയുള്ള ഇനങ്ങളെപ്പറ്റി വിവരങ്ങൾ ലഭ്യമാക്കും. കന്നുകാലി വളർത്തലിനുള്ള മാർഗനിർദേശങ്ങൾ, ആയുർവേദ മരുന്നുകൾ, രോഗപ്രതിരോധ കുത്തിവെയ്പുകളെപ്പറ്റിയുള്ള ശരിയായ വിവരങ്ങൾ എന്നിവയും ലഭിക്കും.




ബീഹാറിലെ സീതാമാർഹിയിൽ മത്സ്യപ്രജനനബാങ്കും, കിഷൻഗഞ്ചിൽ ജലജന്യരോഗ നിർണയ ലബോറട്ടറിയും പി.എം.എ.ംഎസ്.വൈ.യുടെ കീഴിൽ ആരംഭിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ഇതോടൊപ്പം മാധേപുരയിൽ മത്സ്യത്തീറ്റ കേന്ദ്രവും, പട്നയിൽ രണ്ട് 'ഫിഷ് ഓൺ വീൽസ്' യൂണിറ്റുകളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. കൂടാതെ ബീഹാറിലെ പുസയിലുള്ള ഡോ. രാജേന്ദ്ര പ്രസാദ് കേന്ദ്ര കാർഷിക സർവ്വകലാശാലയിൽ, സമഗ്ര മത്സ്യ ഉൽപ്പാദന സാങ്കേതികവിദ്യ കേന്ദ്രവും അദ്ദേഹം ഉദ്ഘാടനം ചെയ്തു. വെറ്ററിനറി സർവകലാശാലയിൽ ഐ.വിഎഫ് ലാബ് സൗകര്യത്തിനും തുടക്കമായി.

**SCAN QR CODE FOR COMPLETE INFORMATION ON PMMSY**



# നവ പ്രതാപത്തിന്റെ വഴിയിൽ; ബീഹാർ

വികസനത്തിനായി പല പദ്ധതികൾക്കും കേന്ദ്ര ഗവൺമെന്റ് തുടക്കം കുറിച്ചിരിക്കുന്നു. ശുദ്ധജല ലഭ്യത, നദീതട, ഹൈവേ വികസനം, മുതൽ മലിന ജല സംസ്കരണം വരെ, നിരവധിയായ വികസന പരിപാടികൾ തുടരുന്നു.

കിഴക്കൻ സംസ്ഥാനങ്ങളുടെ, പ്രത്യേകിച്ചും ബീഹാറിന് പ്രത്യേക പ്രാധാന്യം നൽകിക്കൊണ്ട്, വികസനത്തിനാണ് കേന്ദ്ര ഗവൺമെന്റ് മുൻതൂക്കം നൽകിയിരിക്കുന്നത്. രാജ്യത്തിന്റെ കിഴക്കൻ പ്രദേശങ്ങളിലെ വികസനത്തെപ്പറ്റി പ്രധാനമന്ത്രി നരേന്ദ്രമോദി സദാ പറയുമായിരുന്നു. ഇവ യാഥാർത്ഥ്യമാക്കുന്നതിന് അടിസ്ഥാന തലത്തിൽ നമാമിഗംഗേ, അമൃത് (Atal Mission for Rejuvenating and Urban Transformation) എന്നിവയ്ക്ക് കീഴിൽ വിവിധ പദ്ധതികൾക്ക് 2020 സെപ്തംബർ 15 ന് ബീഹാറിൽ തുടക്കം കുറിച്ചു.

2020 സെപ്തംബർ 15 ന് പറ്റ്നയിൽ ബേർ, കരംലീചക്ക് എന്നിവിടങ്ങളിൽ മലിനജല സംസ്കരണ പ്ലാന്റുകളും, സിവാൻ, ഛാപ്ര എന്നിവിടങ്ങളിൽ 'അമൃത്' പദ്ധതിയിൻ കീഴിൽ ജലവിതരണ പദ്ധതികളും ഉദ്ഘാടനം ചെയ്തു. ഇതിനു പുറമെ മുംഗേർ, ജമാൽപൂർ എന്നിവിടങ്ങളിൽ ജലവിതരണ പദ്ധതിയ്ക്കും മുസഫർപൂർ ജില്ലയിൽ നമാമി ഗംഗേ പദ്ധതിയിൻ കീഴിൽ നദീതട വികസന പദ്ധതിയ്ക്കും ശിലാസ്ഥാപനം നിർവഹിച്ചു. അമൃത് പദ്ധതി വഴിയും സംസ്ഥാന ഗവൺമെന്റ് പദ്ധതികൾ വഴിയും കഴിഞ്ഞ 4 - 5 വർഷമായി, ബീഹാറിലെ നഗരവാസികളായ ലക്ഷക്കണക്കിന് പേർക്ക് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തിയതായി പ്രധാനമന്ത്രി പറഞ്ഞു.. ■

### ചമ്പാരനിലെ എൽപിജി ബോട്ട്ലിംഗ് പ്ലാന്റ്

136.4 കോടി രൂപ ചെലവിൽ നിർമിച്ച എൽ.പി.ജി. ബോട്ട്ലിംഗ് പ്ലാന്റിന്റെ ശേഷി പ്രതിവർഷം 84.5 ലക്ഷം സിലിണ്ടറുകളാണ്. കിഴക്കൻ ചമ്പാരൻ, പടിഞ്ഞാറൻ ചമ്പാരൻ, മുസഫർപൂർ, സീവാൻ, ഗോപാൽഗഞ്ച്, സീതാമാർഹി, എന്നീ ജില്ലകൾക്കൊപ്പം ഉത്തർപ്രദേശിലെ കുശിനഗർ ജില്ലയ്ക്കും ഇതിന്റെ പ്രയോജനം ലഭിക്കും.

### കോസി പാലം പൂർത്തീകരിച്ചു

കൊറോണ മഹാമാരിക്കാലത്ത് 1.9 കിലോമീറ്റർ ദൈർഘ്യമുള്ള കോസിപാലം ഏകദേശം 516 കോടി രൂപ ചെലവിൽ നിർമിച്ചു.

### മലിനജല സംസ്ക്കരണം, നദീതട വികസനം

അമൃത് പദ്ധതിയിൻ കീഴിൽ സിവാൻ, ഛാപ്ര ജില്ലകളിൽ ജലാധിഷ്ഠിത പദ്ധതികൾ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. കൂടാതെ, പട്ന നഗരത്തിലെ ബേർ, കരംലിചക്ക് എന്നിവിടങ്ങളിൽ മലിനജല സംസ്ക്കരണ പദ്ധതികളും ഉദ്ഘാടനം ചെയ്തു. മുംഗേർ, ജമൽപൂർ എന്നിവിടങ്ങളിലെ ശുദ്ധജല ലഭ്യത പരിഹരിക്കുന്നതിന് ജലവിതരണ പദ്ധതികൾക്കും നമാമി ഗംഗേയ്ക്കു കീഴിൽ മുസഫർപൂരിൽ നദീതട വികസന പദ്ധതിയ്ക്കും പ്രധാനമന്ത്രി ശിലാസ്ഥാപനം നിർവഹിച്ചു.

### നദീതട വികസന പദ്ധതി

നമാമി ഗംഗേ പദ്ധതിയ്ക്ക് കീഴിൽ മുസഫർപൂർ നഗരത്തിൽ, മൂന്ന് കടവുകൾ വികസിപ്പിക്കും. ശുചിമുറികൾ, ഇൻഫർമേഷൻ കിയോസ്ക്, വിശ്രമമുറികൾ, നടപ്പാതകൾ, വാച്ച് ടവർ, സൂചനാ ഫലകങ്ങൾ, സുരക്ഷ സംവിധാനങ്ങൾ, വെളിച്ച സംവിധാനങ്ങൾ എന്നിവ ലഭ്യമാക്കും.

### മുംഗേർ - ഭാഗൽപൂർ ദേശീയപാത, 3 മാസത്തിനുള്ളിൽ

മുംഗേർ - ഭാഗൽപൂർ ദേശീയപാത 80 ൽ കോൺക്രീറ്റ് റോഡ് നിർമാണത്തിനുള്ള ശുപാർശയ്ക്ക് കേന്ദ്ര റോഡ് ഉപരിതല ഗതാഗത മന്ത്രി നിതിൻ ഗഡ്കരി അംഗീകാരം നൽകി. മുംഗേർ - ഭാഗൽപൂർ - തിർപതി - കഹൽഗോൺ പാത 120 കിലോ മീറ്റർ ദൂരത്തിൽ നിർമിക്കും.



# തെരുവോര കച്ചവടക്കാർക്ക് സഹായഹസ്തം

കോവിഡ് 19 മൂലം പ്രതിസന്ധിയിലായ ഒരു ദശലക്ഷത്തിലധികം തെരുവോര കച്ചവടക്കാർക്ക് അവരുടെ ദുർബലമായ വ്യാപാരം പുനസ്ഥാപിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായം.

അനൗപചാരിക നഗര സമ്പദ് വ്യവസ്ഥയിൽ തെരുവോര കച്ചവടക്കാർക്ക് പ്രധാന പങ്കാണുള്ളത്. എന്നാൽ കോവിഡ് 19 മൂലമുണ്ടായ ലോക്ക്ഡൗൺ അവരുടെ ജീവിതമാർഗത്തെ പ്രതികൂലമായി ബാധിച്ചു. ലോക്ക്ഡൗണിൽ വിപണികൾ അടയ്ക്കുകയും ആളുകൾ വീടിനകത്ത് തന്നെയിരിക്കേണ്ടതായും വന്നു. തൽഫലമായി, തെരുവോര വാണിഭക്കാരുടെ കച്ചവടത്തെ ഏറ്റവും ദോഷകരമായി ബാധിച്ചു. തെരുവോര കച്ചവടക്കാർക്ക് കച്ചവടം പുനസ്ഥാപിക്കുന്നതിന്, പ്രവർത്തന മൂലധനത്തിന് വായ്പ നൽകേണ്ടതുണ്ടെന്ന് ഗവൺമെന്റ് തിരിച്ചറിഞ്ഞു. ദുരിതത്തിൽ നിന്നും ഈ വിഭാഗത്തെ രക്ഷിക്കാനായാണ് 2020 ജൂൺ 1 ന് പ്രധാനമന്ത്രി സ്വാനിധി പദ്ധതി ആരംഭിച്ചത്.

ദുരന്തമോ, പകർച്ചവ്യാധിയോ ഉണ്ടാകുമ്പോൾ, പാവപ്പെട്ടവരെയാണ് ഏറ്റവുമധികം ബാധിക്കുകയെന്ന്, 2020 സെപ്തംബർ 9 ന് മധ്യപ്രദേശിൽ നിന്നുള്ള തെരുവോര കച്ചവടക്കാരുമായി സംവദിക്കവേ പ്രധാനമന്ത്രി പറഞ്ഞു. 'പാവപ്പെട്ടവന്റെ തൊഴിൽ, ഭക്ഷണം, അവനുണ്ടാക്കിയ സമ്പാദ്യം എല്ലാം നഷ്ടമാകും' പ്രധാനമന്ത്രി പറഞ്ഞു. മഹാമാരിക്കാലത്ത് തെരുവോര കച്ചവടക്കാരാണ് ഏറ്റവുമധികം ദുരിതത്തിലായതെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

**ചെറുകിട വ്യാപാരത്തെ പ്രോത്സാഹിപ്പിക്കുന്നതിന് പ്രവർത്തനമൂലധനത്തിനായുള്ള ലഘുവായ്പ, ഒറ്റത്തവണ സാമ്പത്തിക സഹായമായി നൽകും. ഇതിനോടകം 1.04 ലക്ഷം തെരുവോര കച്ചവടക്കാർ വായ്പയുടെ ആനുകൂല്യം നേടി.**

“



ജനങ്ങൾക്ക് പ്രവർത്തന മൂലധനം എളുപ്പത്തിൽ ലഭിക്കുന്നതിനും, അതു വഴി അവരുടെ വ്യാപാര പ്രവർത്തനങ്ങൾ പുതുതായി ആരംഭിക്കുന്നതിനും പദ്ധതി സഹായിക്കുന്നു. സ്വയം വരുമാനത്തിൽ നിന്നും സ്വയം തൊഴിലിലേക്കും സ്വയം തൊഴിലിൽ നിന്നും സ്വയം നിലനിൽപ്പിലേക്കും, സ്വയം നിലനിൽപ്പിൽ നിന്നും സ്വാഭിമാനത്തിലേക്കുമുള്ള യാത്രയിലെ നാഴികക്കല്ലാണ് പി.എം. സ്വാനിധി പദ്ധതി

”

**പ്രധാനമന്ത്രി നരേന്ദ്രമോദി**

ഇതുവരെ 11,12,189 അപേക്ഷകൾ, പി.എം. സ്വാനിധി പദ്ധതിയിലൂടെ ലഭിച്ചതിൽ, 3,95,120 വായ്പകൾ അംഗീകരിക്കുകയും, 1,04,062 എണ്ണം വിതരണം ചെയ്യുകയും ചെയ്തു.■

SCAN QR CODE FOR PM'S INTERACTION WITH BENEFICIARIES




## പ്രത്യേക സൂക്ഷ്മ വായ്പാ സഹായം

- കേന്ദ്ര ഭവന, നഗര കാര്യവകുപ്പാണ് പദ്ധതിക്ക് വേണ്ട സാമ്പത്തിക സഹായം പൂർണമായും നൽകുന്നത്.
- ഒരു വർഷത്തേക്ക് പ്രവർത്തന മൂലധന വായ്പയായി 10,000 രൂപ വരെ നൽകും.
- നിശ്ചിത ദിവസത്തിന് മുമ്പ് തിരിച്ചടവ് നടത്തിയാൽ പ്രീപേയ്മെന്റ് പെനാൽറ്റി ഈടാക്കില്ല
- മാർച്ച് 2022 വരെ പദ്ധതി കാലാവധി
- യഥാസമയം / മുൻകൂട്ടിയുള്ള വായ്പാതിരിച്ചടവിന് ഏഴ് ശതമാനം പലിശ സബ്സിഡി
- ഡിജിറ്റൽ പണമിടപാടുകൾക്ക് പ്രതിമാസ ക്യാഷ് ബാക്ക് കിഴിവ്
- ആദ്യ ലോൺ, സമയബന്ധിതമായി അടച്ചാൽ, ഉയർന്ന തുകയ്ക്കുള്ള വായ്പ ലഭിക്കാൻ യോഗ്യത.

## എങ്ങനെ ആനുകൂല്യം നേടാം

- നഗര പ്രദേശങ്ങളിൽ കച്ചവടം നടത്തുന്ന തെരുവോര കച്ചവടക്കാർക്ക് എല്ലാം പദ്ധതിയുടെ ആനുകൂല്യം ലഭിക്കും
- വായ്പയ്ക്ക്, ധനമിടപാട് സ്ഥാപനത്തിന് ഈട് നൽകേണ്ടതില്ല
- ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, ചെറുകിട ധനകാര്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്കിംഗ് ഇതര ധനകാര്യ കമ്പനികൾ, മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾ, സ്വയം സഹായ സംഘ ബാങ്കുകൾ എന്നിവയാണ് വായ്പ നൽകുന്ന ധനമിടപാട് സ്ഥാപനങ്ങൾ
- വ്യാപാരം നടത്തുന്നതിന്റെ സർട്ടിഫിക്കറ്റ്, തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുള്ള ശുപാർശകത്ത്, മുൻകാലത്ത് വ്യാപാരത്തിനായി വായ്പ എടുത്തതിന്റെ രേഖ, ഏതെങ്കിലും തെരുവോര കച്ചവടക്കാരുടെ സംഘടനയിലെ അംഗത്വത്തിന്റെ വിവരം അല്ലെങ്കിൽ വിൽപ്പനക്കാരനാണെന്ന് തെളിയിക്കാൻ ആവശ്യമായ മറ്റേതെങ്കിലും രേഖ എന്നിവ ആവശ്യമാണ്.

# ഭാവിയിലേയ്ക്കായുള്ള ഉദ്യോഗസ്ഥർ




**ഭരണത്തിലെ ഭാവി വെല്ലുവിളികളെ അതി ജീവിക്കുന്നതിന് വിഭവശേഷി വികസനത്തിലൂടെ ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുകയും കാര്യക്ഷമതയോടും ഉത്സാഹത്തോടും കൂടി സേവനങ്ങൾ വീട്ടുപടിക്കൽ ലഭ്യമാക്കുകയുമാണ് മിഷൻ കർമയോഗിയുടെ പ്രധാന ഉദ്ദേശ്യം.**

ഒരു രാജ്യം ഒരു റേഷൻ കാർഡ്, ദേശീയ റിക്രൂട്ട്മെന്റ് ഏജൻസി എന്നിവയ്ക്കുശേഷം ഗവൺമെന്റ് ആവിഷ്ക്കരിച്ച, ഉദ്യോഗസ്ഥ സംവിധാനത്തിന്റെ ചരിത്ര മുഹൂർത്തം കുറിക്കുന്ന നടപടിയാണ് ഉദ്യോഗസ്ഥർക്കായുള്ള പ്രത്യേക പദ്ധതിയായ മിഷൻ കർമയോഗി. കാര്യക്ഷമമായ പൊതുസേവന വിനിമയത്തിനായി വ്യക്തിതലത്തിലും സ്ഥാപന തലത്തിലുമുള്ള സമഗ്ര, വിഭവശേഷി പരിഷ്ക്കരണമാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. സാധാരണക്കാരന്റെ ജീവിതം സുഗമമാക്കുന്നതിനും നവ ഇന്ത്യയ്ക്കായി ഭാവികാല ഉദ്യോഗസ്ഥരെ വാർത്തെടുക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

ഉദ്യോഗസ്ഥരെ കൂടുതൽ സർഗ്ഗശക്തിയുള്ളവരും, സൃഷ്ടിപരതയുള്ളവരും, ഭാവനാ സമ്പന്നരും, നൂതനാശയങ്ങളുള്ളവരും,മുൻകൂട്ടി കാര്യങ്ങൾ ചെയ്യുന്നവരും, പ്രൊഫഷണലുകളും, പുരോഗമനാത്മകരും, ഊർജസ്വലരും, കർമശേഷിയുള്ളവരും, സുതാര്യതയുള്ളവരും, സാങ്കേതികനിപുണരുമാക്കി മാറ്റാൻ പദ്ധതി ലക്ഷ്യമിടുന്നു.

ഗവൺമെന്റിലെ മനുഷ്യവിഭവശേഷി നിർവഹണ ശീലങ്ങളെ മിഷൻ കർമ





സ്വാഭാവദാർഢ്യത്തിന്റെ ഉന്നത നിലവാരം ലക്ഷ്യമാക്കാത്ത പക്ഷം, ഒരു സേവനത്തിനും അത് അവകാശപ്പെടുന്ന മഹത്വത്തിൽ തുടരാനാവില്ല

**സർദാർ വല്ലഭായ് പട്ടേൽ,**
മുൻ ആഭ്യന്തര മന്ത്രി

യോഗി മെച്ചപ്പെടുത്തുമെന്ന് പ്രധാന മന്ത്രി നരേന്ദ്രമോദി ട്വീറ്റ് ചെയ്തു.

**പരിവർത്തനകാലം**

1947 ഏപ്രിൽ 21 ന്, ഐ.എ.എസ് പ്രൊബേഷണർമാരെ അഭിസംബോധന ചെയ്യവേ, രാജ്യത്തെ ആഭ്യന്തരമന്ത്രി സർദാർ വല്ലഭായ് പട്ടേൽ ഇപ്രകാരം അഭിപ്രായപ്പെട്ടു. 'ഭരണത്തിൽ, നിഷ്പക്ഷതയും, അഴിമതി രാഹിത്യവും സൂക്ഷിക്കാൻ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. ഒരു ഉദ്യോഗസ്ഥൻ, ഒരിക്കലും രാഷ്ട്രീയത്തിൽ പങ്കെടുക്കരുത്. സാമുദായിക കലഹങ്ങളിലും ഏർപ്പെടരുത്. ഏതെങ്കിലും തരത്തിൽ സത്യസന്ധതയുടെ പാതയിൽ നിന്നും വ്യതിചലിച്ചാൽ, അത് പൊതുസേവനത്തിന്റെ മഹത്വം താഴ്ത്തിക്കെട്ടുകയും, അതിന്റെ അന്തസ് കെടുത്തുകയും ചെയ്യും. സ്വാഭാവദാർഢ്യത്തിന്റെ ഉന്നത നിലവാരം ലക്ഷ്യമാക്കാത്ത പക്ഷം, ഒരു സേവനത്തിനും അത് അവകാശപ്പെടുന്ന മഹത്വത്തിൽ തുടരാനാവില്ല.

**വിഭവശേഷി വികസന പദ്ധതി**

സമാന ചിന്തയിൽ, പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ



## വിഭവശേഷി നിർമാണ കമ്മീഷന്റെ ചുമതല

- വാർഷിക വിഭവശേഷി വികസന പദ്ധതി അംഗീകാരത്തിന് പ്രധാന മന്ത്രിയുടെ പൊതുമനുഷ്യ വിഭവശേഷി സമിതിയെ സഹായിക്കുക.
- ഉദ്യോഗസ്ഥ കർമശേഷി വികസനവുമായി ബന്ധപ്പെട്ട് പരിശീലനം നൽകുന്ന എല്ലാ കേന്ദ്ര സ്ഥാപനങ്ങളുടെയും പ്രവർത്തനത്തിന്റെ മേൽനോട്ടം വഹിക്കുക.
- ആഭ്യന്തര, വിദേശ അധ്യാപകർ, റിസോഴ്സ് സെന്ററുകൾ എന്നിവയുടെ പങ്കാളിത്തത്തോടെ പങ്കുവയ്ക്കാവുന്ന പഠന സ്രോതസുകൾ സൃഷ്ടിക്കുക
- വിഭവശേഷി വികസന നയത്തിന്റെ നിർവഹണവും മേൽനോട്ടവും ഏകോപിപ്പിക്കുക
- കർമശേഷി വികസന പരിശീലനത്തിന് ആവശ്യമായ നിർദേശം നൽകുക
- പൊതുവായതും ജോലിക്കിടയിലുമുള്ള പരിശീലന പരിപാടികൾക്ക് മാർഗനിർദേശങ്ങൾ തയ്യാറാക്കുക
- മനുഷ്യ വിഭവശേഷി നിർവഹണത്തിന് ആവശ്യമായ നയ ഇടപെടലുകൾ ശുപാർശ ചെയ്യുക.

## സാമ്പത്തിക ബാധ്യതകൾ

- എൻപിസിഎസ്സിബിയ്ക്കായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കമ്പനി സ്ഥാപിക്കും. ഇത് ഐജിഒറ്റി കർമയോഗി പ്ലാറ്റ്ഫോം നിർവഹണം നടത്തും
- 2020 - 21 മുതൽ 2024 - 25 വരെയുള്ള 5 വർഷക്കാലയളവിൽ 46 ലക്ഷം ഗവൺമെന്റ് ഉദ്യോഗസ്ഥർക്കായി 510.86 കോടി രൂപ ചെലവിടും.
- ഗവൺമെന്റിന്റെ പേരിൽ എല്ലാ ബൗദ്ധിക സ്വത്തവകാശങ്ങളും എസ്.പി.വി. വഹിക്കും.
- ഐജിഒറ്റി - കർമയോഗി പ്ലാറ്റ് ഫോമിന്റെ എല്ലാ ഉപയോക്താക്കളുടെയും നിരീക്ഷണത്തിനും പ്രകടന മൂല്യനിർണയത്തിനുമായി ഒരു പ്രത്യേക നിരീക്ഷണ ചട്ടക്കൂട് സ്ഥാപിക്കും.

ചേർന്ന കേന്ദ്ര മന്ത്രിസഭ, നാഷണൽ പ്രോഗ്രാം ഫോർ സിവിൽ സർവീസസ് കപ്പാസിറ്റി ബിൽഡിങ് (NPCSCB) ഒരു സ്ഥാപന ചട്ടക്കൂടോട് കൂടി രൂപീകരിക്കാൻ തീരുമാനിച്ചു.

ഇന്ത്യൻ സംസ്ക്കാരത്തിലധിഷ്ഠിതമായ സംവേദന ശക്തി നിലനിർത്തിക്കൊണ്ടും അവരുടെ വേരുകളോട് ബന്ധപ്പെടുത്തിയും ഉദ്യോഗസ്ഥരുടെ കർമശേഷി വികസനത്തിന് അടിത്തറ പാകുക എന്ന ലക്ഷ്യത്തോടെയാണ് എൻപിസിഎസ്സിബി ശ്രദ്ധാപൂർവ്വം രൂപകൽപ്പന ചെയ്യപ്പെട്ടിരിക്കുന്നത്. സംയോജിതക ഗവൺമെന്റ് ഓൺലൈൻ പരിശീലന പ്ലാറ്റ് ഫോം - IGOT കർമയോഗി സ്ഥാപിക്കുന്നതിലൂടെ പരിപാടികൾ നടത്തപ്പെടും. ' ഗവൺമെന്റ് മേഖലയിലെ ഏറ്റവും വലിയ മനുഷ്യ വിഭവശേഷി വികസന പരിഷ്ക്കരണമാണിത് ', കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി പ്രകാശ് ജാവദേക്കർ പറഞ്ഞു.

രണ്ട് കോടിയിലധികം ഉദ്യോഗസ്ഥരുടെ കർമശേഷി വികസനത്തിന് നിർദ്ദിഷ്ട ഐജിഒറ്റി കർമയോഗി പ്ലാറ്റ്ഫോമിനെ പിന്തുണയ്ക്കുന്നതിന്, അടിസ്ഥാന സൗകര്യം വികസിപ്പിക്കേണ്ടതുണ്ട്. ലോകോത്തര നിലവാരമുള്ള ഡിജിറ്റൽ ഇ-ലേണിങ് ഉള്ളടക്കം ലഭ്യമായ മികച്ച ഉള്ളടക്ക വിപണിയായി, പ്ലാറ്റ്ഫോം വികസിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**'ആരംഭ്' വഴി തുടക്കം**

മനുഷ്യ വിഭവശേഷി നിർവഹണമാണ് ഗവൺമെന്റിന്റെയും പ്രധാനമന്ത്രിയുടെയും പ്രധാന മുൻഗണനകളിൽ ഒന്ന് . ഉദ്യോഗസ്ഥ, പൊതുപരിഹാര, പെൻഷൻ വകുപ്പ് മന്ത്രി ജിതേന്ദ്ര സിങ്ങിന്റെ അഭിപ്രായ പ്രകാരം, പ്രധാനമന്ത്രി 2017 ൽ മുസ്സൂറിയിലെ സിവിൽ സർവീസ് അക്കാദമി സന്ദർശിച്ചപ്പോഴാണ് ഈ പരിഷ്ക്കാരങ്ങളുടെ അടിത്തറ പാകിയത്. പരിശീലകരും, പരിശീലനത്തിനെത്തിയവരുമായി നിരവധി വട്ട ചർച്ചകൾക്കുശേഷം പൈലറ്റ് പദ്ധതിയായ 'ആരംഭ്' നു അടിത്തറയിട്ടു. നിലവിലെ പരിശീലന മാതൃക മാറ്റി, ഇന്ത്യൻ സംസ്കാരവും പൈതൃകവും ചേർന്ന് ഒപ്പം നിലവിലെ ആവശ്യങ്ങൾക്ക് അനുസൃതമായ വിധത്തിൽ പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത്. ■



## നിങ്ങളുടെ കാക്കി യൂണിഫോമിന്റെ ബഹുമാനം നഷ്ടപ്പെടുത്തരുത്: പ്രധാനമന്ത്രി

ഇന്ത്യൻ പൊലീസ് സർവീസ് (ഐപിഎസ്) പ്രൊബേഷണറി ഓഫീസർമാരുമായി വീഡിയോ കോൺഫറൻസിലൂടെ സംവേദിക്കവേ, കാക്കി യൂണിഫോമിന്റെ ബഹുമാനം നഷ്ടപ്പെടുത്തരുതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി, അവരോട് പറഞ്ഞു.

2020 സെപ്തംബർ നാലിന് സർദാർ വല്ലഭായ് പട്ടേൽ നാഷണൽ പൊലീസ് അക്കാദമിയിൽ നടന്ന 'ദിക്ഷന്ത് പരേഡി'ൽ പ്രധാനമന്ത്രി പ്രൊബേഷണർമാരോട് അവരുടെ യൂണിഫോമിൽ അധികാരം പ്രദർശിപ്പിക്കാൻ ശ്രമിക്കാതെ അതിൽ അഭിമാനം കൊള്ളണമെന്നും അഭിപ്രായപ്പെട്ടു. ''നിങ്ങളുടെ കാക്കി യൂണിഫോമിന്റെ ബഹുമാനം നഷ്ടപ്പെടുത്തരുത്. കോവിഡ് 19 കാലത്തെ പ്രവർത്തനങ്ങളിലൂടെ കാക്കിയൂണിഫോമിന്റെ മനുഷ്യ മുഖം, ജനങ്ങളുടെ ഓർമയിൽ ആലേഖനം ചെയ്തിരിക്കുകയാണ്'' അദ്ദേഹം പറഞ്ഞു.

'ഇതുവരെ സുരക്ഷിതമായ അന്തരീക്ഷത്തിൽ നിങ്ങൾ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. പക്ഷേ അക്കാദമിയിൽ നിന്ന് പുറത്തിറങ്ങുന്ന നിമിഷം മുതൽ സാഹചര്യം മാറും. നിങ്ങളോടുള്ള മനോഭാവം മാറും. ആദ്യ ധാരണയാണ്, അവസാനം വരെയുള്ള ധാരണയെന്നതിനാൽ, ജാഗരൂകരായിരിക്കുക. നിങ്ങൾ എങ്ങോട്ട് സ്ഥലം മാറിപ്പോയാലും, നിങ്ങളുടെ പ്രതിഛായ നിങ്ങളെ പിന്തുടരും'. പ്രധാനമന്ത്രി പറഞ്ഞു.

'തികഞ്ഞ ആത്മസമർപ്പണത്തോടെ രാജ്യ സുരക്ഷയ്ക്കും അഖണ്ഡതയ്ക്കുമായി അവർ സേവനം നടത്തട്ടെ. സേവനത്തോടുള്ള അവരുടെ പ്രതിബദ്ധത, ഇന്ത്യൻ പൊലീസ് സർവീസിൽ ചേരാൻ യുവാക്കൾക്ക് പ്രചോദനമാകട്ടെ'. ആഭ്യന്തരമന്ത്രി അമിത്ഷാ ട്വീറ്റ് ചെയ്തു.

SCAN QR CODE FOR PM'S INTERACTION WITH IPS PROBATIONERS

# എച്ച്.എസ്.ടി.ഡി.വി. വിജയകരമായി പരീക്ഷിച്ച ലോകത്തെ നാലാമത്തെ രാജ്യമായി ഇന്ത്യ മാറി

## ഹൈപ്പർസോണിക് ക്രൂയിസ് വാഹനം വിജയകരമായി പരീക്ഷിച്ചതോടെ രാജ്യം പ്രതിരോധ മേഖലയിൽ വൻ മുന്നേറ്റമാണ് നടത്തിയത്

ഹൈപ്പർസോണിക് ക്രൂയിസ് വാഹനം ഇന്ത്യ വിജയകരമായി പരീക്ഷിച്ചു. ഹൈപ്പർസോണിക് എയർ-ബ്രീത്തിംഗ് സ്‌ക്രാംജെറ്റ് സാങ്കേതിക വിദ്യ ഉപയോഗിച്ച് ഫ്ലൈറ്റ് ടെസ്റ്റ് നടത്തുകയും ടെക്നോളജി ഡെമോൺസ്ട്രേഷൻ വെഹിക്കിൾ (എച്ച് എസ്ടിഡിവി) വിജയകരമായി പരീക്ഷിക്കുകയും ചെയ്തു. ഹൈപ്പർസോണിക് ജ്വലന സാങ്കേതികത പ്രയോജനപ്പെടുത്തി ക്രൂയിസ് വാഹനം നിർദ്ദിഷ്ട വ്യോമ പാതയിൽ ശബ്ദത്തിന്റെ ആറിരട്ടി വേഗതയിൽ സഞ്ചരിച്ചു. അതായത് ഏകദേശം ഒരു സെക്കൻഡിൽ, 2 കിലോമീറ്റർ വേഗത.

പ്രതിരോധ ഗവേഷണ വികസന സ്ഥാപനമായ ഡി.ആർ.ഡി.ഒ., 2020 സെപ്റ്റംബർ 7 ന് ഒഡീഷ തീരത്തുള്ള വീലർ ദ്വീപിൽ സ്ഥിതി ചെയ്യുന്ന ഡോ എ പി ജെ അബ്ദുൾ കലാം വിക്ഷേപണ കോംപ്ലക്സിൽ നിന്ന് എച്ച്.എസ്.ടി.ഡി.വി. വിജയകരമായി പരീക്ഷിച്ചു. സ്‌ക്രാംജെറ്റ് എഞ്ചിൻ ഉൾപ്പെടെയുള്ള വിക്ഷേപണ, ക്രൂയിസ് വാഹനത്തിന്റെ വിവിധ ഘടകങ്ങൾക്ക് നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങൾ നിരീക്ഷിച്ചു. ഒന്നിലധികം ട്രാക്കിംഗ് റഡാറുകൾ, ഇലക്ട്രോ-ഒപ്റ്റിക്കൽ സംവിധാനങ്ങൾ, ടെലിമെട്രി സ്റ്റേഷനുകൾ എന്നിവ വഴിയായിരുന്നു നിരീക്ഷണം.

ശേഷി തെളിയിക്കപ്പെട്ട സോളിഡ് റോക്കറ്റ് മോട്ടോർ ഉപയോഗിച്ചാണ് ഇത് വിക്ഷേപിച്ചത്. സോളിഡ് റോക്കറ്റ് മോട്ടോർ 30 കിലോമീറ്റർ ഉയരത്തിൽ എച്ച്.എസ്.ടി.ഡി.വി.യെ എത്തിച്ചു. അവിടെ വച്ച് ഹൈപ്പർസോണിക് മാക് വേഗത ആർജ്ജിക്കുകയും എയറോഡൈനാമിക് താപ കവചങ്ങൾ വേർപെടുകയും ചെയ്തു. വിക്ഷേപണ വാഹനത്തിൽ നിന്ന് വേർപെട്ട ക്രൂയിസ് വാഹനം, ആസൂത്രണം ചെയ്തതുപോലെ വായു സ്വീകരിച്ച് ജ്വലനം തുടരുകയും മുൻനിശ്ചയിക്കപ്പെട്ട വ്യോമ പാതയിൽ സഞ്ചരിക്കുകയും ചെയ്തു. ശബ്ദവേഗതയുടെ ആറിരട്ടി വേഗമാണ് കൈവരിച്ചത്. ■




> “തദ്ദേശീയമായി വികസിപ്പിച്ച സ്‌ക്രാംജെറ്റ് പ്രൊപ്പൽഷൻ സിസ്റ്റം ഉപയോഗിച്ച് ഹൈപ്പർസോണിക് ക്രൂയിസ് വാഹന സാങ്കേതിക വിദ്യ സ്വായത്തമാക്കുന്നതിൽ ഡി.ആർ.ഡി.ഒ. വിജയിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആത്മനിർഭർ ഭാരതമെന്ന ആശയം സാക്ഷാത്കരിക്കുന്നതിന് പ്രചോദനമാകുന്ന, സുപ്രധാന നേട്ടത്തിന് ഞാൻ ഡി.ആർ.ഡി.ഒ.യെ അഭിനന്ദിക്കുന്നു - രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്”

### എന്താണ് ഹൈപ്പർസോണിക് സാങ്കേതികവിദ്യ?

ഹൈപ്പർസോണിക് വേഗതയിൽ സഞ്ചരിക്കാൻ റോക്കറ്റുകളെയും മിസൈലുകളെയും പ്രാപ്തമാക്കുന്ന സാങ്കേതികവിദ്യയെ ഹൈപ്പർസോണിക് സാങ്കേതികവിദ്യ എന്ന് പറയുന്നു. ശബ്ദവേഗതയുടെ അഞ്ചിരട്ടിയിലധികം വേഗത (മാക് -5) ആണ് ഹൈപ്പർസോണിക് എന്ന് വിശേഷിപ്പിക്കപ്പെടുന്നത്. ഹൈപ്പർസോണിക് വേഗതയെ സൂപ്പർസോണിക് വേഗതയുടെ മെച്ചപ്പെട്ട ആർജ്ജിത വേഗമായും കണക്കാക്കപ്പെടുന്നു. ശബ്ദ വേഗത്തെ അധികരിക്കുന്ന ഏറ്റവും വേഗതയേറിയ യാത്രാ സംവിധാനമാണിത്. ഡിആർഡിഒ വിക്ഷേപിച്ച ഹൈപ്പർസോണിക് വാഹനം മാക്-6 വേഗത കൈവരിച്ചു.

### ഇന്ത്യക്ക് ഏതു വിധത്തിൽ പ്രയോജനം ചെയ്യും?

- റോക്കറ്റുകൾക്കും മിസൈലുകൾക്കും സാങ്കേതികവിദ്യ ഉപയോഗിക്കാം. ഈ സാങ്കേതികവിദ്യയുടെ പ്രയോഗം കുറഞ്ഞ സമയത്തിനുള്ളിൽ ലക്ഷ്യത്തിലെത്താൻ സഹായിക്കും
- റോക്കറ്റിന് അന്തരീക്ഷത്തിൽ വേണ്ടി വരുന്ന ഇന്ധനം ലാഭിക്കാൻ ഈ സാങ്കേതികവിദ്യ സഹായിക്കും. വാഹനത്തിന്റെ ഭാരം കുറയ്ക്കാൻ കഴിയും.

# ശുചിത്വ ഇന്ത്യയെന്ന സ്വപ്നം സാക്ഷാത്കരിക്കുന്നു

**10 കോടിയിലധികം ടോയ്‌ലറ്റുകളും 100 ശതമാനം വെളിയിട വിസർജ്ജന വിമുക്ത (ഒഡിഎഫ്) ഗ്രാമങ്ങളും മലിനീകരണ മുക്ത ഇന്ത്യയെന്ന വെല്ലുവിളി ഏറ്റെടുക്കാൻ രാജ്യം തയ്യാറാണെന്നതിന്റെ വ്യക്തമായ സൂചനയാണ്**




ശുചിത്വത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും സാർവത്രിക ശുചിത്വ പരിരക്ഷ നേടുന്നതിനുള്ള ശ്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി 2014 ഒക്ടോബർ 2 ന് സ്വച്ഛ് ഭാരത് ദൗത്യത്തിന് തുടക്കമിട്ടു. 2019 ഓടെ ഗ്രാമീണ മേഖലയെ വെളിയിട വിസർജ്ജന വിമുക്തമാക്കുകയെന്ന ലക്ഷ്യത്തോടെ രാജ്യവ്യാപക പ്രചാരണമായാണ് ഈ ദൗത്യം നടപ്പാക്കിയത്. സ്വഭാവരീതികളിലുള്ള പരിവർത്തനം, ഗാർഹിക ഉടമസ്ഥതയിലുള്ളതും സാമൂഹിക ഉടമസ്ഥതയിലുള്ളതുമായ ടോയ്‌ലറ്റുകളുടെ നിർമ്മാണം, ടോയ്‌ലറ്റ് നിർമ്മാണവും ഉപയോഗവും നിരീക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്നിവ ദൗത്യത്തിന്റെ ഭാഗമാണ്. ഗ്രാമീണ ഇന്ത്യയിൽ 100 മില്യണിലധികം ടോയ്‌ലറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കിക്കൊണ്ട് 2019 ഒക്ടോബർ 2 ന് രാജ്യം വെളിയിട വിസർജ്ജന വിമുക്തമെന്ന് (ഒഡിഎഫ്) പ്രഖ്യാപിച്ചതോടെ ഈ പദ്ധതി വൻ വിജയമായിത്തീർന്നു.

ഇപ്പോൾ, വീടുകളിൽ ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിന്റെയും പൊതു ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിന്റെയും വിജയ നിരക്ക് നഗര പ്രദേശങ്ങളിൽ ലക്ഷ്യം വച്ചതിനേക്കാൾ കൂടുതലാണ്. ഗാർഹിക ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിനുള്ള വിജയ നിരക്ക് 105 ശതമാനത്തിലെത്തി. സാമൂഹിക ടോയ്‌ലറ്റുകൾ, പൊതു ടോയ്‌ലറ്റുകൾ എന്നിവയുടെ കാര്യത്തിൽ ഇത് 117 ശതമാനം ലക്ഷ്യം കൈവരിച്ചു.

2019 ഒക്ടോബർ 2-ന് മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികം ആഘോഷിക്കുമ്പോൾ ഗ്രാമീണ ഭവനങ്ങളിൽ ടോയ്‌ലറ്റുകൾ നിർമ്മിച്ചുകൊണ്ട് ഇന്ത്യയെ മലിനീകരണ വിമുക്തമാക്കി മാറ്റണമെന്നും ഗ്രാമങ്ങളെ വെളിയിട വിസർജ്ജന വിമുക്തമാക്കി മാറ്റണമെന്നും (ഒ.ഡി.എഫ്) 2014 ഓഗസ്റ്റ് 15-ന് രാഷ്ട്രത്തെ അഭിസംബോധന ചെയ്തപ്പോൾ പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

പ്രധാനമന്ത്രിയുടെ ഈ ആഹ്വാനം ഇപ്പോൾ രാജ്യമെമ്പാടും ഒരു ബഹുജന പ്രസ്ഥാനമായി മാറിയിരിക്കുന്നു. ഇപ്പോൾ, ടോയ്‌ലറ്റുകൾ വൃത്തിയായി പരിപാലിക്കുന്ന ഗ്രാമങ്ങളെയും നഗരങ്ങളെയും ഒ.ഡി.എഫ്. പ്ലസ് എന്ന വിഭാഗത്തിൽ തരംതിരിക്കാനും സർക്കാർ ലക്ഷ്യമിടുന്നു. റെയിൽവേ ലൈനുകൾ വൃത്തിയായി സൂക്ഷിക്കുന്നതിന് ട്രെയിനുകളിൽ ബയോ ടോയ്‌ലറ്റുകളും ഏർപ്പെടുത്തിയിട്ടുണ്ട്.

ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക ലക്ഷ്യമിട്ട് ദേശീയ-അന്താരാഷ്ട്ര വേദികളിൽ തന്റെ സ്വതസിദ്ധമായ സജീവ സമീപനത്തിലൂടെ സ്വച്ഛ് ഭാരത് ദൗത്യത്തെക്കുറിച്ച് പ്രധാനമന്ത്രി എല്ലായ്പ്പോഴും പരാമർശിക്കുന്നു. സ്വച്ഛ് ഭാരത് ദൗത്യത്തിന്റെ വിജയവും അത് ഒരു വലിയ വിജയമാക്കി മാറ്റുന്നതിൽ രാജ്യത്തെ ജനങ്ങളുടെ പങ്കും സ്വാതന്ത്ര്യദിനാഘോഷവേളയിൽ ചെങ്കോട്ടയുടെ കൊത്തളങ്ങളിലായാലും അമേരിക്കയിൽ ഹൗഡി മോദി പരിപാടിയിലായാലും, പ്രധാനമന്ത്രി എപ്പോഴും പരാമർശിക്കുന്നു.

സ്വച്ഛ് ഭാരത് ദൗത്യത്തിൽ പൗരന്മാരുടെ പങ്കാളിത്തമുറപ്പിക്കുന്നതിനുള്ള മാതൃകകൾ സൃഷ്ടിക്കുന്നതിൽ എല്ലായ്പ്പോഴും പ്രധാനമന്ത്രി വിശ്വസിച്ചിരുന്നു. 2014 ഒക്ടോബർ 2 ന് ന്യൂഡൽഹിയിലെ വാൽമീകി സദനിൽ, ഒരു ചൂല് എടുത്ത് തെരുവ് വൃത്തിയാക്കിക്കൊണ്ടാണ് അദ്ദേഹം പ്രചാരണം ആരംഭിച്ചത്. അദ്ദേഹത്തെ പിന്തുടർന്ന് താരങ്ങളും സാധാരണക്കാരും പതിവായി പങ്കെടുക്കുന്ന തരത്തിലുള്ള ഒരു ജനകീയ പ്രസ്ഥാനമായി സ്വച്ഛ് ഭാരത് ദൗത്യം മാറി.

**ശുചിത്വ ഇന്ത്യയെക്കുറിച്ച് വിദേശ രാജ്യങ്ങളിൽ പോലും പരാമർശിക്കുന്നു**

കഴിഞ്ഞ 70 വർഷമെടുത്താൽ രാജ്യത്തെ ഗ്രാമീണ ശുചിത്വ നിരക്ക് 38.70 ശതമാനമെന്ന മോശം നിലയിലാണെന്ന് 2019 സെപ്റ്റംബർ 22ന് നടന്ന ഹൗഡി മോദി പരിപാടിയിൽ പ്രധാനമന്ത്രി പറഞ്ഞു. നിലവിലെ കേന്ദ്രസർക്കാർ അഞ്ച് വർഷത്തിനുള്ളിൽ 11 കോടിയിലധികം ടോയ്‌ലറ്റുകൾ നിർമ്മിക്കുകയും ഗ്രാമീണ ശുചിത്വം 99 ശതമാനത്തിൽ എത്തിക്കുകയും ചെയ്തു.





“ സ്വച്ഛ് ഭാരത് ദൗത്യത്തിന്റെ വിജയം എന്റേതല്ല. ഈ വിജയം ഞാൻ അവകാശപ്പെടുന്നുമില്ല. വിജയം ജനങ്ങളുടേതാണ്. 100 മഹാത്മാഗാന്ധിമാരോ 1000 നരേന്ദ്ര മോദിമാരോ ഒന്നിച്ചാലും ശുചിത്വ സ്വപ്നം സാക്ഷാത്കരിക്കാനാവില്ല. എന്നാലിപ്പോൾ ആ സ്വപ്നം എളുപ്പത്തിൽ സാക്ഷാത്കരിക്കാൻ കഴിയുമെന്ന് 125 കോടി ഇന്ത്യക്കാർ കാണിച്ചു തന്നു ”

**പ്രധാനമന്ത്രി നരേന്ദ്ര മോദി**

## വസ്തുതകൾ സംസാരിക്കുന്നു



| ● വീടുകളിലെ ടോയ്‌ലറ്റുകൾ | | ● പൊതു ടോയ്‌ലറ്റുകൾ | |
|---|---|---|---|
| ലക്ഷ്യം | 58,99,637 | ലക്ഷ്യം | 5,07,589 |
| നിർമ്മിച്ചത് | 62,16,114 | നിർമ്മിച്ചത് | 5,94,658 |
| ലക്ഷ്യമിട്ടതിന്റെ 105% | | ലക്ഷ്യമിട്ടതിന്റെ 117 % | |

- ദേശീയ പാത അതോറിറ്റിയുടെ 500 ടോയ്‌ലറ്റ് ബ്ലോക്കുകൾ ഉൾപ്പെടെ 290 നഗരങ്ങളിലെ 60,000 ലധികം ടോയ്‌ലറ്റ് ബ്ലോക്കുകൾ ഗൂഗിൾ മാപ്പിൽ കാണിച്ചിരിക്കുന്നു.
- സർക്കാർ ആരംഭിച്ച സ്വച്ഛത ആപ്പ് 1.55 കോടിയിലധികം പേർ ഡൗൺലോഡ് ചെയ്തു.

### സ്വച്ഛ് ഭാരത് ദൗത്യം (ഗ്രാമീണം)

- 2014 ഒക്ടോബർ 2 മുതൽ 10,65,56,165 ഗാർഹിക ടോയ്‌ലറ്റുകൾ നിർമ്മിച്ചു
- 6,03,177 വെളിയിട വിസർജ്ജന വിമുക്ത ഗ്രാമങ്ങൾ
- 2,62,736 വെളിയിട വിസർജ്ജന വിമുക്ത ഗ്രാമപഞ്ചായത്തുകൾ
- 706 വെളിയിട വിസർജ്ജന വിമുക്ത ജില്ലകൾ
- 36 വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാന–കേന്ദ്രഭരണ പ്രദേശങ്ങൾ

**വീടുകളിൽ ശൗചാലയം എങ്ങനെ വർദ്ധിച്ചു- IHHL (%)**

| | |
|---|---|
| ഒക്ടോബർ 2, 2014 | 38.7 |
| 2015-2016 | 50.85 |
| 2016-2017 | 64.92 |
| 2017-2018 | 84.19 |
| 2018-2019 | 98.28 |
| 2019-2020 | 100 |
| 2020-2021 | 100 |

### സ്വച്ഛ് ഭാരത് (നഗരം)

**വെളിയിട വിസർജ്ജന വിമുക്തം (നഗരം)**

| | |
|---|---|
| മൊത്തം നഗരങ്ങൾ **43,722** | **ODF+** സർട്ടിഫൈഡ് **1632 (37%)** |
| വെളിയിട വിസർജ്ജന വിമുക്തമായി പ്രഖ്യാപിച്ചത് **4323 (99%)** | **ODF++** സർട്ടിഫൈഡ് **489 (11%)** |
| സാക്ഷ്യപ്പെടുത്തിയ നഗരങ്ങൾ **4204 (96%)** | |

### മാലിന്യ വിമുക്ത 5 സ്റ്റാർ റേറ്റിങ്ങുള്ള നഗരങ്ങൾ

| സംസ്ഥാനം | ജില്ല | നഗരം |
|---|---|---|
| ഛത്തീസ്ഗഡ് | സർഗുജ | അംബികാപൂർ |
| ഗുജറാത്ത് | രാജ്കോട്ട് | രാജ്കോട്ട് |
| ഗുജറാത്ത് | സൂറത് | സൂറത് |
| കർണാടക, | മൈസൂർ | മൈസൂർ |
| മധ്യപ്രദേശ് | ഇൻഡോർ, | ഇൻഡോർ |
| മഹാരാഷ്ട്ര | താനെ | നവി മുംബൈ |

# സ്വച്ഛ് ഭാരത് ദൗത്യത്തെക്കുറിച്ച് പ്രധാനമന്ത്രിയുടെ വാക്കുകൾ

കഴിഞ്ഞ 6 വർഷവും ചുവപ്പുകോട്ടയിൽ നടത്തിയ പ്രസംഗങ്ങൾ ശ്രദ്ധിച്ചാൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെയും സർക്കാരിന്റെയും സ്വച്ഛ് ഭാരത് ദൗത്യത്തിനോടുള്ള പ്രതിബദ്ധത വ്യക്തമാക്കുന്ന പരാമർശങ്ങൾ കാണാം. പ്രസംഗ ശകലങ്ങൾ:

## 2020

ഗാന്ധിജിയുടെ 150 ആം ജന്മവാർഷികത്തിൽ ഇന്ത്യ സ്വന്തം ഗ്രാമങ്ങളെ വെളിയിട വിസർജ്ജനത്തിൽ നിന്ന് മോചിപ്പിച്ചു

## 2019

എനിക്ക് വിശ്വാസമുണ്ട്, 2019 ന്റെ തുടക്കത്തിലെ ഏതാനും ആഴ്ചകൾക്കുള്ളിൽ ഇന്ത്യ വെളിയിട വിസർജ്ജന വിമുക്തമെന്ന് പ്രഖ്യാപിക്കും. സംസ്ഥാനങ്ങൾ, ഗ്രാമങ്ങൾ, മുനിസിപ്പാലിറ്റികൾ, മാധ്യമങ്ങൾ, എല്ലാവരും ചേർന്ന് വെളിയിട വിസർജ്ജന വിമുക്ത ബഹുജന പ്രസ്ഥാനം ഏറ്റെടുത്തു

## 2018

2014 – ൽ ചെങ്കോട്ടയുടെ കൊത്തളങ്ങളിൽ ഞാൻ ശുചിത്വത്തെക്കുറിച്ച് സംസാരിച്ചപ്പോൾ ചിലർ കളിയാക്കി. ബാപ്പു തന്റെ ജീവിതകാലത്ത് സ്വാതന്ത്ര്യത്തേക്കാൾ ഒരു പക്ഷെ ശുചിത്വത്തിന് പ്രാധാന്യം നൽകിയിരുന്നു

## 2016

രാജ്യത്തെ ഗ്രാമങ്ങളിൽ സ്ത്രീകളുടെ ആത്മാഭിമാന സംരക്ഷണത്തെക്കുറിച്ചുള്ള പ്രചാരണം ഇന്ന് ഒരു പ്രധാന വിഷയമാണ്. വെളിയിടവിസർജ്ജനം അവസാനിപ്പിക്കണം

## 2015

2019 ൽ നാം മഹാത്മാഗാന്ധിയുടെ 150 ആം വാർഷികം ആഘോഷിക്കാൻ പോകുന്നു. ഗാന്ധിജിയുടെ 150 ആം ജന്മവാർഷികത്തിൽ നമുക്ക് അദ്ദേഹത്തിന് ശുചിത്വ ഭാരതം ആദരാഞ്ജലിയായി അർപ്പിക്കണം

## 2014

രാജ്യത്തെ എല്ലാ സ്കൂളുകളിലും പെൺകുട്ടികൾക്ക് പ്രത്യേക ടോയ്‌ലറ്റുകൾ ഉണ്ടായിരിക്കണം. അപ്പോൾ മാത്രമേ നമ്മുടെ പെൺമക്കൾ പഠനം പാതിവഴിയിൽ ഉപേക്ഷിക്കാൻ നിർബന്ധിതരാകാതിരിക്കുകയുള്ളൂ

### ഖരമാലിന്യ സംസ്കരണം

മാലിന്യമുണ്ടാകുന്നത് പ്രതിദിനം **14258 MT**

സംസ്കരണം പ്രതിദിനം **95,066 MT**

വീടുകൾ തോറുമുള്ള മാലിന്യ സമാഹാരണം **83,213** വാർഡുകൾ

മാലിന്യ രഹിത നഗര സൂചിക (സ്റ്റാർ റേറ്റിംഗ്)

| | |
|---|---|
| **1** - സ്റ്റാർ | **64** |
| **3** - സ്റ്റാർ | **86** |
| **5** - സ്റ്റാർ | **6** |

### സ്വച്ഛ് ഭാരത് ദൗത്യം പണം ലാഭിക്കുകയും, ജീവൻ സംരക്ഷിക്കുകയും, തൊഴിൽ സൃഷ്ടിക്കുകയും ചെയ്യുന്നതെങ്ങനെ?

- യുണിസെഫിന്റെ 2017 ലെ റിപ്പോർട്ട് അനുസരിച്ച്, ശുചിത്വം വർദ്ധിക്കുകയും വെളിയിട വിസർജ്ജന വിമുക്തമാകുകയും ചെയ്തതോടെ ഒരു കുടുംബത്തിന് ചികിത്സ ചെലവിനത്തിൽ ശരാശരി 50,000 രൂപ ലാഭിക്കാനാകുന്നു.
- 2018 ലെ ലോകാരോഗ്യ സംഘടനയുടെ റിപ്പോർട്ട് അനുസരിച്ച് ദൗത്യം 3 ലക്ഷം ജീവനുകൾ രക്ഷിച്ചു
- 2019 ലെ യുണിസെഫ് റിപ്പോർട്ട് അനുസരിച്ച് 2014 ഒക്ടോബറിനും ഫെബ്രുവരി 2019 നും ഇടയിൽ സ്വച്ഛ് ഭാരത് ദൗത്യം ഗ്രാമീണ ഇന്ത്യയിൽ 75.5 ലക്ഷം മുഴുവൻ സമയ തൊഴിലുകൾ സൃഷ്ടിച്ചു

### ഗ്ലോബൽ ഗോൾകീപ്പർ അവാർഡ്

സ്വച്ഛ് ഭാരത് ദൗത്യത്തിന്റെ വിജയത്തിന് ബിൽ ആൻഡ് മെലിൻഡ ഗേറ്റ്സ് ഫൗണ്ടേഷൻ, 2019 സെപ്റ്റംബറിൽ, ന്യൂയോർക്കിലെ ലിങ്കൺ സെന്റർ ഓഫ് പെർഫോമിംഗ് ആർട്സിൽ വച്ച് നടന്ന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഗ്ലോബൽ ഗോൾകീപ്പർ അവാർഡ് സമ്മാനിച്ചു. 50 കോടി ആളുകൾക്ക് ദൗത്യത്തിലൂടെ ആരോഗ്യ പരിരക്ഷ ലഭിച്ചെന്ന് ഫൗണ്ടേഷൻ വ്യക്തമാക്കി. ■

# മഹാമാരിക്കെതിരായ പ്രതിരോധം

**രോഗം വന്ന് ചികിത്സിക്കുന്നതിനേക്കാൾ വരാതിരിക്കുന്നതിനുള്ള മുൻകരുതലുകളാണ് കോവിഡ്-19 പ്രതിരോധത്തിൽ പ്രധാനം; ഉയരുന്ന രോഗമുക്തി നിരക്ക് ഇന്ത്യയുടെ പ്രതിരോധ നടപടികൾ വിജയമാണെന്ന സൂചന നൽകുന്നു**



ഒക്ടോബർ 15 ന് ആചരിച്ചു വരുന്ന ആഗോള കൈകഴുകൽ ദിനം കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഒരു അനിവാര്യതയായി മാറിയിരിക്കുന്നു. കൈ കഴുകൽ, ശുചിത്വം, മാസ്ക് ഉപയോഗം, 2 അടി സാമൂഹിക അകലം പാലിക്കൽ എന്നിവയിൽ ശ്രദ്ധയൂന്നിക്കൊണ്ട്, കൊറോണ മഹാമാരിക്കെതിരായ രാജ്യത്തിന്റെ വിജയകരമായ പോരാട്ടം വളരെ ഉയർന്ന തോതിലുള്ള ദൈനംദിന രോഗമുക്തി നിരക്കിലെത്തി നിൽക്കുന്നു. ക്രമാനുഗതമായ വർദ്ധനയിലൂടെ ഇന്ത്യയുടെ രോഗമുക്തി നിരക്ക് 2020 സെപ്റ്റംബർ 22 ന് 80.86 ശതമാനത്തിലെത്തി.

ഒരു ദിവസം ഏറ്റവും കൂടുതൽ രോഗമുക്തി സെപ്തംബർ 21, 2020ന് ഇന്ത്യ രേഖപ്പെടുത്തി. ഒരു ലക്ഷത്തിൽ കൂടുതൽ (1,01,468) പേർ അന്ന് രോഗമുക്തി നേടി. ഇതോടെ രോഗമുക്തി നേടിയവരുടെ എണ്ണം 45 ലക്ഷം അടുത്തു (44,97,867). രോഗമുക്തി നിരക്ക് 80.86% ആയി. ലോകത്ത് തന്നെ ഇന്ത്യ രോഗമുക്തിയുടെ കാര്യത്തിൽ ഒന്നാമതായി.

**'ഇ-സഞ്ജീവനി' വഴി 3 ലക്ഷം ടെലി-കൺസൾട്ടേഷനുകൾ**

കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ 'ഇ-സഞ്ജീവനി' ടെലിമെഡിസിൻ സേവനം 3 ലക്ഷം ടെലി-കൺസൾട്ടേഷനുകൾ പൂർത്തിയാക്കി. 2020 ഓഗസ്റ്റ് 9 ന് 'ഇ-സഞ്ജീവനി' പ്ലാറ്റ്ഫോം വഴി 1.5 ലക്ഷം കൺസൾട്ടേഷനുകൾ പൂർത്തിയായതിനോടനുബന്ധിച്ചുള്ള യോഗം കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രി ഡോ. ഹർഷവർധന്റെ അധ്യക്ഷതയിൽ ചേർന്നിരുന്നു. അതിനുശേഷമുള്ള ഒരു മാസത്തിനുള്ളിൽ 'ഇ-സഞ്ജീവനി' വഴിയുള്ള കൺസൾട്ടേഷനുകളുടെ എണ്ണം ഇരട്ടിയായി. ■

**44 ലക്ഷത്തിലധികം പേർ രോഗമുക്തി നേടി**

**കൊറോണയ്ക്കെതിരായ ഇന്ത്യയുടെ പോരാട്ടം**

**(2020 സെപ്റ്റംബർ 22 വരെ)**




**56,46,010 ആകെ രോഗബാധിതർ**

**രോഗമുക്തി നിരക്ക് 80.86%**

**44,97,867** രോഗികളെ സുഖപ്പെടുത്തി. **100** രോഗികളിൽ **80** പേർ സുഖം പ്രാപിക്കുന്നു. മരണ നിരക്ക് **1.59%**

സെപ്റ്റംബർ 21-ൽ **1,01,468** രോഗികൾ സുഖം പ്രാപിച്ചു.

സുഖം പ്രാപിച്ച രോഗികളിൽ 79% മഹാരാഷ്ട്ര, ആന്ധ്രപ്രദേശ്, കർണാടക, തമിഴ്നാട്, ഉത്തർപ്രദേശ്, ഒഡീഷ, കേരള, പശ്ചിമ ബംഗാൾ, പഞ്ചാബ്, ദില്ലി എന്നീ 10 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നിന്നുള്ളവരാണ്.

2020 മാർച്ച് മുതലുള്ള കാലയളവിൽ ഐസൊലേഷൻ കിടക്കകളിൽ **36.3** മടങ്ങ് വർദ്ധന. ഐ.സി.യു. കിടക്കകളിൽ **24.6%** വർദ്ധന

ഓക്സിജൻ സൗകര്യമുള്ള **2,31,093** കിടക്കകളും, വെന്റിലേറ്ററുള്ള **32,575** കിടക്കകളും ലഭ്യമാണ്.

(Figures till 22 September, Source: Ministry of Health)







# ജനങ്ങളെ ശാക്തീകരിക്കുന്നു

**സർക്കാർ ആരംഭിച്ച വിവിധ പദ്ധതികൾ രാജ്യമെമ്പാടുമുള്ള ജനങ്ങൾക്ക് വളരെയധികം പ്രയോജനം ചെയ്തു; ഇപ്പോൾ ഈ പദ്ധതികളുടെ നേട്ടങ്ങളെക്കുറിച്ച് അവർ തന്നെ സംസാരിക്കുന്നു**

## മുഹമ്മദ് ഷാഫിക്ക് പിഎംഎവൈ-ജി യുടെ കീഴിൽ വീട് ലഭിച്ചു




ഒരു വീട് വേണമെന്ന ആഗ്രഹം സാക്ഷാത്കരിക്കാൻ പ്രധാൻ മന്ത്രി ആവാസ് യോജന - ഗ്രാമീൺ (പിഎംഎവൈ-ജി) പലരെയും സഹായിച്ചു. ജമ്മു കശ്മീരിലെ പൂഞ്ച് ജില്ലയിലുള്ള മുഹമ്മദ് ഷാഫി അത്തരം ഒരു ഗുണഭോക്താവാണ്, "പിഎംഎവൈ-ജി പോലുള്ള പദ്ധതികൾ നടപ്പിലാക്കിയതിന്, പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഞാൻ നന്ദി രേഖപ്പെടുത്തുന്നു". പൂഞ്ച് ജില്ലയിലെ മൻകോട്ടെ താലൂക്കിൽ അര ഡസനിലധികം വീടുകൾ ഇതിനോടകം ഗുണഭോക്താക്കൾക്ക് കൈമാറിക്കഴിഞ്ഞു. മറ്റൊരു ഗുണഭോക്താവ് രുഖ്സാന കൗസർ പറയുന്നു, "ദുരിതപൂർണമായ ജീവിതം നയിക്കാൻ ഞങ്ങൾ നിർബന്ധിതരായിരുന്നു. പക്ഷേ ഇപ്പോൾ ഞങ്ങൾ സുഖമായി ജീവിക്കുന്നു". സ്വന്തമായി വീടില്ലാത്ത 2.25 കോടിയിലധികം ഗുണഭോക്താക്കൾക്ക് പ്രധാൻ മന്ത്രി ആവാസ് യോജനയുടെ കീഴിൽ വീടുകൾ നൽകിക്കഴിഞ്ഞു.

## ഐ.ഐ.ടി.ബോംബെയുടെ വെർച്വൽ ബിരുദദാന ചടങ്ങ് - ഒരു നവീന ആശയം

ജനോപകാരപ്രദമായ പുതിയ കണ്ടുപിടിത്തങ്ങൾ നടത്തണമെന്ന് ഐ.ഐ.ടി.- ബോംബെയുടെ 2018 ലെ ബിരുദദാന ചടങ്ങിൽ പങ്കെടുത്തപ്പോൾ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭ്യർത്ഥിച്ചിരുന്നു. അദ്ദേഹത്തിന്റെ അഭ്യർത്ഥന മാനിച്ച് ഐ.ഐ.ടി.- ബോംബെ പ്രവർത്തന നിരതമാവുകയും, കൊറോണ മഹാമാരിയുടെ കാലഘട്ടത്തിൽ സ്ഥാപനത്തിന്റെ പ്രശസ്തിക്ക് ചേർന്ന വണ്ണം ഒരു വെർചൽ ബിരുദദാന ചടങ്ങ് സംഘടിപ്പിക്കുകയും ചെയ്തു. വിശിഷ്ടാതിഥികളുടെ പ്രസംഗം, അതിഥികളുടെ സന്ദേശം, വിദ്യാർത്ഥികൾക്ക് ഡിഗ്രികൾ കൈമാറുന്നത് തുടങ്ങി എല്ലാം, സാധാരണ രീതിയിൽ നടക്കുന്നത് പോലെ തന്നെ വിർചൽ ആയി നടന്നു. ചടങ്ങിൽ പങ്കെടുത്ത ബ്ലാക്ക്സ്റ്റോൺ സി.ഇ.ഒ. സ്റ്റീഫൻ വാച്ച്മാനും നോബൽ സമ്മാന ജേതാവായ ഡങ്കൻ എം ഹാൽഡെയ്നും പറഞ്ഞു, "ലോകം മുഴുവൻ ഈ പരിപാടിയിൽ നിന്ന് പഠിക്കേണ്ടതുണ്ട്, കാരണം മാറുന്ന കാലഘട്ടത്തിൽ, ഇന്ത്യ നവീന ആശയങ്ങളുള്ള നവസംരംഭക ശക്തിയായി അവതരിക്കുന്നു".



## സർക്കാർ പദ്ധതികൾ മഹാമാരിയുടെ ഘട്ടത്തിൽ സഹായകമായി



മഹാമാരിയെക്കുറിച്ച് അറിയാതെ റാഞ്ചിയിലെ പുഷ്പ ചൗധരി ലോക്ക്ഡൗണിന് തൊട്ടുമുമ്പ് ജൻ-ധൻ അക്കൗണ്ട് തുറന്നു. അത് വലിയ അനുഗ്രഹമായി.അവർ പറയുന്നു, "മൂന്ന് മാസത്തേക്ക് 500 രൂപ വീതം ലഭിച്ചത്, എന്നെ സംബന്ധിച്ചിടത്തോളം വലിയ ആശ്വാസമായി". കൊറോണ മഹാമാരിയുടെ സമയത്ത് ജയ്പൂരിലെ മഹേന്ദ്ര സിംഗ് പ്രജാപതിക്ക് പ്രധാനമന്ത്രി സ്വനിധി പദ്ധതി പ്രകാരമുള്ള വായ്പ ലഭിച്ചു. കിസാൻ സമ്മാൻ നിധി പ്രകാരം ഒട്ടേറെ കർഷകർക്കും പ്രയോജനം ലഭിച്ചു. മഹാരാഷ്ട്രയിലെ അകോലയിൽ താമസിക്കുന്ന കർഷകനായ, ഹരിദാസ് പെഗം കൊറോണ സമയത്ത് പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധിയുടെ കീഴിൽ ലഭിച്ച പണം കീടനാശിനികളും കമ്പോസ്റ്റും വാങ്ങാൻ സഹായിച്ചതായി വ്യക്തമാക്കി. എല്ലാ ഗുണഭോക്താക്കളും പ്രധാനമന്ത്രിയോട് നന്ദി പ്രകാശിപ്പിക്കുകയാണ്.■



**Narendra Modi** @narendramodi ·
Pradhan Mantri Matsya Sampada Yojana will transform the fisheries sector. This scheme brings with it investments worth Rs. 20,050 crores, which is the highest ever in the history of the fisheries sector. PMMSY will add strength to the efforts of building an Aatmanirbhar Bharat.



**Rajnath Singh** @rajnathsingh ·
The induction of Rafale is a strong message for the world and especially for those who challenge India's sovereignty. The induction is a very important step in light of the prevailing security conditions that prevail, or I would say, that have been created along India's borders.



**Amit Shah** @AmitShah ·
To bring a transformational change in civil services, cabinet today approved #MissionKarmayogi. I thank PM @NarendraModi ji for this visionary reform. This holistic & comprehensive scheme will focus on individual aswell as institutional capacity building.



**Nitin Gadkari** @nitin_gad...
Under the leadership of PM Shri @narendramodi ji, Ministry of Road Transport and Highways has surpassed its target for construction of National Highways in the country During April to August this year. #PragatiKaHighway



**Dr Harsh Vardhan** @drharshv...
In India, a major focus has been on facilitating the development of #COVID19 vaccine. More than 30 vaccine candidates have been supported which are in different stages of development, 3 candidates are in advanced stage of Phase I/II/III trials.



**Santosh Gangwar** @santoshga...
सरकार प्रवासी मजदूरों का डेटाबेस बनाने पर काम कर रही है जिससे कि उन्हें विभिन्न कल्याणकारी योजनाओं का सीधा लाभ मिल सके। उनका कौशल निरूपण करना होगा और सरकार इस बारे में चिंतित है और चाहती हैं कि उन्हें उनकी दक्षता के अनुसार काम मिले।



PM: NEP nation's policy, not govt's

Modi says NEP needs to be implemented collectively as it lays emphasis on passion, practicality and performance

Amandeep Shukla

PM: E-delivery platform for street vendors in the works

Govt urges citizens to come forward for Covid-testing

PNS ■ NEW DELHI

World listening to India more, says PM

Modi says the media industry of the country needs to go global like other sectors

India tests scramjet tech for hypersonic missiles, is 4th in club

Rajat.Pandit@timesgroup.com

PM-Kisan norms eased for Covid, TN probes Rs 110 cr fraud, 18 held

ARUN JANARDHANAN
CHENNAI, SEPTEMBER 8

Tech holds key to scale up use of solar energy: PM

ENS ECONOMIC BUREAU
NEW DELHI, SEPTEMBER 8

PM launches Matsya Sampada Yojana, says scheme will double fish exports in 3-4 years

MODI LAUNCHES PROJECTS TO BOOST FISHERIES SECTOR, HAILS BIHAR CM NITISH

Vijay Swaroop

Modi, Abe may discuss future of bullet train project

India-Japan Summit likely later this week; date yet to be announced

RNI No. :
DELMAL/2020/78826
October: 1-15, 2020

# ന്യൂ ഇന്ത്യ സമാചാർ
Fortnightly

RNI Registered No. DELMAL/2020/78826, Delhi Postal License No DL (S)-1/3549/2020-22, WPP NO U (S)-97, posting at BPC, MEGHDOOT BHAWAN, NEW DELHI-110001 On 26-30 advance Fortnightly, New Delhi-3 (Publishing Date September 23, 2020, Pages 44)



സ്വാശ്രയത്വം എന്ന ആശയവും സ്വദേശി പ്രസ്ഥാനത്തിന്റെ ഭാഗമായുള്ള വിദേശ വസ്തുക്കളുടെ ബഹിഷ്കരണവും നമ്മുടെ സ്വാതന്ത്ര്യസമരത്തിൽ ശക്തമായ ആയുധങ്ങളായി മാറി. ചർക്കയ്ക്ക് വ്യാപകമായ പ്രചാരം ലഭിക്കുകയും ഖാദി ദേശീയ പ്രസ്ഥാനത്തിന്റെ ഊടും പാവുമായി മാറുകയും ചെയ്തു. സ്വാതന്ത്ര്യത്തിന്റെയും സ്വയംപര്യാപ്തതയുടെയും പ്രതീകമായാണ്, ഖാദിയെ ഗാന്ധിജി കണ്ടത്. കേന്ദ്ര സർക്കാരിന്റെ "മെയ്ക്ക് ഇൻ ഇന്ത്യ" പദ്ധതിയും, സ്വാശ്രയത്വത്തിനായുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ശക്തമായ ആഹ്വാനവും, സ്വദേശി എന്ന ആശയത്തിന്റെ ചൈതന്യം ഉൾക്കൊണ്ട മുന്നോട്ട് പോകുന്നവയാണ്.

.

"എന്നെ സംബന്ധിച്ചിടത്തോളം ഖാദി ഇന്ത്യൻ മാനവിക ഐക്യത്തിന്റെയും, സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെയും, സമത്വത്തിന്റെയും പ്രതീകമാണ്"

**മഹാത്മാ ഗാന്ധി**

**Published & Printed by:** **Satyendra Prakash**, DG, BOC on behalf of Bureau of Outreach and Communication

**Editor: Kuldeep Singh Dhatwalia**, PDG, PIB, New Delhi

Published from Bureau of Outreach and Communication, 2nd Floor, Soochna Bhawan, New Delhi -110003

**Printed at** Infinity Advertising services Pvt Ltd. FBD-One Corporate Park, 10th floor, New Delhi-Faridabad border, NH-1, Faridabad-121003

Malayalam Issue 7